പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിമൂന്നാമത് റിപ്പോർട്ട്
(2025 സെപ്റ്റംബർ 18ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നി ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് അടിസ്ഥാനമാക്കിയുള്ളത്]

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിമൂന്നാമത് റിപ്പോർട്ട്
(2025 സെപ്റ്റംബർ 18ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നി ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു വി. എ., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ എഴുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

കൊല്ലം ജില്ല

ഓഡിറ്റ് ഖണ്ഡിക

21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല - മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലുണ്ടായ പിഴവുകൾ

[ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]

നികുതി നികുതിയേതര വരവിനത്തിലും സർക്കാർ ഗ്രാന്റിനത്തിലും ഗ്രാമപഞ്ചായത്തിന് തൻ വർഷം ലഭിച്ച 21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ബാങ്കിൽ ഒടുക്കുവരുത്തുന്നതിൽ ആറുമാസം മുതൽ ഒന്നര വർഷം വരെ കാലതാമസം വരുത്തി വരുമാനത്തിന്റെ അക്കൗണ്ടിംഗ് നടപടികളിലും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തൽ ഉറപ്പാക്കുന്നതിലും സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റെയും ഭാഗത്ത് നിന്നുണ്ടായ ശ്രദ്ധക്കുറവ് ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാക്കിയിട്ടുണ്ട്.

ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭ്യമാകുന്ന തുക 500/- രൂപയിൽ അധികമാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തിദിവസമോ ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും ലഭിച്ച തുകകൾ പൂർണ്ണമായും ഒടുക്കുവരുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതും തകരാറുകൾ ഉണ്ടെങ്കിൽ

ഉടൻതന്നെ സെക്രട്ടറിയെ അറിയിക്കേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23, 26(2)(3) എന്നിവയിൽ വ്യക്തമാക്കിയിരിക്കെ 2017 മാർച്ച് മാസം മുതൽ 2018 മാർച്ച് മാസം വരെ ലഭ്യമായ ചെക്കുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും ആ സാമ്പത്തിക വർഷവും പിന്നിട്ട് 2018 ആഗസ്റ്റ് മാസം വരെ കൈവശം വയ്ക്കുകയും ബാങ്കിൽ സമർപ്പിക്കാതിരിക്കുകയും ചെയ്തു എന്നുള്ളത് വലിയ വീഴ്ചയാണ്. പിന്നീട് ഇവ റീവാലിഡേറ്റ് ചെയ്ത് ബാങ്കിൽ സമർപ്പിച്ചുവെങ്കിലും ഈ വിഷയം വേണ്ടത്ര ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് അധികാരികൾക്ക് കഴിഞ്ഞില്ല.

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി, പൊരുത്തപ്പെടുത്തൽ പത്രിക അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതാണെന്നും പ്രസ്തുത പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും അക്കൗണ്ട്സ് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017 ഏപ്രിൽ മാസം മുതൽ ബാങ്കിൽ നിക്ഷേപിക്കപ്പെടേണ്ട 21,30,906/- രൂപയുടെ വിവിധ ചെക്കുകളും ഡി.ഡി.കളും സാമ്പത്തിക വർഷാവസാനം പോലും കളക്ഷനുവേണ്ടി ബാങ്കിൽ സമർപ്പിക്കാതെയാണ് "Cheques deposited but not collected" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പൊരുത്തപ്പെടുത്തൽ പത്രികകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി 19.01.2019-ൽ നൽകിയ മറുപടിയിൽ അക്കൗണ്ടന്റിനോട് വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ വിശദീകരണം ആവശ്യപ്പെട്ടുവെന്നും ചെക്കുകളും ഡി.ഡി.കളും ബാങ്കിൽ സമർപ്പിക്കുന്നതിനുള്ള ചുമതല സീനിയർ ക്ലാർക്കിന് നല്കുകയും ചെയ്തുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അക്കൗണ്ടന്റിന് മെമ്മോ നൽകിയിരിക്കുന്നത് 14.6.2018 ലാണ്. ഓരോ മാസാന്ത്യത്തിലും വരുമാനവും ചെലവും അക്കൗണ്ട് റിക്കാർഡുകൾ പ്രകാരം പൊരുത്തപ്പെടുത്തുവാനും ഓരോ അർദ്ധ വർഷത്തിലും ലഭ്യമായ വരുമാനത്തെ രജിസ്റ്ററുകളും അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുത്തുവാനുമുള്ള നടപടികൾ സെക്രട്ടറി

സ്വീകരിക്കണമെന്നും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58-ൽ വ്യക്തമാക്കിയിരിക്കെ അത്തരം യാതൊരു നടപടികളും സെക്രട്ടറി സ്വീകരിച്ചിട്ടില്ലായെന്നും അക്കൗണ്ടിംഗിലെ അപാകതകൾ സെക്രട്ടറി അറിഞ്ഞത് സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിന് ശേഷമാണെന്നും അക്കൗണ്ടിംഗിലേയും ലഭ്യമായ തുകകളുടെ ഒടുക്കവരുത്തലിലേയും പിഴവുകൾ എക്സിക്യൂട്ടീവ് അധികാരിയുടെ ശ്രദ്ധയിൽപ്പോലും വരാത്തവിധം പിഴവാർന്ന മേൽനോട്ട സംവിധാനമാണ് ഗ്രാമപഞ്ചായത്തിൽ ഈ കാലയളവിൽ നിലനിന്നിരുന്നതെന്നും സെക്രട്ടറിയുടെ കത്തിൽ നിന്നുതന്നെ വ്യക്തമാകുന്നു.

2017-18-ൽ ലഭിച്ച ചെക്കുകളും ഡി.ഡി.കളും സാംഖ്യയിൽ വരവാക്കി എടുത്ത് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് ട്രഷറി/ബാങ്കുകളിൽ സമർപ്പിക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നുവെന്ന സെക്രട്ടറിയുടെ മറുപടിയെ സാധൂകരിക്കാവുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ പണമായും ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റുകൾ മുഖേനയും ലഭ്യമാകുന്ന തുകകൾ അന്നേ ദിവസമോ തൊട്ടടുത്ത ദിവസമോ ബാങ്കിൽ/ട്രഷറിയിൽ ഒടുക്കി സാക്ഷ്യപ്പെടുത്തിയ രസീതുകൾ സെക്രട്ടറിക്ക് ഹാജരാക്കണമെന്ന് 24.05.2017-ലെ ജി.ഒ.(ആർ.ടി)നം.1699/2017/എൽ.എസ്.ജി.ഡി. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിരിക്കെ അത്തരം നടപടികൾ സ്വീകരിക്കുകയോ സെക്രട്ടറി തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

സെക്രട്ടറി ഹാജരാക്കിയ രേഖകൾ പ്രകാരം, 7 ദിവസത്തിനകം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 14.06.2018-ൽ അക്കൗണ്ടന്റിന് നൽകിയ നോട്ടീസിന് 13.09.2018-ൽ ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ട്സുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും 17.09.2018 ന് ഓഡിറ്റിൽ ഹാജരാക്കാമെന്ന വിശദീകരണമാണ് നൽകിയിട്ടുള്ളത്.

04/17 മുതൽ 12/17 വരെയുള്ള കാലയളവിൽ ക്യാഷ്ബുക്കും ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല എന്ന് പെർഫോമൻസ് ഓഡിറ്റ്

വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്മേൽ പഞ്ചായത്ത് യാതൊരു തുടർപരിശോധനയും നടത്തിയിട്ടില്ല.

അക്കൗണ്ടിംഗിലെയും ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റുകൾ ഒടുക്ക് വരുത്തുന്നതിലേയും പിഴവുകൾ സംബന്ധമായ പ്രത്യേക റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം തുടർനടപടികൾക്കായി ഭരണ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ഭരണ വകുപ്പിന്റെ നടപടികളെ ആധാരമാക്കിയുള്ള തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ബാങ്കിൽ/ട്രഷറിയിൽ ഒടുക്കാതെ കൈവശം വയ്ക്കുകയും തുടർന്ന് റീവാലിഡേറ്റ് ചെയ്ത് സമർപ്പിക്കുകയും ചെയ്ത ചെക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീത് നം. /തീയതി	വരവിനം	തുക (₹)	ചെക്ക് നം./ തീയതി	റിവാലിഡേറ്റ് തീ/ പുതിയ ചെക്ക് ലഭിച്ച് തീ	ബാങ്കിൽ വരവ് വന്ന തീയതി
1.	117020400002/ 4.7.17	വാടക	3,654	1089143/ 4.7.17	29.8.18	30.8.18
2.	117020500008/ 23.8.17	തൊഴിൽ നികുതി	1,250	169987/ 23.8.17	361404/5.10.18	11.10.18
3.	117020500011/ 30.8.17	തൊഴിൽ നികുതി	23,500	086245/ 30.8.17	28.8.18	13.9.18
4.	117020500012/ 30.8.17	കശാപ്പുശാല രസീത്	2,00,000	678911/ 30.8.17	Transfer credit	8.10.18
5.	117020500009/ 29.8.17	തൊഴിൽ നികുതി	2,500	6251240/ 29.8.17	30.8.18	30.8.18
6.	117020500010/ 29.8.17	തൊഴിൽ നികുതി	1,250	6251240/ 29.8.17	30.8.18	30.8.18
7.	117020500013/ 4.7.17	തൊഴിൽ നികുതി	74,000	378353/ 30.8.17	5.9.18	6.9.18
8.	117020400005/ 31.8.17	തൊഴിൽ നികുതി	1,250	824896/ 31.8.17	28.8.18 RTGS	28.8.18
9.	117020400006/ 31.8.17	തൊഴിൽ നികുതി	4,750	824897/ 31.8.17	28.8.18 RTGS	28.8.18

10.	117020400007/ 31.8.17	തൊഴിൽ നികുതി	1,250	560324/ 31.8.17	560647/ 23.8.18	30.8.18
11.	117020400008/ 4.7.17	തൊഴിൽ നികുതി	9,750	560327/ 31.8.17	560647/ 23.8.18	30.8.18
12.	117020400009/ 31.8.17	ബി ഫണ്ട്	7,99,920	400645/ 31.8.17	28.8.18 RTGS	28.8.18
13.	117020500014/ 31.8.17	തൊഴിൽ നികുതി	14,500	027066/ 31.8.17	29.8.18 RTGS	29.8.18
14.	117020500015/ 31.8.17	തൊഴിൽ നികുതി	1,250	027065/ 31.8.17	29.8.18 RTGS	29.8.18
15.	117020500016/ 7.9.17	തൊഴിൽ നികുതി	1,250	5243561/ 7.9.17	23.8.18	23.8.18
16.	117020500017/ 4.7.17	തൊഴിൽ നികുതി	13,250	5243561/ 7.9.17	23.8.18	23.8.18
17.	117020500018/ 8.9.17	തൊഴിൽ നികുതി	5,000	100408/ 8.9.17	Transfer credit	20.3.18
18.	117020500019/ 8.9.17	തൊഴിൽ നികുതി	1,250	100397/ 8.9.17	Transfer credit	20.3.18
19.	117020500021/ 11.9.17	തൊഴിൽ നികുതി	1,12,500	7040314/ 11.9.17	29.8.18	29.8.18
20.	117020500023/ 11.9.17	തൊഴിൽ നികുതി	1,250	6635288/ 11.9.17	30.8.18	30.8.18
21.	117020500024/ 11.9.17	തൊഴിൽ നികുതി	2,500	6635289/ 11.9.17	30.8.17	30.8.17
22.	117020500025/ 15.9.17	തൊഴിൽ നികുതി	5,000	789236/ 15.9.17	23.8.18	30.8.18
23.	117020500026/ 15.9.17	തൊഴിൽ നികുതി	1,250	789234/ 15.9.17	23.8.18	30.8.18
24.	11702040010/ 11.9.17	തൊഴിൽ നികുതി	6,630	000107/ 11.9.17	Transfer credit	28.8.18
25.	117020500028/ 15.9.17	തൊഴിൽ നികുതി	65,000	9465729/ 15.9.17	23.8.18 Transfer credit	23.8.18
26.	117020500029/ 25.9.17	തൊഴിൽ നികുതി	1,250	378379/ 25.9.17	5.9.18	6.9.18
27.	92174100083/ 11.10.17	തൊഴിൽ നികുതി	23,590	240366/ 11.10.17	402341/ 29.8.18	30.8.18
28.	92174100085/ 11.10.17	തൊഴിൽ നികുതി	1,250	240367/ 11.10.17	402342/ 29.8.18	30.8.18

29.	117020400011/ 25.9.17	തൊഴിൽ നികുതി	9,750	722258/ 25.9.17	28.8.18	28.8.18
30.	117020400012/ 25.9.17	തൊഴിൽ നികുതി	1,250	722259/ 25.9.18	28.8.18	28.8.18
31.	117110400002/ 1.11.17	തൊഴിൽ നികുതി	1,250	636529/ 1.11.17	137139/ 1.9.18	3.9.18
32.	117110500005/ 19.12.17	കെട്ടിട നികുതി	97,243	115178/ 19.12.17	005954/ 27.9.18	3.10.18
33.	117110500007/ 19.12.17	കെട്ടിട നികുതി	51,639	002425/ 19.12.17	0055944/ 26.9.18	6.10.18
34.	117110500008/ 22.12.17	കെട്ടിട നികുതി	18,658	2384200/ 22.12.17	18.9.18	18.9.18
35.	117110500036/ 11.1.18	കെട്ടിട നികുതി	15,876	785329/ 11.1.18	5.9.18	6.9.18
36.	117110500037/ 31.1.18	യുവജന പ്രോഗ്രാം ഓഫീസറിൽ നിന്നും ലഭിച്ച ഫണ്ട്	20,000	063650/ 31.1.18	894713/ 31.8.18	31.8.18
37.	117110400003/ 5.2.18	തൊഴിൽ നികുതി	1,250	824952/ 5.2.18	RTGS 28.8.18	28.8.18
38.	117110400004/ 5.2.18	തൊഴിൽ നികുതി	6,000	824951/ 5.2.18	RTGS 28.8.18	28.8.18
39.	117110400005/ 7.2.18	തൊഴിൽ നികുതി	1,250	726546/ 7.2.18	Transfer credit	28.8.18
40.	117110400006/ 7.2.18	തൊഴിൽ നികുതി	10,000	726546/ 7.2.18	Transfer credit	28.8.18
41.	117110500039/ 7.2.18	തൊഴിൽ നികുതി	3,750	5243851/ 7.2.18	29.8.18	3.9.18
42.	117110500040/ 9.2.18		4,124	785363/ 9.2.18	5.9.18	6.9.18
43.	117110400007/ 12.2.18	തൊഴിൽ നികുതി	8,750	560469/ 12.2.18	RTGS 30.8.18	30.8.18
44.	117110400008/ 12.2.18	തൊഴിൽ നികുതി	1,250	560473/ 12.2.18	RTGS 30.8.18	30.8.18
45.	117110500041/ 12.2.18	തൊഴിൽ നികുതി	12,500	636282/ 12.2.18	Transfer credit	5.9.18
46.	117110400009/ 12.2.18	തൊഴിൽ നികുതി	1,250	636282/ 12.2.18	Transfer credit	5.9.18

47.	117110500042/ 15.2.18	തൊഴിൽ നികുതി	26,050	321217/ 15.2.18	30.8.18	30.8.18
48.	117110500043/ 12.2.18	തൊഴിൽ നികുതി	1,250	321218/ 15.2.18	30.8.18	30.8.18
49.	117110500044/ 16.2.18	കേന്ദ്ര ഫണ്ട് സി ഡി പി ഒ	44,663	480915/ 16.2.18	29.8.18	3.9.18
50.	117110500045/ 21.2.18	തൊഴിൽ നികുതി	16,250	388596/ 21.2.18	388596/ 28.8.18	13.9.18
51.	117110400010/ 21.2.18	തൊഴിൽ നികുതി	1,250	388593/ 21.2.18	388593/ 28.8.18	13.9.18
52.	117110500046/ 21.2.18	തൊഴിൽ നികുതി	78,000	785374/ 21.2.18	785374/ 5.9.18	6.9.18
53.	117110400011/ 22.2.18	തൊഴിൽ നികുതി	13,750	623290/ 22.2.18	623290/ 1.9.18	3.9.18
54.	117110400012/ 22.2.18	തൊഴിൽ നികുതി	1,250	136768/ 22.2.18	136768/ 1.9.18	3.9.18
55.	117110400013/ 27.2.18	തൊഴിൽ നികുതി	5,000	569714/ 27.2.18	569714/ 29.8.18	30.8.18
56.	117110400014/ 27.2.18	തൊഴിൽ നികുതി	1,250	569713/ 27.2.18	569713/ 29.8.18	30.8.18
57.	117110500047/ 28.2.18	തൊഴിൽ നികുതി	15,000	5596076/ 28.2.18	5596076/ 29.8.18	1.9.18
58.	117110200001/ 28.2.18	തൊഴിൽ നികുതി	2,950	6635294/ 28.2.18	6635294/ 29.8.18	30.8.18
59.	117110500048/ 28.2.18	തൊഴിൽ നികുതി	15,750	039194/ 28.2.18	29.8.18 RTGS	29.8.18
60.	117110500049/ 28.2.18	തൊഴിൽ നികുതി	1,250	039193/ 28.2.18	29.8.18 RTGS	29.8.18
61.	117110200002/ 28.2.18	തൊഴിൽ നികുതി	14,500	6379482/ 28.2.18	6379482/ 23.8.18	23.8.18
62.	117110500050/ 1.3.18	കെട്ടിട നികുതി	1,250	391929/ 1.3.18	Under prosecution	-
63.	117110400015/ 2.3.18	തൊഴിൽ നികുതി	6,250	667755/ 2.3.18	30.8.18 Transfer credit	30.8.18
64.	117110400016/ 2.3.18	തൊഴിൽ നികുതി	1,250	667758/ 2.3.18	30.8.18 Transfer credit	30.8.18

65.	117110500053/ 9.3.18	തൊഴിൽ നികുതി	18,750	123785/ 9.3.18	123785/ 26.9.18	26.9.18
66.	117110200003/ 14.3.18	തൊഴിൽ നികുതി	65,000	9465735/ 14.3.18	9465735/ 23.8.18	23.8.18
67.	117110500054/ 17.3.18	തൊഴിൽ നികുതി	11,250	6295588/ 17.3.18	6295588/ 29.8.18	30.8.18
68.	117110400017/ 19.3.18	തൊഴിൽ നികുതി	5,200	000159/ 19.3.18	30.8.18 Transfer credit	30.8.18
69.	117110500055/ 19.3.18	കെട്ടിട നികുതി	20,407	122845/ 19.3.18	6.9.18 Transfer credit	6.9.18
70.	117110500056/ 20.3.18	വാടക	3,654	1089151/ 20.3.18	1089151/ 29.8.18	30.8.18
71.	117110500057/ 23.3.18	തൊഴിൽ നികുതി	1,250	2151446/ 23.3.18	2151446/ 3.9.18	5.9.18
72.	117110500058/ 24.3.18	തൊഴിൽ നികുതി	3,250	1990756/2 4.3.18	1990756/ 5.9.18	5.9.18
73.	117110500059/ 24.3.18	തൊഴിൽ നികുതി	58,500	8824833/ 24.3.18	8824833/ 29.8.18	30.8.18
74.	117110200004/ 27.3.18	വാടക	20,648	1089152/ 27.3.18	1089152/ 29.8.18	30.8.18
75.	117110400018/ 31.3.18	തൊഴിൽ നികുതി	1,250	093450/ 31.3.18	093450/ 5.9.18	6.9.18
76.	117110500061/ 31.3.18	തൊഴിൽ നികുതി	9,250	156602/ 31.3.18	156602/ 29.8.18	30.8.18
77.	117110400019/ 31.3.18	തൊഴിൽ നികുതി	5,000	093380/ 31.3.18	093380/ 5.9.18	6.9.18
78.	117110500062/ 31.3.18	Festival advance	15,000	112322/ 31.3.18	112322/ 30.8.18	31.8.18
ആകെ			**21,30,906**			

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും/ശിപാർശകളും

2. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ചെക്കുകളും ഡി.ഡിയും ബാങ്കിൽ സമർപ്പിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചു.

[കുന്നത്തൂർ ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3)

നിർവഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി
പ്രോജക്ട് നം./ പേര്	41/18, കുടുംബശ്രീ യൂണീറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ
അടങ്കൽ തുക	3,75,000/-രൂപ (വികസനഫണ്ട് ജനറൽ)
ചെലവഴിച്ച തുക	3,75,000/- രൂപ (ബിൽ നം. 6/16-2-18 തുക 2,50,000/- രൂപ, ബിൽ നം. 8/21-2-18, 1,25,000/-രൂപ

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി 15 കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡിയിനത്തിൽ യൂണിറ്റൊന്നിന് 25,000/- രൂപ നിരക്കിൽ 3,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (G.O(MS) 80/17/ LSGD dated 03.04.17) ഖണ്ഡിക 06.01.2012 ൽ സംരംഭകർക്ക് സബ്സിഡി നല്കുന്നത് സുസ്ഥിര

വികസനത്തിന് കാര്യക്ഷമമായ പിന്തുണ നല്കാത്തതിനാൽ സബ്സിഡിയായി തുക നല്കുന്നതല്ലെന്നും ഖണ്ഡിക 6.2.1 ൽ സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തി റിവോൾവിംഗ് ഫണ്ടായി നല്കണമെന്നും ഇത് പ്രതിമാസ തവണകളായി ഈ ആവശ്യത്തിന് നിർവഹണോദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീക്ലപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഖണ്ഡിക 6.2.2 ൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ മേൽപ്രകാരം വ്യക്തമാക്കിയിരിക്കെ അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അംഗീകരിക്കത്തക്കതല്ല. റിവോൾവിംഗ് ഫണ്ടായി തുക നല്കിയെന്നാണ് മറുപടി നല്കിയിട്ടുള്ളത്.

കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ-പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ

(a) സബ്സിഡി തുക കൈമാറി ഒരു വർഷത്തോളമായിട്ടും 2 കുടുംബശ്രീ യൂണിറ്റുകൾക്ക് തുക ലഭ്യമായിട്ടില്ല - മേൽ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ മുഴുവൻ തുകയും ട്രഷറി മുഖേന 25,000/- രൂപ വീതം 15 കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഐശ്വര്യ കുടുംബശ്രീ യൂണിറ്റ് - വാർഡ് 5, മഹിമ കുടുംബശ്രീ യൂണിറ്റ് - വാർഡ് 17 എന്നിവയ്ക്ക് നാളിതുവരെ തുക ലഭിച്ചിട്ടില്ല. (ബിൽ ബുക്ക് പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് 16.02.2018 ൽ).

(b) സംരംഭങ്ങൾ ആരംഭിക്കാതെ തന്നെ സബ്സിഡി തുക കൈമാറി - മേൽ പദ്ധതി വഴി സബ്സിഡി നൽകിയ 15 കുടുംബശ്രീ യൂണിറ്റുകളും അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന പ്രോജക്ട് പ്രൊപ്പോസൽ പ്രകാരമുള്ള സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിക്കുകയോ ചില ഗ്രൂപ്പുകൾ ബാങ്ക് ലോണെടുക്കുകയോ ചെയ്തിട്ടില്ലെന്ന് കുടുംബശ്രീ ഗ്രൂപ്പുകളെ നേരിൽ കണ്ട് ബാങ്ക്

പാസ്സ് ബുക്കുകളും മറ്റും പരിശോധിച്ചതിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു പ്രോജക്റ്റ് പ്രൊപ്പോസൽ പ്രകാരമുള്ള സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലെന്നും ഇതുവരെ തുടർന്ന് വന്നിരുന്ന പ്രവർത്തനങ്ങൾ സ്വന്തം വീട്ടിലോ ഗ്രൂപ്പ് അംഗങ്ങളിൽ ആരുടെയെങ്കിലും വീട്ടിലോ നടത്തുന്നുണ്ടെന്നുമാണ് അറിയിച്ചത്.

സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനം അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സംരംഭകർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ നല്കി രജിസ്റ്റർ ചെയ്യണമെന്നും സംരംഭകർ ബാങ്ക് ലോൺ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തദ്ദേശഭരണ അനുമതികളും മറ്റ് ലൈസൻസുകളും ലഭ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപെട്ട് സംരംഭകരുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ റിവോൾവിംഗ് ഫണ്ട് നല്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്.

റിവോൾവിംഗ് ഫണ്ട് നല്കുന്നതിനുപോലും മേൽ മാനദണ്ഡങ്ങൾ പാലിക്കണമെന്നിരിക്കെ മേൽ സൂചിപ്പിച്ച യാതൊരു പ്രവർത്തനങ്ങളും നടത്താത്ത ഗ്രൂപ്പുകൾക്ക് ഒരു പരിശോധനയും കൂടാതെ സബ്സിഡിയായി തുക നല്കിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/19-1-19) മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 3,75,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നതായും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. കുന്നത്തൂർ ഗ്രാമപഞ്ചായത്ത് 2017-18-ലെ റിവോൾവിങ് ഫണ്ട് 15 കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടുകളിലേക്ക് 25,000/-രൂപ വീതം ആകെ 3,75,000/-രൂപ കൈമാറിയിരുന്നുവെന്നും അതിൽ മൂന്ന് യൂണിറ്റുകളിലെ അക്കൗണ്ട് നമ്പറിലെ പിശക് പരിഹരിക്കാത്തതിനാൽ 75000/-രൂപ സോഴ്സ് ഹെഡിലേയ്ക്ക് വരവ് വെച്ചിട്ടുണ്ടെന്നും 12 യൂണിറ്റുകളിൽ നിന്നും 3 ലക്ഷം രൂപ ഈടാക്കുന്നതിനായി നോട്ടീസ് നൽകുകയും 6 യൂണിറ്റുകൾ 1,50,000/-രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും 6 യൂണിറ്റുകൾ കൂടി തുക തിരിച്ചടക്കാനുണ്ടെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡിയായാണോ തുക നൽകിയതെന്ന് സമിതി ആരാഞ്ഞതിന് പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം 25,000/-രൂപ വീതം റിവോൾവിങ് ഫണ്ട് ആയിട്ടാണ് നൽകിയിരിക്കുന്നതെന്ന് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശത്തിൽ സബ്സിഡി എന്നാണ് പറഞ്ഞിട്ടുള്ളതെന്നും കുടുംബശ്രീയിൽ രജിസ്ട്രേഷനില്ലാത്ത യൂണിറ്റുകൾക്കും തുക നൽകിയിട്ടുണ്ടെന്നും സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2017-18-ൽ 15 യൂണിറ്റുകൾക്കാണ് തുക നൽകിയതെന്നും ചില യൂണിറ്റുകൾ രജിസ്ട്രേഷൻ പുതുക്കിയിരുന്നില്ലെന്നും പ്രസ്തുത വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ചെറിയ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

4. സംരംഭം ആരംഭിക്കാത്ത 8 യൂണിറ്റുകളും കൈപ്പറ്റിയ 25,000/-രൂപ വീതം 18 ശതമാനം പലിശ സഹിതം തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ട് 02.08.2024 നാണ് നോട്ടീസ് നൽകിയിരിക്കുന്നതെന്ന് സമിതി വ്യക്തമാക്കി. ഓഡിറ്റ് പരാമർശ കാലത്തുണ്ടായിരുന്ന പഞ്ചായത്ത് സെക്രട്ടറി ശരിയായ രീതിയിലല്ല കരാർ നടപ്പിലാക്കിയിരിക്കുന്നതെന്നും നിയമാനുസരണം തുക ഈടാക്കാൻ കഴിയില്ലെന്നും തുക തിരിച്ചടപ്പിക്കുന്നതിനായി ഭരണ സമിതി അംഗങ്ങളുടെ സഹായത്തോടെ എല്ലാ യൂണിറ്റുകളിലും പോയിരുന്നുവെന്നും 6 യൂണിറ്റുകൾ 1,50,000/-രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 6 യൂണിറ്റുകളും ഉടൻതന്നെ തുക തിരികെ അടക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

5. നിലവിൽ പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 4 യൂണിറ്റുകളിൽ മാത്രമേ സംരംഭമുള്ളൂവെന്ന് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കുടുംബശ്രീ യൂണിറ്റുകൾ തുക എന്തിനാണ് ചെലവഴിച്ചതെന്ന് സമിതി ആരാഞ്ഞതിന് കുടുംബശ്രീ യൂണിറ്റുകൾ ലോൺ എടുത്തിരുന്നുവെന്നും അന്ന് സംരംഭങ്ങൾ ഉള്ളതായിട്ടാണ് റിപ്പോർട്ട് ചെയ്തിരുന്നതെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. റിവോൾവിങ് ഫണ്ട് തിരിച്ചടക്കേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് 4 വർഷത്തിനുള്ളിൽ തിരിച്ചടക്കേണ്ടതാണെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ശരിയായ രീതിയിലുള്ള കരാർ വെച്ചിട്ടില്ലേയെന്ന് സമിതി ആരാഞ്ഞതിന് മുദ്രപത്രത്തിൽ രസീതിന്റെ മാതൃകയിൽ എഴുതിവെച്ചിട്ടേയുള്ളൂവെന്നും തുക ഈടാക്കാൻ കഴിയുന്നതാണെന്നും കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുക തിരിച്ചടയ്ക്കുവാനുള്ള 6 യൂണിറ്റുകളിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്നും വിശദമായ മറുപടി ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി നിർദേശിച്ചു.

6. ആരോപണ വിധേയനായ പഞ്ചായത്ത് സെക്രട്ടറി സർവീസിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ടിയാൻ 31.05.2019-ൽ റിട്ടയർ ചെയ്തതായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. സമിതി പരിഗണിക്കുന്ന ഓഡിറ്റ് പരാമർശങ്ങളിൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തെന്നോ മരണപ്പെട്ടെന്നോ ഉള്ള മറുപടിയാണ് പലപ്പോഴും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്നതെന്നും ഓഡിറ്റ് തടസ്സം നിലനിൽക്കുമ്പോൾ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന നടപടി ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. റിട്ടയർമെന്റ് മുൻകൂട്ടി അറിയാവുന്ന സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും സമിതി നിർദേശം എല്ലാ വകുപ്പ് തലവന്മാരെയും അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

7. പ്രസ്തുത വിഷയം സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ കൊണ്ടുവരണമെന്നും അതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്നും സമിതി തീരുമാനിച്ചു

8. 2018 -19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക 1.2(a), (b) എന്നിവയിൽ പരാമർശിക്കപ്പെട്ട 12 കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഈടാക്കിയ 3,00,000/- രൂപ 11.09.2024-ൽ ശാസ്താംകോട്ട സബ് ട്രഷറിയിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട വിവരം 20.01.2025-ൽ ഡി.കെ.എസ്.എ/1790/സെവ. സെൽ.ജി2/24 കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. പ്രസ്തുത മറുപടി 09.04.2025ാം തീയതിയിലെ യോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും വകുപ്പിന്റെ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. (ഓഡിറ്റ് വകുപ്പിന്റെ മറുപടി അനുബന്ധം III ആയി ചേർത്തിരിക്കുന്നു.)

നിഗമനങ്ങളും/ശിപാർശകളും

09. കുടുംബശ്രീയിൽ രജിസ്ട്രേഷൻ ഇല്ലാത്ത യൂണിറ്റുകൾക്ക് സബ്സിഡി തുക നൽകിയതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചിരുന്നു. കുറ്റാരോപണ വിധേയനായ നിർവഹണ ഉദ്യോഗസ്ഥൻ സർവ്വീസിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 31.05.2019 ൽ റിട്ടയർ ചെയ്തതായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ മറുപടി നൽകുകയുണ്ടായി. സമിതി പരിഗണിക്കുന്ന ഓഡിറ്റ് പരാമർശങ്ങളിൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്ന് വിരമിച്ചെന്നോ മരണപ്പെട്ടെന്നോ ഉള്ള മറുപടിയാണ് പലപ്പോഴും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്നതെന്നും ഓഡിറ്റ് തടസ്സം നിലനിൽക്കുമ്പോൾ വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. നൽകുന്ന നടപടി ശരിയല്ലെന്നും സമിതി വിലയിരുത്തുന്നു. റിട്ടയർമെന്റ് മുൻകൂട്ടി അറിയാമായിരുന്ന സാഹചര്യത്തിൽ കുറ്റാരപണ വിധേയരായ ഉദ്യാഗസ്ഥർക്ക് എൻ. എൽ. സി നൽകുന്ന വിഷയത്തിൽ ജാഗ്രത ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. മൈക്രോ സംരഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ടായി 15 കുടുംബശ്രീ യൂണിറ്റുകൾക്ക് തുക കൈമാറിയതിൽ തുക തിരികെ അടയ്ക്കുവാനുള്ള 12 യൂണിറ്റുകൾ കൂടി തുക അടവാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്ന ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കണക്ടിവിറ്റി ഇല്ലാത്ത റോഡിൽ ഇന്റർലോക്കിംഗ് നടത്തിയത് സംബന്ധിച്ച്
[തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ റോഡുകളിൽ ഇന്റർലോക്കിംഗ് നടത്തിയതിന് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഏതാനും സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്കുള്ള റോഡുകളിലാണ് പ്രസ്തുത ഇന്റർലോക്കിംഗ് നടത്തിയിട്ടുള്ളതെന്നും റോഡ് കണക്ടിവിറ്റി ഇല്ലാത്ത റോഡുകളാണിവയെന്നും ബോധ്യപ്പെട്ടിട്ടുണ്ട് (സ്ഥല പരിശോധന റിപ്പോർട്ട് തീയതി 26.07.2018). വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ചെലവഴിച്ച തുക	ബിൽ നം.
1.	119/18-നിയർ നോർത്ത് സൈഡ് ഓഫ് ലൈബ്രറി - ചിറ റോഡ് ഇൻറർലോക്കിംഗ്	2,95,822/-	72/03.03.2018
2.	147/18-പേക്കാട്ട് -ഇറ റോഡ് ഇന്റർലോക്കിംഗ്	1,67,283/-	102/23.03.2018
3.	118/18- ഡീസന്റ് ജം. - ചിറ റോഡ് ഇന്റർലോക്കിംഗ്	4,24,490/-	83/09.03.2018
4.	86/18- സ്കൂൾ ജം. -മേലേപ്പുര റോഡ് ഇന്റർലോക്കിംഗ്	1,88,503/-	53/27.01.2018

ഒരു വശത്തേക്ക് മാത്രമാണ് റോഡ് കണക്ടിവിറ്റി ഉള്ളതെന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതുകൊണ്ടും ഗ്രാമസഭാലിസ്റ്റിലെ മുൻഗണന ഉള്ളതുകൊണ്ടും മാത്രമാണ് ടി പ്രവൃത്തികൾ ചെയ്തതെന്നമാണ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ടി റോഡുകളെല്ലാംതന്നെ സ്വകാര്യ വ്യക്തികളുടെ വീടുകൾക്കുമുന്നിൽ അവസാനിക്കുന്നവയാണ്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ഗ്രാമസഭാ ലിസ്റ്റിൽ മുൻഗണന ലഭിക്കുകയും ചെയ്തു എന്ന കാരണത്താൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അംഗീകരിക്കാൻ കഴിയില്ലെന്നും പഞ്ചായത്തുസമിതി ഈ വിഷയത്തിൽ ഉചിതമായ നടപടിയെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന റോഡുകളിൽ ഇന്റർലോക്കിങ് പ്രവൃത്തി പൂർത്തീകരിച്ചത് മൂലം പ്രദേശത്തെ ജനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരപാത ലഭ്യമായിട്ടുണ്ടെന്നും യാതൊരു കേടുപാടും കൂടാതെ നിലവിലും പാതകൾ സംരക്ഷിച്ചിട്ടുണ്ടെന്നും അതിലൂടെ പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നുമുള്ള വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും/ശിപാർശകളും

12. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന റോഡുകളിൽ ഇന്റർലോക്കിങ് പ്രവൃത്തി പൂർത്തീകരിച്ചത് മൂലം പ്രദേശത്തെ ജനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരപാത ലഭ്യമായിട്ടുണ്ടെന്നും യാതൊരു കേടുപാടും കൂടാതെ നിലവിലും പാതകൾ സംരക്ഷിച്ചിട്ടുണ്ടെന്നും അതിലൂടെ പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ

വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

പത്തനംതിട്ട ജില്ല

ഓഡിറ്റ് ഖണ്ഡിക

ആധുനിക മത്സ്യചന്തയിലെ മത്സ്യ സ്റ്റാളുകൾ വ്യാപാരികൾ ഉപയോഗിക്കുന്നില്ല
[കോന്നി ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6]

സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 2.25 കോടി രൂപ ചെലവിട്ടാണ് കോന്നി നാരായണപുരം മാർക്കറ്റിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിച്ചത്. നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയ മത്സ്യമാർക്കറ്റിൽ 49 മത്സ്യസ്റ്റാളുകളാണ് ഉള്ളത്. ഇതിൽ 22 എണ്ണം പരമ്പരാഗത കച്ചവടക്കാർക്ക് നൽകിയ ശേഷം ബാക്കിയുള്ള സ്റ്റാളുകളാണ് ലേലത്തിൽ നൽകിയത്. എന്നാൽ നിലവിൽ രണ്ട് വ്യാപാരികൾ മാത്രമാണ് സ്റ്റാളുകൾ ഉപയോഗിക്കുന്നത്. ബാക്കിയുള്ള വ്യാപാരികൾ ആധുനിക മത്സ്യചന്തയ്ക്ക് പുറത്ത് ടാർപോളിൻ കെട്ടി പഴയത് പോലെയാണ് കച്ചവടം നടത്തുന്നത്. തെരുവോരങ്ങളിലെ അനധികൃത കച്ചവടം മൂലം തങ്ങൾക്ക് വ്യാപാരം ഇല്ലാത്ത സാഹചര്യത്തിലാണ് വാടക കൊടുത്ത് വ്യാപാരികൾ സ്റ്റാൾ ഉപയോഗിക്കാത്തതെന്നാണ് ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ അറിയാൻ കഴിഞ്ഞത്. ഇത് മൂലം കോടികൾ മുടക്കി നിർമ്മിച്ച മത്സ്യചന്തയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതെ വരുന്നു. കൂടാതെ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റ് സംരക്ഷണ ചെലവുകൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് തുക തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടി വരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്.

ടി വിഷയം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച എല്ലാ നടപടികളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-18/2018 തീയതി 25.07.2018) ലഭ്യമാക്കിയ മറുപടിയിൽ അനധികൃത മത്സ്യക്കച്ചവടം നിർത്തുന്നതിന് നടപടികൾ സ്വീകരിച്ച

വരുന്നെന്നുമാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വകയാർ, പൂവൻപാറ, അട്ടച്ചാക്കൽ, ചൈനാമുക്ക്, പയ്യനാമൺ എന്നീ സ്ഥലങ്ങളിൽ വൻതോതിൽ വൈകുന്നേരങ്ങളിൽ മത്സ്യവ്യാപാരം നടന്നുവരുന്നു. ഇത് മൂലം പൊതുജനങ്ങൾ മീൻ വാങ്ങാൻ കോന്നി മാർക്കറ്റിലേക്ക് എത്താത്ത ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

കോടികൾ മുടക്കി നിർമ്മിച്ച ആധുനിക മത്സ്യചന്ത ഉപയുക്തമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ പ്രദേശങ്ങളിലെ അനധികൃത മത്സ്യവ്യാപാരം നിയന്ത്രിക്കുന്നതിന് റവന്യൂ, പോലീസ് അധികാരികളുടെ സഹായം തേടേണ്ടതും ആവശ്യമെങ്കിൽ നിയമ നടപടികൾ എടുക്കേണ്ടതുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. തെരുവോരങ്ങളിൽ വ്യാപാരം നടത്തുന്നവരെയും ആധുനിക മത്സ്യചന്തയിലേക്ക് വ്യാപാരത്തിനായി എത്തിക്കുന്നതിനുള്ള ഒരു പരിശ്രമമാണ് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് കോന്നി ഗ്രാമപഞ്ചായത്തിലെ നാരായണപുരം മാർക്കറ്റിലെ സ്റ്റാളുകൾ ആരുംതന്നെ ലേലത്തിൽ എടുത്തിട്ടില്ലെന്നും മാർക്കറ്റിലെ പരമ്പരാഗത മത്സ്യകച്ചവടക്കാരും സ്റ്റാളുകൾ ലേലത്തിൽ എടുത്തിട്ടുള്ള വ്യാപാരികളും വാടക അടയ്ക്കുന്നതിൽ കുടിശിക വരുത്തിയതിനാൽ പഞ്ചായത്ത് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നുവെന്നും അതിനെതിരെ മത്സ്യകച്ചവടക്കാർ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയിരിക്കുകയാണെന്നും കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

14. സ്റ്റേ ലഭിച്ചതെന്നാണെന്നും സ്റ്റേ ഒഴിവാക്കാൻ നടപടി സ്വീകരിച്ചില്ലേയെന്നും സമിതി ആരാഞ്ഞതിന് 2020 ലാണ് സ്റ്റേ വന്നതെന്നും സ്റ്റേ വെക്കേറ്റ്

ചെയ്യുന്നതുമായി ബന്ധപ്പെട്ട് 23.08.2024 ന് ഹൈക്കോടതിയിൽ സിറ്റിംഗ് വെച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. നിലവിൽ മാർക്കറ്റിൽ സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച മത്സ്യമാർക്കറ്റിൽ 49 സ്റ്റാളുകളാണുള്ളതെന്നും അതിൽ ഇരുപതോളം സ്റ്റാളുകൾ മത്സ്യകച്ചവടത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നവയാണെന്നും ബാക്കിയുള്ള സ്റ്റാളുകൾ ആരും തന്നെ ലേലത്തിൽ എടുത്തിട്ടില്ലെന്നും അവ പച്ചക്കറി/ഇറച്ചി/കാർഷിക വിപണന കേന്ദ്രമായി മാറ്റിയെടുത്താൽ സ്റ്റാളുകൾ ഉപയോഗപ്രദമാക്കാനും മാർക്കറ്റ് സജീവമാക്കാനും സാധിക്കുന്നതാണെന്നും സെക്രട്ടറി ബോധിപ്പിച്ചു.

15. തീരദേശ വികസന ഫണ്ട് കോന്നി ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാൻ സാധിച്ചത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് മത്സ്യവ്യാപാരികൾക്കുവേണ്ടിയാണ് തീരദേശ വികസന കോർപ്പറേഷൻ ഫണ്ട് അനുവദിച്ചതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മത്സ്യക്കച്ചവടത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം, പഞ്ചായത്ത് ലൈസൻസ് എന്നിവയോടുകൂടി ധാരാളം സ്റ്റാളുകൾ വേറെയും പ്രവർത്തിക്കുന്നുണ്ടെന്നും മത്സ്യവ്യാപാരികൾ ചന്തയ്ക്ക് പുറത്ത് മത്സ്യക്കച്ചവടം നടത്തുന്നതിന് കാരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ആധുനിക മത്സ്യമാർക്കറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്ന് വർഷത്തോളം ചന്ത അടച്ചിടേണ്ട അവസ്ഥ വന്നപ്പോൾ വ്യാപാരികൾ ചന്തയ്ക്ക് പുറത്ത് കച്ചവടം നടത്തുകയും അവർ സ്വന്തം നിലയ്ക്ക് വാടകയ്ക്ക് മുറികളെടുത്ത് എല്ലാവിധ ലൈസൻസുകളോട് കൂടി പ്രവർത്തിക്കുകയാണുണ്ടായതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

16. വ്യാപാരികൾ ചന്തയ്ക്ക് പുറത്ത് കച്ചവടം നടത്തുന്ന സ്ഥിതിവിശേഷമുണ്ടാവാൻ കാരണം പഞ്ചായത്തുതന്നെ അല്ലേ എന്നും വ്യാപാരികൾ ലൈസൻസിന് അപേക്ഷിച്ചപ്പോൾ മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ മാത്രമേ ചന്തയ്ക്ക് പുറത്ത് മത്സ്യക്കച്ചവടം നടത്താൻ അനുമതി നൽകുകയുള്ളൂ എന്ന് കരാറിൽ സൂചിപ്പിക്കാമായിരുന്നില്ലേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ലൈസൻസ്

നൽകുന്ന സമയത്ത് ഇക്കാര്യം ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നതായി കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എത്ര മത്സ്യസ്റ്റാളുകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് എല്ലാ സ്റ്റാളുകളും ഒഴിഞ്ഞുകിടക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സ്റ്റാളുകൾ മറ്റ് വ്യാപാര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പഞ്ചായത്ത് ആലോചിക്കുന്നുണ്ടോയെന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ ചോദ്യത്തിന് 49 മത്സ്യസ്റ്റാളുകളിൽ 19 എണ്ണം പരമ്പരാഗത കച്ചവടക്കാർക്ക് നൽകുകയും ബാക്കിയുള്ള 30 സ്റ്റാളുകൾ കാർഷിക വിപണന കേന്ദ്രങ്ങൾക്കും ഇറച്ചി വ്യാപാരത്തിനും നൽകി മാർക്കറ്റ് സജീവമാക്കാൻ പഞ്ചായത്ത് ആലോചിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത വിഷയത്തിൽ സ്റ്റേ നിലനിൽക്കുന്നുണ്ടെന്നും സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് 2.25 കോടി രൂപ ചെലവിട്ട് നാരായണപുരം മാർക്കറ്റ് നിർമ്മിച്ചിട്ടുള്ളതെന്നും ആയതിനാൽ മത്സ്യം അല്ലാതെ മറ്റൊരു വ്യാപാരവും അവിടെ നടത്താൻ സാധ്യമല്ലെന്നും ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് നൽകാമെന്നും പഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. തീരദേശ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചാണ് ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിച്ചിട്ടുള്ളതെങ്കിലും സ്ഥലം പഞ്ചായത്തിന്റേതായതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്തിന് തീരുമാനമെടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയത്തിൽ ഒന്നുകൂടി റിവ്യൂ നടത്തിയതിനുശേഷം മത്സ്യമാർക്കറ്റിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുമാനദായകമായ പദ്ധതികൾ നടപ്പിലാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

17. പഞ്ചായത്തിന് തീരുമാനമെടുത്ത് സർക്കാരനുമതിയോടെ മത്സ്യമാർക്കറ്റിൽ മറ്റ് വ്യാപാരം നടത്തുന്നകാര്യം ആലോചിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരുമാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>നിഗമനങ്ങളും/ശിപാർശകളും</u>

18. കോന്നി ഗ്രാമപഞ്ചായത്തിലെ നാരായണപുരം മാർക്കറ്റിലെ 49 മത്സ്യസ്റ്റാളുകളിൽ 19 എണ്ണം പരമ്പരാഗത കച്ചവടക്കാർക്ക് നൽകുകയും ബാക്കിയുള്ള 30 സ്റ്റാളുകൾ കാർഷിക വിപണന കേന്ദ്രങ്ങൾക്കും ഇറച്ചി വ്യാപാരത്തിനും നൽകി മാർക്കറ്റ് സജീവമാക്കാൻ പഞ്ചായത്ത് ആലോചിക്കുന്നുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 65 കോടി രൂപ ലാപ്സായി

(പത്തനംതിട്ട ജില്ലാപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)

എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 40,17,85,306/- രൂപ വകയിരുത്തി 360 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 312 പ്രവൃത്തികൾ സ്പിൽ ഓവറും 48 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 311 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 216 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 30.03.18-ൽ സമർപ്പിച്ച 95 പ്രവൃത്തികളുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 49 പ്രവൃത്തികൾ നടപ്പാക്കിയുമില്ല.

അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 42,60,34,015/- രൂപ അടങ്കൽ വകയിരുത്തി 364 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. ഏറ്റെടുത്ത പ്രവൃത്തികളിൽ 73 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 14 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 30.03.18-ൽ സമർപ്പിച്ച 59 പ്രവൃത്തികളുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 291 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഏറ്റെടുത്ത പ്രവൃത്തികളുടെ 20% മാത്രമാണ് നടപ്പാക്കിയത്.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാകുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വകയിരുത്തുന്ന കോടിക്കണക്കിനു തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പ്രവൃത്തികൾ നടപ്പാക്കാതെ ലാപ്സാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതി	അടങ്കൽ തുക	നടപ്പാക്കിയതും ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി	ചെലവഴിച്ച തുക	നടപ്പാക്കിയതും ബിൽ ട്രഷറി ക്യൂവിലായതുമായ പദ്ധതി	ലാപ്സായ ബിൽ തുക	നടപ്പാക്കാത്ത പ്രവൃത്തി	ലാപ്സായ അടങ്കൽ
എക്സി. എഞ്ചിനിയർ	360	40,17,85,306	216	16,69,32,457	95	9,16,76,592	49	14,31,76,257
അസി. എക്സി. എഞ്ചിനിയർ	364	42,60,34,015	14	1,08,69,490	59	4,70,49,310	291	36,81,15,215
ആകെ	724	**82,78,19,321**	**230**	**17,78,01,947**	154	**13,87,25,902**	**340**	**51,12,91,472**

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ ക്യൂവിലായതുമൂലവും 340 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച് പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 65,00,17,374/- രൂപ 2017-18 സാമ്പത്തിക വർഷം ലാപ്സാക്കി. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15-05-19) ലഭ്യമാക്കിയ മറുപടിയിൽ കടുത്ത ട്രഷറി നിയന്ത്രണംമൂലം 28.03.18-ന് ശേഷം സമർപ്പിച്ച ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റിയതായും 2018-19-ലെ അലോട്ട്മെന്റിൽ നിന്നും മാറി നൽകിയതായും എക്സി. എഞ്ചിനിയർ അറിയിച്ചു. പ്രവൃത്തികളുടെ ബാഹുല്യം കാരണം പദ്ധതികളുടെ സാങ്കേതികാനുമതി, ഇ-ടെണ്ടറിംഗ് തുടങ്ങിയ നടപടി ക്രമങ്ങൾ പൂർത്തിയാക്കി കരാർ വയ്ക്കുന്നതിലുണ്ടായ താമസവും പ്രതികൂല കാലാവസ്ഥയും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രവൃത്തി നടക്കുന്ന സ്ഥലത്തുണ്ടാകുന്ന തർക്കങ്ങളും പ്രവൃത്തികളുടെ സുഗമമായ പൂർത്തീകരണത്തെ ബാധിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ജില്ലാ പഞ്ചായത്ത് പ്രവൃത്തികളുടെ നടത്തിപ്പും അതാത് ഗ്രാമപഞ്ചായത്തിലെ അസി.

എഞ്ചിനിയർമാർക്കാണെന്നും അവരുടെ പഞ്ചായത്തിന്റെ പ്രവൃത്തികളും എം.പി.വർക്ക്, എൽ.എ.സി-എ.ഡി.എസ്, നബാർഡ്, ഫ്ലഡ് തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പും കൂടി ഉള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിവരിച്ച കാരണങ്ങൾ ഏറെക്കുറെ ശരിയാണെങ്കിലും മരാമത്ത് പ്രവൃത്തികൾക്കായി നീക്കിവച്ച 65 കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാകുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിന്റെ അഭാവവും, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി നിർവ്വഹണം യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലാതാക്കിയതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

20. തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത്

പ്രവൃത്തികൾക്ക് വകയിരുത്തിയ 65 കോടി ലാപ്സായി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ആലപ്പുഴ ജില്ല

ഓഡിറ്റ് ഖണ്ഡിക

ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം - പദ്ധതി ആസൂത്രണത്തിലെ പാളിച്ച-ഫണ്ട് നഷ്ടപ്പെട്ടു; അധികച്ചെലവും; സമുച്ചയ നിർമ്മാണം കേവലം രണ്ട് മുറിയിൽ ഒതുങ്ങി

[തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]

ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം (S0195/18) എന്ന സ്പിൽഓവർ പ്രവൃത്തിയുടെ അടങ്കൽ ലോകബാങ്ക് സഹായമായി ലഭിച്ച 44,58,150/- രൂപയായിരുന്നു. 2016-17-ൽ ലഭിച്ച ലോകബാങ്ക് വിഹിതത്തിൽ ഈ പ്രവൃത്തിക്കായി നീക്കിവച്ച തുകയിൽ 29,28,933/- രൂപ മാത്രമേ 2017-18 വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധിച്ചുള്ളൂ. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുണ്ടായ കാലതാമസം മൂലം ബാക്കി 15,29,217/- രൂപ തദ്ദേശ സ്ഥാപനത്തിന് നഷ്ടപ്പെട്ടു. 25.10.2017 ലെ 1(1) നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച് നല്കണമെന്ന് അഭ്യർത്ഥിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് പഞ്ചായത്ത് കത്ത് നല്കിയെങ്കിലും സമയപരിധി കഴിഞ്ഞതിനാൽ ബാക്കി ഫണ്ട് ലാപ്സാകുകയാണ് ഉണ്ടായത്. പ്രവൃത്തിയുടെ വിശദാംശവും അപാകതകളും ചുവടെ ചേർക്കുന്നു.

(a) സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല

കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ ഈ സ്ഥലം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏകദേശം 10 സെന്റിൽ കൂടുതൽ വരുന്ന പഞ്ചായത്തിന്റെ ഈ പുറമ്പോക്ക് സ്ഥലം അളന്ന് നിശ്ചയിച്ച് പഞ്ചായത്തിന്റെ പേരിലാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(b) സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ കാലതാമസം

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുക എന്നതായിരുന്നു പദ്ധതി. 2016-17 ൽ അംഗീകാരം ലഭിച്ച ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായ സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്ക് ഒരു വർഷത്തോളം സമയം എടുത്തു. ഈ കാലതാമസം ഫണ്ട് ലാപ്സാകുന്നതിന് ഒരു കാരണം ആയി. എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരം ആണ് സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ നടത്തിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്ഥാപനത്തിന്റെ റിക്വിസിഷൻ	സ്ഥാപനം എസ്റ്റിമേറ്റ് നൽകിയത്	75% തുക സ്ഥാപനത്തിന് മുൻകൂർ നൽകിയത് (എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിരുന്നു)	റിസൾട്ട് ലഭിച്ചത്
സോയിൽ ടെസ്റ്റ് - 25.01.17	31.01.17	23.3.17 - (83,663/-)	25.05.2017
സ്ട്രക്ച്ചറൽ ഡിസൈൻ - 01.11.17		22.12.17 - (50,000/-) മുഴുവൻ തുക	09.01.2018

25.05.17 ലെ സോയിൽ ടെസ്റ്റ് റിസൾട്ട് പ്രകാരം 3 നിലയുള്ള കെട്ടിടസമുച്ചയത്തിന് പൈലിംഗ് ആവശ്യമാണ് എന്നും വ്യക്തമാക്കിയിരുന്നു. തുടർന്ന് സ്ട്രക്ച്ചറൽ ഡിസൈൻ ആവശ്യമായി വന്നു. അവിടെയും അകാരണമായി 6 മാസത്തിൽ കൂടുതൽ കാലതാമസം സംഭവിച്ചു.

(c) പദ്ധതി നടപ്പാക്കാൻ നിർമ്മിതികേന്ദ്രത്തിനെ ഏല്പിക്കാൻ വൈകിയവേളയിലെ തീരുമാനം പിന്നീട് ഉപേക്ഷിച്ചു

2017 ഡിസംബറിനകം പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുമെന്നതിനാൽ ടെണ്ടർ നടപടി ഒഴിവാക്കിക്കൊണ്ട് പ്രസ്തുത പ്രവൃത്തി നിർമ്മിതികേന്ദ്രയെ ഏല്പിക്കാൻ 27.11.2017 ലെ 1(1) കമ്മിറ്റി തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ കത്ത് നൽകി. എന്നാൽ തുടർനടപടി ഫയലിൽ ഇല്ല. അക്രഡിറ്റഡ് ഏജൻസിക്ക് തുക മുഴുവനായി ഡെപ്പോസിറ്റ് ചെയ്യുന്നതിലെ സാങ്കേതിക തടസ്സമാണ് ആ ശ്രമത്തിൽ നിന്നും പിന്മാറാൻ കാരണമായത് എന്ന് ഉദ്യോഗസ്ഥർ വാക്കാൽ അറിയിച്ചു. സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്ക് ഒരു വർഷം നഷ്ടപ്പെടുത്തിയ ശേഷമാണ് പദ്ധതി നടപ്പാക്കാൻ നിർമ്മിതികേന്ദ്രത്തിനെ ഏല്പിക്കാൻ തീരുമാനിച്ചത്. പദ്ധതി അംഗീകാരം ലഭിച്ചപ്പോൾ തന്നെ ഈ തീരുമാനം എടുത്ത് തുക ഡെപ്പോസിറ്റ് നൽകിയിരുന്നെങ്കിൽ നിയമാനുസൃതം ഗഡുക്കളായി തുക അനുവദിക്കാനും ഫണ്ട് ലാപ്സാകാതെ പ്രവൃത്തി നടപ്പാക്കാനും സാധിക്കുമായിരുന്നു.

(d) ടെണ്ടർ നടപടി സ്വീകരിക്കൽ

നിർമ്മിതി കേന്ദ്രയെ ഏല്പിക്കുന്ന നടപടിയിൽ നിന്ന് പിന്മാറി വീണ്ടും ടെണ്ടർ നടപടിയിലേക്ക് പോകാൻ 25.01.2018 ന് തീരുമാനിച്ചതിൻ പ്രകാരം അന്നുതന്നെ ഇ-ടെണ്ടർ ക്ഷണിച്ചു.

(e) ഫണ്ട് ചെലവഴിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു; 2017-18-ൽ 27.5 ലക്ഷം മുടക്കി പൈലിംഗ് മാത്രം നടത്തി; 15.29 ലക്ഷം നഷ്ടപ്പെട്ടു.

44,58,150/- രൂപ എസ്റ്റിമേറ്റ് എടുത്ത ഈ പ്രവൃത്തിക്ക് 14.2.2018-ൽ 40,03,404/- രൂപയിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. ലാൽജി, ആലപ്പുഴയ്ക്ക് കരാർ ഉറപ്പിച്ച് നൽകുകയും 22.2.2018-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക വർഷാവസാനം പ്രവൃത്തി ആരംഭിച്ചതിനാൽ പൈലിംഗ് മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. 27,54,158/- രൂപയാണ് പൈലിംഗിനായി മാത്രം 2017-18-ൽ ചെലവഴിച്ചത്. ലോകബാങ്ക് വിഹിതം ചെലവഴിക്കുന്നതിനുള്ള സമയപരിധി 31.3.2018-ൽ അവസാനിക്കുകയും ഈ പ്രവൃത്തിക്കായി വകയിരുത്തിയിരുന്ന ബാക്കി ഫണ്ട് നഷ്ടപ്പെടുകയും ചെയ്തു.

(f) രണ്ട് മുറികൾ ഉള്ള ഗ്രൗണ്ട്ഫ്ലോർ മാത്രം നിർമ്മിച്ച് പദ്ധതി അവസാനിപ്പിച്ചു

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മൂന്ന് നിലകളുള്ള ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനാണ് സോയിൽ ടെസ്റ്റ്

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൈലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതും വിവിധ കാരണങ്ങൾക്കായി ഏകദേശം ഒരു വർഷത്തിലേറെ സമയം പാഴാക്കിയതും. എന്നാൽ സ്ഥലപരിശോധനയിൽ നിലവിൽ രണ്ടു മുറികൾ ഉൾപ്പെടുന്ന ഗ്രൗണ്ട്ഫ്ലോർ മാത്രമുള്ള ചെറിയ കെട്ടിടം 2018-19 ൽ നിർമ്മിച്ച് പ്രവൃത്തി പൂർണ്ണമാക്കുകയാണ് ഉണ്ടായത്. ലോകബാങ്ക് ഫണ്ട് നഷ്ടപ്പെട്ടതിനാൽ 2018-19 ൽ വികസനഫണ്ട് 10,54,855/- രൂപയാണ് ഇതിനായി ചെലവഴിച്ചത്. നിലവിൽ ഒരു ഓഫീസും ഇവിടെ പ്രവർത്തിക്കുന്നില്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ ഇവിടേക്ക് മാറ്റാനും വരും വർഷങ്ങളിൽ പ്രവൃത്തി തുടർന്ന് നടപ്പാക്കി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുമാണ് ലക്ഷ്യമിടുന്നത് എന്ന് എക്സിറ്റ് മീറ്റിംഗിൽ മെമ്പർ അറിയിച്ചു. ചതുപ്പായ ഇപ്രകാരമുള്ള സ്ഥലത്ത് ബഹുനിലക്കെട്ടിടം നിർമ്മിക്കുക എന്ന ആശയത്തിൽ നിന്ന് മാറി ഈ സ്ഥലത്ത് ഒറ്റ നിലയുള്ള 6-7 മുറികൾ ഉള്ള കെട്ടിടം ഈ ഫണ്ടുപയോഗിച്ച് തന്നെ പൂർത്തിയാക്കാവുന്നതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ചതുപ്പായ ഇപ്രകാരമുള്ള സ്ഥലത്ത് ബഹുനിലക്കെട്ടിടം നിർമ്മിക്കുന്നതിന് പൈലിംഗിനായി മാത്രം കോടികൾ മുടക്കേണ്ടി വരുമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് പദ്ധതി ഭേദഗതി വരുത്തി നടപ്പാക്കിയിരുന്നെങ്കിൽ കൃഷിഭവന് സ്വന്തം കെട്ടിടവും പഞ്ചായത്തിന് വരുമാന പ്രദമായ നിരവധി കടമുറികളും യാഥാർത്ഥ്യം ആകുമായിരുന്നു.

പദ്ധതി ആസൂത്രണം, വിശദവും വ്യക്തവുമായ പഠനം, യുക്തിസഹമായ തീരുമാനം എന്നിവയുടെ അഭാവവും പാളിച്ചയുമാണ് ഫണ്ട് ലാപ്സാകുന്നതിനും അധികച്ചെലവിനും കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

<u>ചെലവിന്റെ വിശദാംശം</u>

- 83,663/- രൂപ, ബിൽ നം. 4/16-17, തീയതി - 23.3.17
- 41,112/- രൂപ, ബിൽ നം. 31/17-18, തീയതി - 21.10.17

- 50,000/- രൂപ, ബിൽ നം. 35/17-18, തീയതി - 22.12.17
- 27,54,158/- രൂപ, ബിൽ നം.50/17-18, തീയതി - 28.3.18

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളെല്ലാം വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും കൃഷി ഓഫീസ് ഉൾപ്പെടെയുള്ള ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനാണ് പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നതെന്നും 2016-17-ൽ ലോകബാങ്ക് വിഹിതമായ 44,58,150/- രൂപയാണ് കെട്ടിടം നിർമ്മിക്കുന്നതിനായി വകയിരുത്തിയിരുന്നതെന്നും ഫണ്ട് കുറവായതുകാരണം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ചെറിയ തുകയ്ക്കുള്ള കെട്ടിടമാണ് നിർമ്മിച്ചതെന്നും നാല് നിലകളുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ച് ഫൗണ്ടേഷൻ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. 2016-17-ൽ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പൈലിംഗിന്റെയും സ്ട്രക്ച്ചറൽ ഡിസൈനിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി അതേ വർഷം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുവെന്നും 2018 ജനുവരി മാസത്തിലാണ് ലോകബാങ്ക് വിഹിതമായ 44,58,150/- രൂപയുടെ സാങ്കേതികാനുമതി ലഭിക്കുന്നതെന്നും ഉടൻതന്നെ റീടെൻഡർ ചെയ്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തുവെന്നും 2018 മാർച്ച് 31-ന് ലോകബാങ്ക് വിഹിതത്തിന്റെ കാലാവധി കഴിഞ്ഞപ്പോൾ 27,54,158/- രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ ഫൗണ്ടേഷനും പൈലിംഗും ഉൾപ്പെടെയുള്ളവയ്ക്ക് 27,54,158/- രൂപയാണ് ചെലവഴിക്കേണ്ടി വന്നതെന്നും ബാക്കിയുള്ള തുക ഉപയോഗിച്ച് ബഹുനില കെട്ടിടം നിർമ്മിക്കാൻ കഴിയുന്ന

തരത്തിലുള്ള ഫൗണ്ടേഷനോടുകൂടിയാണ് കെട്ടിടം പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ളതെന്നും നിലവിൽ ഇത് 38m² വിസ്തീർണമുള്ള കെട്ടിടമാണെന്നും ഇത് വിപുലീകരിക്കാൻ ഉദ്ദേശ്യം ഉണ്ടായിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പഞ്ചായത്തിന് കഴിഞ്ഞില്ലെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. സ്ഥലപരിമിതിയുള്ളതിനാൽ കൃഷി ഓഫീസ് ഉൾപ്പെടെയുള്ള ഘടക സ്ഥാപനങ്ങൾക്ക് കെട്ടിടം ഉപയോഗിക്കാൻ കഴിയില്ലെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നിലവിൽ പകൽവീടായി കെട്ടിടം ഉപയോഗിച്ചുവരികയാണെന്നും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുന്നിലേക്കും സൈഡിലേക്കും കെട്ടിടം വിപുലീകരിക്കാൻ സാധിക്കുമെന്ന് പഞ്ചായത്ത് കരുതുന്നുവെന്നും ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ സ്ഥലമായതുകൊണ്ട് അന്ന് എൻജിനീയറുടെ നിർദ്ദേശപ്രകാരമാണ് പൈലിംഗ് നടത്തിയിട്ടുള്ളതെന്നും കെട്ടിടത്തിന്റെ ബലത്തിനെക്കുറിച്ച് ആശങ്കയില്ലെന്നും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

22. സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് പത്തു സെന്റിൽ കൂടുതൽ വരുന്ന സ്ഥലം അളന്ന് നിശ്ചയിച്ച് പഞ്ചായത്തിന്റെ പേരിലാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പദ്ധതി രൂപീകരിക്കുമ്പോൾ അടിസ്ഥാനപരമായി വേണ്ടത് എൻജിനീയറിങ്ങുമായി ബന്ധപ്പെട്ട വൈദഗ്ദ്ധ്യമാണെന്നും അതുപയോഗിക്കാതെ ചതുപ്പ് നിലത്ത് കെട്ടിടം പണിതു എന്നുമാത്രമല്ല ലോകബാങ്ക് വിഹിതം ലാപ്സാക്കുകയും പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് തുകചെലവഴിക്കുകയും ചെയ്തുവെന്നും ആസൂത്രണമില്ലാതെ ചെയ്ത പ്രവൃത്തിയാണിതെന്നും സമിതി വിലയിരുത്തി.

23. ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ തോട് പുറമ്പോക്ക് സ്ഥലം സ്ട്രക്ച്ചറൽ ഡിസൈൻ കാണുമ്പോൾ തന്നെ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ ഒന്നാണോയെന്ന് പഞ്ചായത്തിലെ ഓവർസീയർക്കുപോലും മനസിലാകുന്ന കാര്യമാണെന്നും ഫണ്ട് നഷ്ടപ്പെടുമെന്ന ഘട്ടം വന്നപ്പോൾ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണം ഏൽപ്പിക്കാൻ

ശ്രമിച്ചെന്നും തുക മുഴുവനായി ഡെപ്പോസിറ്റ് ചെയ്യുന്നതിലെ സാങ്കേതിക തടസ്സം മൂലം ആയത് നടപ്പാക്കാൻ സാധിക്കാതെ വന്നുവെന്നും പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 10,54,855/- രൂപ ചെലവഴിക്കുകയും ചെയ്തുവെന്നും സമിതി വിലയിരുത്തി. പ്രസ്തുത സ്ഥലത്ത് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടം കൂടാതെ ടോയ്‌ലെറ്റും നിർമ്മിച്ചിട്ടുണ്ടെന്ന് തദവസരത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വില്ലേജ് ഓഫീസിലെ രേഖകളിൽ സ്ഥലം പുറമ്പോക്ക് തോട് ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത സ്ഥലത്താണ് ടോയ്‌ലെറ്റ് നിർമ്മിച്ചിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു. ടോയ്‌ലെറ്റ് നിലവിലും ഉപയോഗിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയപ്പോൾ തോട് മലിനീകരിക്കപ്പെടുന്നുണ്ടായിരിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത ടോയ്‌ലെറ്റിനായി കോൺക്രീറ്റഡ് സോക്ക് പിറ്റ് സെപ്റ്റിക് ടാങ്കാണ് ഉപയോഗിച്ചിരിക്കുന്നതെന്നും Coastal Regulation Zone (CRZ)-ൽ ഉൾപ്പെട്ട പ്രദേശമായതിനാൽ പഞ്ചായത്തിന് സ്ഥലപരിമിതിയുണ്ടെന്നും സെക്രട്ടറി ബോധിപ്പിച്ചു.

24. പഞ്ചായത്തിലെ എല്ലാ ഓഫീസുകളും വാടക കെട്ടിടത്തിലായതിനാൽ പഞ്ചായത്ത് സദുദ്ദേശ്യത്തോടെയാണ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചതെന്നും പ്രവൃത്തി പൂർത്തീകരിക്കാൻ 3 കോടിയോളം രൂപ ആവശ്യമായിരുന്നുവെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പഞ്ചായത്ത് ചെറിയ കെട്ടിടം നിർമ്മിച്ചതെന്നും കെട്ടിടത്തിന്റെ സ്ഥലപരിമിതിയെ സംബന്ധിച്ചായിരുന്നു ആക്ഷേപമുണ്ടായിരുന്നതെന്നും നിലവിൽ അവിടെ 'ടേക്ക് എ ബ്രേക്ക്' സംവിധാനം പ്രവർത്തിക്കുന്നുണ്ടെന്നും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു

25. കൃത്യമായ ആസൂത്രണമോ കാഴ്ചപ്പാടോ ഇല്ലാതെ നടപ്പാക്കിയ പദ്ധതിയാണിതെന്നും ലോകബാങ്ക് സഹായം ചെലവഴിക്കുന്നതിനുള്ള സമയപരിധി 31.03.2018-ൽ അവസാനിക്കുകയും പ്രവൃത്തിക്കായി വകയിരുത്തിയിരുന്ന ബാക്കി തുക നഷ്ടപ്പെടുത്തുകയും ചെയ്തുവെന്നും വിലയിരുത്തിയ സമിതി ഇത്തരത്തിൽ അപ്രായോഗികമായ പദ്ധതി രൂപപ്പെടുത്തിയതിൽ അതൃപ്തി രേഖപ്പെടുത്തി.

വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും/ശിപാർശകളും

26. ലോകബാങ്ക് സഹായത്തോടെയുള്ള ഓഫീസ് സമുച്ചയ നിർമ്മാണ പദ്ധതി തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് കൃത്യമായ ആസൂത്രണമോ കാഴ്ചപ്പാടോ ഇല്ലാതെ നടപ്പാക്കിയ പദ്ധതിയാണെന്ന് സമിതി വിലയിരുത്തുന്നു. ലോക ബാങ്ക് സഹായം ചെലവഴിക്കുന്നതിനുള്ള സമയപരിധി31.03.2018-ൽ അവസാനിക്കുമെന്ന് അറിയാമായിരുന്നിട്ടും വകയിരുത്തിയ ബാക്കി തുക നഷ്ടപ്പെടുത്തിയ പഞ്ചായത്തിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരത്തിൽ അപ്രായോഗികമായ പദ്ധതി രൂപപ്പെടുത്തിയ പഞ്ചായത്തിന്റെ നടപടി ന്യായീകരിക്കാവുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും ലോകബാങ്ക് സഹായം നഷ്ടപ്പെട്ടിട്ടും പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പകൽ വീടായി പ്രവർത്തിച്ചുവരുന്നു എന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് എം.ആർ.എഫ്.സി. (MRFC) ക്കായി ചെലവഴിച്ച 61.87 ലക്ഷം പാഴാകുന്നു

[മുതുകുളം ബ്ലോക്ക് പഞ്ചായത്ത്2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]

വ്യവസായികാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് Material Recovery Facility Centre (MRFC) സ്ഥാപിക്കുന്നതിനായി 2016-17, 2017-18 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ച 61.87 ലക്ഷം രൂപ, പദ്ധതി പ്രാവർത്തികമാകാത്തതുമൂലം പാഴ്ചെലവായി മാറുന്നു. ഇതിലേക്ക് 2016-17 വർഷം തയ്യാറാക്കിയ 32.5 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി

22,06,000/- രൂപയും, 2017-18 വർഷം അംഗീകാരം വാങ്ങിയ പദ്ധതിയിൽ ഉൾപ്പെടുത്തി 35,58,640/- രൂപയും സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ MRFC സ്ഥാപിക്കുന്നതിനായി നിശ്ചയിച്ചിരുന്ന ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുഖേന നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി 4,22,607/-രൂപയും 2017-18-ൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. MRFC സ്ഥാപിക്കുന്നതിനായി 2016-17 വർഷം 32.5 ലക്ഷം രൂപ അടങ്കലിൽ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുകയും, 22,06,000/-രൂപ ചെലവഴിക്കുകയും ചെയ്തിരിക്കെ ആയത് പരിഗണിക്കാതെയാണ് 2017-18 വർഷം ഇതിലേക്ക് 35,58,640/-രൂപ അടങ്കലിൽ പുതിയ പദ്ധതി തയ്യാറാക്കുകയും, അത്രയും തുക വിനിയോഗിക്കുകയും ചെയ്തത്.

2. നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച IRTC യുടെ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തുമായി 30.05.17-ൽ വച്ച പുതിയ എഗ്രിമെന്റിൽ MRFC സ്ഥാപനത്തിനായുള്ള പദ്ധതി അടങ്കൽ 52,06,000/-രൂപയായി ഭരണസമിതി വർദ്ധിപ്പിച്ചുവെന്നും (06.05.2017-ലെ തീരുമാനം) ആയതിന് 19.05.17-ൽ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതായും പറയുന്നുണ്ട്. എന്നാൽ പുതുക്കിയ അടങ്കലിന് ഡി.പി.സി. അനുമതി ലഭിച്ചതിന്റെ രേഖ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതി അടങ്കൽ വർദ്ധിപ്പിച്ചുവെങ്കിലും ഇതുസംബന്ധമായി പുതുക്കിയ എസ്റ്റിമേറ്റ് IRTC ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി അടങ്കൽ 52,06,000/-രൂപയായി വർദ്ധിപ്പിച്ചതായി പറയുന്നുവെങ്കിലും 2016-17 വർഷം ഉൾപ്പെടെ ഈ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് 57,62,840/-രൂപയാണ്. കെട്ടിട അറ്റകുറ്റപണികൾക്കായി ചെലവഴിച്ച 4,22,607/- രൂപയ്ക്ക് പുറമേയാണ് ഈ

ചെലവ്. മെഷിനറികൾ സ്ഥാപിക്കുന്നതിനുവേണ്ടി അടിയന്തിരമായി ട്രാൻസ്ഫോമറും, ത്രീഫേസ് ലൈനും സ്ഥാപിക്കുന്നതിനാണ് അനുമതിക്ക് അതീതമായി തുക ചെലവഴിച്ചതെന്നാണ് സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

4. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വ്യവസായ കോംപ്ലക്സിൽ MRFC സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി കെട്ടിട അറ്റകുറ്റപ്പണികൾക്കായി 4,22,607/-രൂപ വിനിയോഗിച്ചുവെങ്കിലും സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിലേക്ക് മാറ്റിയെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതിലേക്ക് പുതുതായി കണ്ടെത്തിയ സ്ഥലവും കെട്ടിടവും ഏതെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഈ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ സ്ഥലസൗകര്യവും കെട്ടിട സൗകര്യവും അവിടെ ലഭ്യമാണെന്നതിന് രേഖയില്ല. പദ്ധതി സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ല.

5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടശേഷം IRTC സ്വമേധയാ നടത്തിയ പഠനത്തിൽ ഡൽഹി ഉൾപ്പെടെയുള്ള വൻ നഗരങ്ങളിൽ ശേഷി കൂടിയ MRFC സ്ഥാപിച്ചിട്ടുണ്ടെന്നും, ആയത് സ്ഥാപിക്കുന്നതാണ് അഭികാമ്യമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് വർദ്ധിതശേഷിയുള്ള MRFC സ്ഥാപിക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പദ്ധതി അടങ്കൽ 52,06,000/- രൂപയായി വർദ്ധിപ്പിച്ചത്. എന്നാൽ ഡൽഹി പോലുള്ള മെട്രോ നഗരങ്ങൾക്ക് ആവശ്യമായ ഉയർന്നശേഷിയുള്ള പ്ലാന്റ് ഗ്രാമപ്രദേശത്ത് ആവശ്യമുണ്ടോ എന്നതിന്മേലും, ഇത് ഫലപ്രദമായി എങ്ങനെ നടപ്പാക്കും എന്നതിന്മേലും യാതൊരു സാധ്യതാപഠനവും നടത്താതെയാണ് വർദ്ധിത ശേഷിയുള്ള പ്ലാന്റ് വാങ്ങാൻ തീരുമാനിച്ചത്.

6. 46,19,700/-രൂപ IRTC ക്ക് വിവിധ തീയതികളിലായി പിൻവലിച്ച നൽകിയെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീത് ഒഴികെ (07.02.2018-ൽ നൽകിയ 5 ലക്ഷം രൂപയ്ക്ക് താൽക്കാലിക രസീതു മാത്രം) പദ്ധതി നിർവ്വഹണ സംബന്ധമായി മറ്റു രേഖകളൊന്നും പ്രസ്തുത ഏജൻസി ലഭ്യമാക്കിയിട്ടില്ല. IRTC ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്ന ഉപകരണങ്ങൾ ഏതെല്ലാമെന്നോ, അവയുടെ സ്പെസിഫിക്കേഷൻ ഏതെന്നോ, അവയുടെ എസ്റ്റിമേറ്റോ കൂടാതെയാണ് ഇത്രയും തുക മുൻകൂറായി പിൻവലിച്ച് നൽകിയത്. ഇതുമൂലം നിശ്ചിത സ്പെസിഫിക്കേഷനോട്ടുകൂടിയ ഉപകരണങ്ങളാണ് നിർവ്വഹണ ഏജൻസി ലഭ്യമാക്കിയതെന്ന് പരിശോധിക്കുവാൻ പഞ്ചായത്ത് അധികാരികൾക്കോ സാങ്കേതിക വിദഗ്ദ്ധർക്കോ കഴിഞ്ഞില്ല.

7. പദ്ധതിയുടെ ഭാഗമായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾക്കുമായി ഇലക്ട്രിസിറ്റി ബോർഡിന്റെ കായംകുളം ഡിവിഷനിലെ അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 8,88,940/-രൂപ മുൻകൂറായി പിൻവലിച്ച നൽകിയെങ്കിലും പ്രവൃത്തി നടന്നുവെന്നതിന് രേഖയൊന്നുമില്ല. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

8. ഈ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് ബ്ലോക്കുപഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്നിരിക്കെ ആയത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

9. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിലെ അറവുശാല പരിസരത്ത് ഒരു ഷെഡ് നിർമ്മിച്ച് മെഷീനുകൾ കൊണ്ടുവെച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഓഡിറ്റ് സമയംവരെ (12/18) MRFC പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല. ബ്ലോക്കുപഞ്ചായത്തിന്റെ അഭ്യർത്ഥനയെ തുടർന്ന് അറവുശാല പരിസരത്ത് MRFC സ്ഥാപിക്കുവാൻ

ടി സ്ഥലം താൽക്കാലികമായി വിട്ടുനൽകുവാനുള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുവാൻ കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി 20.06.2018-ൽ തീരുമാനമെടുത്തിരുന്നു (തീരുമാനം 2(1)). എന്നാൽ ഇപ്രകാരം അനുമതി ലഭിക്കുന്നതിനുമുന്നേ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഷെഡ് നിർമ്മാണ പ്രവൃത്തികൾ നടത്തി മെഷീൻ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.06.2018-ൽ ബ്ലോക്ക് പഞ്ചായത്തിന് കത്തു നൽകിയിട്ടുണ്ട് (നം. K3- 130/18).

ഇതിൽ നിന്നും പഞ്ചായത്തിന്റെ സമ്മതമില്ലാതെയും, സ്ഥലം കൈമാറി ലഭിക്കാതെയുമാണ് നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്ത് നടത്തിയതെന്ന് വ്യക്തമാകുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/14.12.18) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുവാൻ സെക്രട്ടറിക്ക് കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മുകളിൽ പ്രതിപാദിച്ച അപാകതകൾ മൂലം MRFC യ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 61,87,247/- രൂപയും ഫലത്തിൽ പാഴാകുന്ന അവസ്ഥയിലാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് ഉണ്ടായ പിഴവാണ് പദ്ധതിയുടെ ഈ അവസ്ഥയ്ക്ക് കാരണമെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനും, ഫലപ്രദമായിട്ടുള്ള തുടർപ്രവർത്തനത്തിനും ആവശ്യമായ സത്വര നടപടികൾ ഭരണസമിതി എടുക്കേണ്ടതാണെന്നും പദ്ധതി നടത്തിപ്പിൽ ചൂണ്ടിക്കാട്ടിയ അപാകതകളാൽ 2017-18 വർഷം ഇതിലേക്കായി വിനിയോഗിച്ച 39,81,247/-രൂപ തടസ്സപ്പെടുത്തിയതായും ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

ചെലവിന്റെ വിശദാംശം

ബിൽ നം.	**തുക**	
20/11.10.17	10,00,000	(IRTC യ്ക്ക് നൽകിയത്)
30/19.01.18	8,00,000	
38/21.02.18	5,00,000	

54/26.03.18	3,69,700	
32/19.01.18	8,88,940	(ഇലക്ട്രിസിറ്റി ബോർഡിന് നൽകിയത്)
02/24.08.17	4,22,607	(വ്യവസായ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണി)
ആകെ	**39,81,247**	

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. വ്യാവസായികാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് Material Recovery Facility Centre (MRFC) സ്ഥാപിക്കുന്നതിനായി 2016-17, 2017-18 വർഷങ്ങളിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ച 61.87 ലക്ഷം രൂപ, പദ്ധതി പ്രാവർത്തികമാകാത്തതുമൂലം പാഴ്ച്ചെലവായി മാറി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്ലാസ്റ്റിക് ഇ-വേസ്റ്റുകളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള സംസ്കരണത്തിനായി 2016-17-ൽ എം.ആർ.എഫ്.സി. സ്ഥാപിക്കുന്നതിനായി മുതുകുളം ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചുവെന്നും പ്രസ്തുത സെന്റർ ആദ്യം പഞ്ചായത്തിന്റെ അധീനതയിലുള്ള വ്യവസായ കോംപ്ലെക്സിന്റെ ഷെഡ്ഡിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ജനങ്ങളുടെ എതിർപ്പുമൂലം സാധിച്ചില്ലെന്നും 2018-ൽ കൃഷ്ണപുരം പഞ്ചായത്തിലെ പ്രവർത്തനരഹിതമായ അറവുശാലയോട് ചേർന്ന് ഷെഡ് നിർമ്മിച്ച് എം.ആർ.എഫ്.സി. ഉപകരണങ്ങൾ ഇറക്കിവച്ചെങ്കിലും പ്രാദേശിക എതിർപ്പുമൂലം പ്രസ്തുത സെന്റർ അവിടെയും പ്രവർത്തിപ്പിക്കാൻ സാധിച്ചില്ലെന്നും മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 2023 സെപ്റ്റംബറിൽ കൃഷ്ണപുരം പഞ്ചായത്തിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റീസ് (എം.സി.എഫ്.) സെന്റർ കത്തി നശിച്ചുവെന്നും അവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന എം.സി.എഫ്-ലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുകൂടി വകയിരുത്തി എം.ആർ.എഫ്.സി.

ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് പരിശോധിച്ചതിനുശേഷം മാത്രമേ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളൂവെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു ഉപകരണങ്ങൾ തുരുമ്പെടുത്ത നിലയിലാണെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത ഉപകരണങ്ങൾ ജനങ്ങളുടെ പ്രതിഷേധം കാരണം സ്ഥാപിക്കാതെ ഷെഡ്ഡിൽ ഇറക്കിവെയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

28. മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളുടെയും സഹകരണം ഉറപ്പാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാരുടെയും ജനപ്രതിനിധികളുടെയും സെക്രട്ടറിമാരുടെയും യോഗവും ഇതിനുവേണ്ടിയുള്ള പരിശീലനവും ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ചിട്ടുണ്ടെന്നും എന്നാൽ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഇതിനായുള്ള ഷെഡ് നിർമ്മിച്ച് മെഷീൻ സ്ഥാപിച്ചു എന്നാണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ സൂചിപ്പിക്കുന്നതെന്നും ഇക്കാര്യത്തിൽ എന്താണ് വ്യക്തമാക്കാനുള്ളതെന്നും സമിതി ആരാഞ്ഞു. മെഷീൻ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2018-ൽ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് കത്ത് നൽകിയതായി ഫയലിലുണ്ടെന്നും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ചർച്ചകൾ നടത്തിയതായും സർക്കാരിന് കത്ത് നൽകിയതായും രേഖകളിലുണ്ടെങ്കിലും 2019-ലാണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് നൽകിക്കൊണ്ടുള്ള തീരുമാനമുണ്ടായതെന്നും തീരുമാനം വരുന്നതിന് മുമ്പായി ഉപകരണങ്ങൾ ഇറക്കിവെച്ചതുകൊണ്ടാണ് അന്നത്തെ സെക്രട്ടറി ഇത്തരത്തിലൊരു കത്ത് ബ്ലോക്ക് പഞ്ചായത്തിന് നൽകാനിടയായതെന്നും മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ലക്ഷകണക്കിന് രൂപയുടെ ഉപകരണങ്ങൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ഇറക്കിവെച്ചതെന്നാണ് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയതെന്നും സംയുക്ത പദ്ധതിയാകുമ്പോൾ ആദ്യം അത് നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

29. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പഞ്ചായത്താണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ കൂടിയാലോചനകളുണ്ടായിട്ടില്ലെന്നും വകുപ്പുതല അവലോകന യോഗത്തിൽ ഹാജരായ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയോട് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ അന്നത്തെ സെക്രട്ടറി ഇത്തരത്തിലൊരു കത്ത് നൽകാനുണ്ടായ സാഹചര്യത്തെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & SPAO സമിതിയെ ബോധിപ്പിച്ചു.

30. പദ്ധതിയുടെ ഉദ്ദേശ്യം നല്ലതായിരുന്നുവെന്നതിൽ തർക്കമില്ലെന്നും പഞ്ചായത്തിന്റെ സമ്മതമില്ലാതെയും സ്ഥലം കൈമാറി ലഭിക്കാതെയുമാണ് നിർമ്മാണപ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് നടത്തിയതെന്ന് വ്യക്തമാകുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

31. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചർച്ച നടത്തിയിരുന്നെങ്കിലും ഉപകരണങ്ങൾ ഇറക്കി വെച്ചതിനുശേഷമാണ് അനുമതി നൽകിയതെന്ന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ വ്യവസായ കോംപ്ലക്സിൽ പ്രവർത്തിക്കാത്ത ഒരു അറവുശാലയുണ്ടായിരുന്നുവെന്നും അത് പ്രവർത്തിപ്പിക്കണമെന്നുള്ള നിലപാട് പഞ്ചായത്ത് സ്വീകരിച്ചതുകൊണ്ടാണ് ഉപകരണങ്ങൾ മാറ്റണമെന്നുള്ള അഭിപ്രായം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

32. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വ്യവസായ കോംപ്ലക്സിൽ എം.ആർ.എഫ്.സി. സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി 4,22,607/-രൂപ വിനിയോഗിച്ചുവെന്ന് ഓഡിറ്റ് പരാമർശമുണ്ടെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആകെ 6,18,724/-രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പദ്ധതി നടപ്പാക്കുന്നതിന് മികച്ച സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിലേക്കായി ഡൽഹിയിൽ സന്ദർശനം നടത്തിയതുൾപ്പെടെ ഐ.ആർ.ടി.സി. (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി

സെന്റർ)-ക്ക് നൽകിയ തുക ഇതിലുൾപ്പെടുമെന്നും ബ്ലോക്ക് പഞ്ചായത്ത് പരിശോധിച്ചത് ടെക്നിക്കൽ വശം മാത്രമാണെന്നും ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ചില്ലെന്നും ഇത്തരം പദ്ധതികളിൽ നാട്ടുകാരുടെ പ്രതിഷേധമുണ്ടാകുമെന്നതിനാൽ ആദ്യം ചെയ്യേണ്ടത് പരാതികൾ ഉയർന്നുവരാത്ത തരത്തിലുള്ള ഭൂമി കണ്ടെത്തുകയാണെന്നും നിലവിൽ ഗ്യാരന്റി പിരീഡ് കഴിഞ്ഞതിനാൽ ഉപകരണങ്ങളുടെ ഉത്തരവാദിത്തം കമ്പനി ഏറ്റെടുക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

33. ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഐ.ആർ.ടി.സി.-യുമായി ഇക്കാര്യം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഐ.ആർ.ടി.സി. തയ്യാറാണെന്നും ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും ത്രീ ഫേസ് കണക്ഷനും ലഭ്യമാക്കുകയാണെങ്കിൽ തുടർനടപടികളുമായി മുന്നോട്ടുപോകാമെന്നാണ് ഐ.ആർ.ടി.സി.-യിൽ നിന്നും അറിയിച്ചിരിക്കുന്നതെന്നും മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

34. കൃഷ്ണപുരം പഞ്ചായത്തിൽ എം.ആർ.എഫ്.സി. സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രാദേശിക എതിർപ്പുമൂലം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് തടസ്സമുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാൻ തീരുമാനിച്ച പ്ലാന്റിനെ സംബന്ധിച്ച് ഡൽഹി പോലുള്ള മെട്രോ നഗരങ്ങൾക്ക് ആവശ്യമായ ഉയർന്ന ശേഷിയുള്ള പ്ലാന്റ് ഗ്രാമപ്രദേശത്ത് ആവശ്യമുണ്ടോയെന്ന മറ്റൊരു പരാമർശവും ഓഡിറ്റ് വകുപ്പ് നടത്തിയിട്ടുണ്ടെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തി.

35. പദ്ധതി നിർവഹണ സമയത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ രൂപപ്പെട്ടുവരുന്നതേ ഉണ്ടായിരുന്നുള്ളുവെന്നും കേവലം ഒരു മാലിന്യ നിർമ്മാർജ്ജന പദ്ധതി എന്നതിലുപരി പൊതുവിൽ ജില്ലക്കും നഗരസഭകളുൾപ്പടെ സമീപ തദ്ദേശസ്ഥാപനങ്ങൾക്കും കൂടി പ്രയോജനപ്പെടുത്താനാവുമെന്ന സങ്കൽപ്പത്തിൽ ഒരു മികച്ച മാതൃക സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തികമാക്കാനായിരിക്കും ഉദ്ദേശിച്ചതെന്നും അക്കാലത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 10 ശതമാനം

നിർബന്ധമായും മാലിന്യ സംസ്കരണത്തിന് വകയിരുത്തണമെന്ന സർക്കാർ നിർദ്ദേശവുമുണ്ടായിരുന്നുവെന്നും തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

36. ഹരിത കർമ്മ സേന രൂപീകരിക്കുന്നതിന് മുമ്പാണ് പ്രൊപ്പോസൽ വന്നതെന്നും മികച്ച ഒരു പദ്ധതിയായിരുന്നുവെങ്കിലും വിജയം കൈവരിച്ചില്ലെന്നും മുളുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് കൃഷ്ണപുരം പഞ്ചായത്തിന്റെ എം.സി.എഫ്. കത്തി നശിച്ചിരുന്നുവെന്നും അവിടെ പുതിയ എം.സി.എഫ്. സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ 16 ലക്ഷം രൂപയുടെ എസ്.ഡി.എം. ഫണ്ട് കൂടി വകയിരുത്തിക്കൊണ്ട് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും കൃഷ്ണപുരം പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കി സംയുക്ത പദ്ധതിയായിട്ടാണ് നടപ്പാക്കുന്നതെന്നും മുളുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ത്രീ ഫേസ് കണക്ഷൻ ലഭിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ത്രീ ഫേസ് ലൈൻ വലിച്ചിട്ടുണ്ടെങ്കിലും വയറിങ് ജോലികൾ പൂർത്തീകരിക്കാത്തതിനാൽ കണക്ഷൻ ലഭ്യമായിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഉപകരണങ്ങൾ സ്ഥാപിച്ചതിനുശേഷമുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും/ശിപാർശകളും

37. ഇ-വേസ്റ്റുകളുടെ വ്യാവസായികടിസ്ഥാനത്തിലുള്ള സംസ്കാരത്തിനായി (Material Recovery Facility Centre (MRFC) സ്ഥാപിക്കുക എന്ന മുളുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയുടെ ഉദ്ദേശ്യം നല്ലതായിരുന്നുവെങ്കിലും, പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ദീർഘവീക്ഷണം ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായിരുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന തദ്ദേശവാസികളുടെ എതിർപ്പ് മനസ്സിലാക്കാൻ സാധിക്കാതെ പോയതും, ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് മെഷീൻ വാങ്ങുന്നതിനുള്ള തീരുമാനം പദ്ധതിയുടെ

സുഗമമായ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള പരാജയം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ദീർഘവീക്ഷണമില്ലായ്മക്ക് ഉത്തമോദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും, ഈ കാരണത്താൽ ജില്ലയ്ക്കും, നഗരസഭയുൾപ്പെടെ സമീപ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്ന ഇ-വേസ്റ്റ് മാലിന്യ നിർമ്മാർജന പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയെന്നും സമിതി വിലയിരുത്തി. വരും കാലങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള പദ്ധതി നടത്തിപ്പിൽ, പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന പ്രതിസന്ധികൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആവശ്യമായ ശ്രദ്ധ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

38. കൃഷ്ണപുരം പഞ്ചായത്തിന്റെ എം.സി.എഫ്. കത്തി നശിച്ചിതിനാൽ അവിടെ പുതിയ എം.സി.എഫ്. സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ 16 ലക്ഷം രൂപയുടെ എസ്.ഡി.എം. ഫണ്ട് കൂടി വകയിരുത്തിക്കൊണ്ട് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാവുന്നതും കൃഷ്ണപുരം പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കി സംയുക്ത പദ്ധതിയായിട്ട് നടപ്പാക്കാവുന്നതാണെന്നും ത്രീ ഫേസ് ലൈൻ വലിച്ചിട്ടുണ്ടെങ്കിലും വയറിങ് ജോലികൾ പൂർത്തീകരിക്കാത്തതിനാൽ കണക്ഷൻ ലഭ്യമായിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഉപകരണങ്ങൾ സ്ഥാപിച്ചതിനുശേഷമുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്-പദ്ധതി നിർവഹണത്തിലെ പാളിച്ചകൾ

[മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]

പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ നിർവ്വഹണത്തിനായി (പ്രോജക്ട്

നം. 45/18) 36,72,644/- രൂപ മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഏജൻസിയായ Integrated Rural Technology Centre (IRTC)യ്ക്ക് നൽകിയെങ്കിലും പദ്ധതി ആസൂത്രണത്തിലേയും, നിർവ്വഹണത്തിലേയും പാളിച്ചകൾമൂലം ചെലവഴിച്ച തുകയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കാതിരിക്കുന്നതിനും, സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്വകാര്യ സ്വത്തായി മാറുന്നതിനും ഇടയാക്കി.

ഈ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന 5 സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 36.73 ലക്ഷം രൂപ മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച IRTC യ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയത്.

ക്രമ നം.	യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ച സ്ഥലം	തീരുമാനം നമ്പർ/തീയതി	എസ്റ്റിമേറ്റ്	മുൻകൂറായി നൽകിയ തുക	ബിൽ നം./ തീയതി
1	ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാവിൽപ്പടിക്കൽ ദേവിക്ഷേത്രം	23.10.17 ലെ 11(3) തീരുമാനം	2206545@735515	21,84,000	23/18.11.17
2	സെന്റ് തോമസ്, കാർത്തികപ്പള്ളി	23.10.17 ലെ 11(3) തീരുമാനം	2206545@735515		23/18.11.17
3	കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ കുറക്കാവ് ക്ഷേത്രപരിസരം (കാപ്പിൽ കുറ്റിപ്പുറം ചന്തയ്ക്ക് സമീപം)	23.10.17 ലെ 11(3) തീരുമാനം	2206545@735515		23/18.11.17
4	വെട്ടിക്കുളങ്ങര കേത്രപരിസരം	09.02.18 ലെ 11(4) തീരുമാനം	1488644@744322	7,44,322	44/21.03.18
5	ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരം	09.02.18 ലെ 11(4) തീരുമാനം	1488644@744322	7,44,322	44/21.03.18
			ആകെ	**36,72,644**	

<u>പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും ശ്രദ്ധേയമായ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെന്നിരിക്കെ ഈ പദ്ധതിയുടെ വിജയത്തിന് അവരുടെ സഹകരണം അവശ്യഘടകമാണ്. എന്നാൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഭാഗഭാക്കാക്കുകയോ, സംയുക്ത പദ്ധതിയായി നടപ്പാക്കുകയോ ചെയ്തില്ല.

2. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങൾ ഒന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളവയോ, പദ്ധതി നടത്തിപ്പിനായി വിട്ടുകിട്ടിയവയോ ആയിരുന്നില്ല. ക്രമ നം. 5-ൽ പ്രതിപാദിച്ചതൊഴികെയുള്ള സ്ഥലങ്ങൾ സ്വകാര്യ ദേവാലയങ്ങളുടെ അധീനതയിലുള്ളവ ആയിരുന്നു.

3. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടേയോ സ്ഥലം ഉടമസ്ഥരുടേയോ സമ്മതപത്രം ലഭിച്ചിട്ടില്ല. സ്ഥലം കൈമാറി കിട്ടുകയോ, പദ്ധതിയുടെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥലം ഉടമസ്ഥരുമായി കരാർ ചമയ്ക്കുകയോ ചെയ്യാതെയാണ് പദ്ധതിപ്പണം മുൻകൂറായി നിർവ്വഹണ ഏജൻസിക്ക പിൻവലിച്ചു നൽകിയത്.

4. ആദ്യ മൂന്ന് യൂണിറ്റുകൾക്കായി 13.12.2017 ലും, മറ്റ് രണ്ട് യൂണിറ്റുകൾക്കായി 12.03.2018 ലും IRTC-യുമായി വച്ച എഗ്രിമെന്റിന്റെ 3-ാം വ്യവസ്ഥ പ്രകാരം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്ത് മാർക്ക് ചെയ്തു തരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി സ്ഥലങ്ങളൊന്നും ബ്ലോക്ക് പഞ്ചായത്ത് മാർക്ക് ചെയ്ത് നൽകിയില്ലെന്നാണ് സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

5. യൂണിറ്റുകൾ സ്ഥാപിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഇതിന്റെ ആവശ്യകത നിർണ്ണയിച്ചതായി രേഖയില്ല.

6. പദ്ധതികൾ ആരംഭിക്കുന്നതിനു മുൻപേതന്നെ നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മുഴുവൻ തുകയും മുൻകൂറായി പിൻവലിച്ചു നൽകിയെങ്കിലും തുകയുടെ കൈപ്പറ്റ് രസീത് ഒഴികെ പദ്ധതി നിർവ്വഹണ സംബന്ധമായി എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരമുള്ള യാതൊരു രേഖകളും നിർവ്വഹണ ഏജൻസി ഹാജരാക്കിയിട്ടില്ല.

7. പദ്ധതി പ്രവർത്തനത്തിനാവശ്യമായ വെള്ളം, വൈദ്യുതി സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കുന്നതാണെന്നാണ് ധാരണാപത്രത്തിലെ വ്യവസ്ഥയെങ്കിലും, ഇത് പാലിക്കപ്പെട്ടില്ല.

8. മാലിന്യം തരംതിരിച്ച് യൂണിറ്റുകളിൽ എത്തിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും നടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതായി രേഖയില്ല

9. മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ പരമാവധി 4 മാസത്തെ സമയമാണ് പദ്ധതി പൂർത്തീകരിക്കുന്നതിനായി ധാരണാ പത്രത്തിൽ അനുവദിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് സമയം വരെ (12/18) ക്രമനം. 1, 4, 5ൽ പ്രതിപാദിച്ച സ്ഥലങ്ങളിൽ മാത്രമാണ് യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. പൂർത്തികരിച്ച യൂണിറ്റുകൾ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമാണ് സ്ഥാപിക്കപ്പെട്ടതെന്നതിൻമേൽ സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധിച്ച് ഉറപ്പാക്കിയിട്ടുമില്ല.

10. വെട്ടിക്കുളങ്ങര ദേവീക്ഷേത്ര പരിസരത്തും, കാവിൽപ്പടിക്കൽ ദേവീക്ഷേത്ര പരിസരത്തും സ്ഥാപിക്കപ്പെട്ട യൂണിറ്റുകൾ പ്രവർത്തന സജ്ജമെങ്കിലും പദ്ധതിസ്ഥലം കൈമാറി കിട്ടാത്തതിനാലും, ഇതു സംബന്ധമായി സ്ഥലം ഉടമകളുമായി ധാരണാപത്രം ചമച്ചിട്ടില്ലാത്തതിനാലും പൊതുജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാത്ത അവസ്ഥയുു

കാരണമായി. ഈ പദ്ധതിയുമായി ഗ്രാമപഞ്ചായത്തുകൾക്ക് പങ്കാളിത്തമില്ലാത്തതിനാലും യൂണിറ്റുകൾ കൈമാറി കിട്ടാത്തതിനാലും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തന സംബന്ധമായി പഞ്ചായത്തിന് യാതൊരു അറിവും ഇല്ലെന്നാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ സ്ഥാപിക്കപ്പെട്ട യൂണിറ്റുകളിലേക്ക് പുറമേ നിന്നുള്ള മാലിന്യങ്ങൾ എത്തിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ നിർമ്മിക്കപ്പെട്ട യൂണിറ്റുകളുടെ പ്രയോജനം പൊതുജനത്തിന് ലഭിക്കാതെപോയി. പദ്ധതി ആസൂത്രണത്തിലുണ്ടായ പിഴവാണ് ഈ അവസ്ഥയ്ക്ക് കാരണമായത്. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരത്ത് യൂണിറ്റ് സ്ഥാപിക്കപ്പെട്ടുവെങ്കിലും ഇത് ഗ്രാമപഞ്ചായത്തിന് കൈമാറാത്തതുമൂലം നാളിതുവരെ പ്രവർത്തിപ്പിച്ചില്ലെന്ന് ദേവികുളങ്ങര ഗ്രാമപഞ്ചായത്തു സെക്രട്ടറി രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/13.12.18) തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് കഴിഞ്ഞില്ല.

പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലുമുണ്ടായ പാളിച്ചകൾ 36.73 ലക്ഷം രൂപ ചെലവഴിച്ച ഈ പദ്ധതിയുടെ പ്രയോജനം നാളിതുവരെ പൊതുജനത്തിന് ലഭിക്കാതിരിക്കാൻ ഇടയാക്കിയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പൊതു പണം വിനിയോഗിച്ച് നിർമ്മിച്ച രണ്ട് യൂണിറ്റുകൾ സ്വകാര്യ ആസ്തിയായി മാറിയ സാഹചര്യത്തിൽ ഇതിലേക്കായുള്ള 14,79,837/-രൂപയുടെ ചെലവ് (735515+744322) ഓഡിറ്റിൽ നിരാകരിക്കുന്നതായും ഇത് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും, ടി സ്ഥലങ്ങളിൽ യൂണിറ്റ് സ്ഥാപിക്കുവാൻ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ശേഷിച്ച 3 യൂണിറ്റുകളിൽ ഒന്ന് പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാലും രണ്ടെണ്ണം നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാലും ശേഷിച്ച ചെലവുതുകയായ

21,92,807/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. സ്ഥാപിക്കാത്ത യൂണിറ്റുകൾക്കായി നിർവ്വഹണ ഏജൻസിയുടെ പക്കൽ മിച്ചം നിൽക്കുന്ന 14,48,485/- രൂപ (2,18,400 - 7,35,515) തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. 2017-18ൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുസ്ഥലങ്ങളിൽ അഞ്ച് എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിരുന്നുവെന്നും അതിൽ ഒരെണ്ണം ദേവികുളങ്ങര പഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റിലും മറ്റൊന്ന് കരീലക്കുളങ്ങര സ്പിന്നിങ് മില്ലിലും ബാക്കിയുള്ളവ ക്ഷേത്രപരിസരത്തുള്ള സദ്യാലയങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിലുമായിരുന്നു സ്ഥാപിച്ചതെന്നും കൃഷ്ണപുരം, ദേവികുളങ്ങര എന്നീ ഗ്രാമപഞ്ചായത്തുകളിലെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ബാക്കിയുള്ള യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മുൻ ദിവസം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചർച്ച നടത്തിയെങ്കിലും പുറത്തുനിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സമ്മതമല്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്നും അവിടുത്തെ മാലിന്യങ്ങൾ ഉപയോഗിച്ച് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സാധിക്കുന്നതാണെന്നും മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു

40. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചത് എന്നാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് 2018-ലാണ് സ്ഥാപിച്ചതെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ വിശ്വഭാരതി സ്കൂൾ

പനയന്നാർകാവ് ക്ഷേത്രവളപ്പിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റ് മാത്രമാണ് പ്രവത്തനക്ഷമമായിട്ടുള്ള ഏക യൂണിറ്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ട് കുറച്ച് ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളുവെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ക്ഷേത്ര പരിസരങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചതെന്നാണെന്ന സമിതിയുടെ ചോദ്യത്തിന് ക്ഷേത്രപരിസരത്ത് സദ്യാലയങ്ങളുള്ളതു കൊണ്ടാണ് യൂണിറ്റുകൾ സ്ഥാപിച്ചതെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സ്പിന്നിങ് മില്ലിലെ മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് പ്രസ്തുത സ്ഥാപനത്തിന്റെ ചുമതലയാണെന്നും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തന ചുമതല ആർക്കാണെന്ന് സമിതി ആരാഞ്ഞതിന് അതത് യൂണിറ്റുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം ഉടമസ്ഥരുടെ ഉത്തരവാദിത്തമാണെന്നും പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ സാങ്കേതിക സഹായവും അതിനനുസരിച്ച് തൊഴിലാളികളെയും കൊടുക്കാൻ കഴിയുമെങ്കിൽ മാത്രമേ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളുവെന്ന് സമിതി അഭിപ്രായപ്പെട്ടു

41. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തും ക്ഷേത്രഭാരവാഹികളും തമ്മിൽ യാതൊരു കരാറും നിലവിലില്ലാത്തതിനാൽ ക്ഷേത്രഭാരവാഹികൾക്ക് ഇക്കാര്യത്തിൽ യാതൊരു ബാധ്യതയുമില്ലെന്ന് സമിതി വിലയിരുത്തി. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ലെന്നും ക്ഷേത്രഭാരവാഹികളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ സ്വമേധയാ പ്രവർത്തിപ്പിക്കാമെന്ന ധാരണയിലെത്തിയിട്ടുണ്ടെന്നും മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

42. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ ക്ഷേത്രഭാരവാഹികളിൽ നിന്നും പഞ്ചായത്തിന് കൈമാറേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിച്ച എന്നല്ലാതെ പഞ്ചായത്തിന്റെ ആസ്തിയൊന്നും ഇതിൽ ഉൾപെടുന്നില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & SPAO സമിതിയെ അറിയിച്ചു. ജൈവ ഉറവിട മാലിന്യ

സംസ്കരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതിയിൽ കമ്പോസ്റ്റ് യൂണിറ്റുകൾ അതാത് സ്ഥാപനങ്ങൾ തന്നെ പ്രവർത്തിപ്പിക്കട്ടേയെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ നിലപാട് ശരിയല്ലെന്നും അത്തരത്തിൽ ഒരു സ്ഥലത്തും കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും തൊഴിലാളികളെയും ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയാൽ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണെന്നും കമ്പോസ്റ്റ് യൂണിറ്റിറ്റിന്റെ പ്രവർത്തനത്തിന് ക്ഷേത്രഭാരവാഹികൾക്ക് തുക ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിയായതുകൊണ്ടാവാം അവർ ഇക്കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത പദ്ധതി വരുന്നതിനുമുമ്പ് സദ്യാലയങ്ങളിലെ മാലിന്യങ്ങൾ എന്താണ് ചെയ്തിരുന്നതെന്ന് സമിതി ആരാഞ്ഞു. സദ്യ നടത്തുന്നവർ തന്നെ മാലിന്യങ്ങൾ കൊണ്ടുപോകുകയാണ് ചെയ്തിരുന്നതെന്ന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കരീലക്കുളങ്ങര കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽ പരിസരത്ത് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചത് പൊതുതാല്പര്യം കൂടി കണക്കിലെടുത്തല്ലേയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ ചോദ്യത്തിന് മുന്നൂറോളം തൊഴിലാളികൾ ജോലി ചെയ്യുന്നതും 24 മണിക്കൂർ പ്രവർത്തിക്കുന്നതുമായ സ്ഥാപനമായതിനാൽ ധാരാളം വേസ്റ്റുണ്ടാകുന്നു എന്നതിനാലാണ് അവിടെ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതെന്ന് മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട അധികാരികളുമായി ധാരണയിലെത്തി സാങ്കേതിക സഹായവും തൊഴിലാളികളെയും ലഭ്യമാക്കിയാൽ യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കാവുന്നതാണെന്നും സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ പുറത്തു നിന്നുമുള്ള മാലിന്യം സംസ്കരിക്കാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കമ്പോസ്റ്റ് യൂണിറ്റിൽ നിന്നുമുണ്ടാകുന്ന വളം പഞ്ചായത്തിന് വിൽപ്പന നടത്താൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതാണെന്ന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

43. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമ്പോൾ ഉണ്ടാകുന്ന മറ്റ് വിഷയങ്ങളെക്കുറിച്ച് ആലോചിക്കാതെയാണ് യൂണിറ്റുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തതെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രായോഗിക സംവിധാനങ്ങളേർപ്പെടുത്തി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനും അതിൽ നിന്നുണ്ടാകുന്ന വളം കൃഷിക്കാർക്ക് സബ്സിഡി റേറ്റിൽ നൽകുവാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ അവയുടെ തുടർപ്രവർത്തനത്തിന്റെ ഓരോ ഘട്ടവും മോണിറ്റർ ചെയ്യാൻ പ്രതിബദ്ധതയുള്ള ആളുണ്ടാകണമെന്നും സമിതി വ്യക്തമാക്കി. വളരെ കുറച്ച് സ്ഥലത്ത് നടപ്പാക്കാൻ സാധിക്കുന്ന പദ്ധതിയാണിതെന്നും ക്ഷേത്രങ്ങളിൽ വളരെ കുറച്ച് മാലിന്യം മാത്രമേ സംസ്കരിക്കേണ്ടി വരുന്നുള്ളൂവെന്നും കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ക്ഷേത്രഭാരവാഹികൾ മുൻകൈയെടുക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും കമ്പോസ്റ്റ് യൂണിറ്റിൽ നിന്നുണ്ടാകുന്ന വളം വിൽക്കുന്നതിലൂടെയും മറ്റും പണം ലഭിക്കുന്ന സാഹചര്യത്തിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ പഞ്ചായത്തുകൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വരില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

44. മാലിന്യ സംസ്കരണ ക്യാമ്പയിന്റെ ഭാഗമായി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പദ്ധതി പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്താവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായ ഇടപെടൽ നടത്തണമെന്ന് സമിതി നിർദേശിച്ചു. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിച്ച് അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും/ശിപാർശകളും

45. ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി സെന്റ് തോമസ് സ്കൂൾ പരിസരത്ത് സ്ഥാപിക്കേണ്ട എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റിന് പകരം

പത്തിയൂർ ഗ്രാമപഞ്ചായത്തിലെ കരീലക്കുളങ്ങര കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിന്റെ പരിസരത്താണ് സ്ഥാപിച്ചതെന്നും സ്പിന്നിങ് മില്ലിലെ മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് അതത് യൂണിറ്റുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം ഉടമസ്ഥരുടെ ഉത്തരവാദിത്തമാണെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും മനസ്സിലാക്കിയ സമിതി ബ്ലോക്ക് പഞ്ചായത്തിന്റെ സാങ്കേതിക സഹായവും അതിനനുസരിച്ച് തൊഴിലാളികളെയും കൊടുക്കാൻ കഴിയുമെങ്കിൽ മാത്രമേ ശരിയായ രീതിയിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളുവെന്ന് സമിതി അഭിപ്രായപ്പെടുന്നു.

46. കൃഷ്ണപുരം വിശ്വഭാരതി സ്കൂൾ പനയർക്കാവ് ക്ഷേത്രവളപ്പിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തും ക്ഷേത്രഭാരവാഹികളും തമ്മിൽ യാതൊരു കരാറും നിലവിലില്ലാത്തതിനാൽ ക്ഷേത്രഭാരവാഹികൾക്ക് ഇക്കാര്യത്തിൽ യാതൊരു ബാധ്യതയുമില്ലെന്ന് സമിതി വിലയിരുത്തുന്നു.

47. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട അധികാരികളുമായി ധാരണയിലെത്തി സാങ്കേതിക സഹായവും തൊഴിലാളികളെയും ലഭ്യമാക്കിയാൽ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കാവുന്നതാണെന്നും സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ പുറത്തു നിന്നുമുള്ള മാലിന്യം സംസ്കരിക്കാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

48. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമ്പോൾ ഉണ്ടാകുന്ന മറ്റ് വിഷയങ്ങളെക്കുറിച്ച് ആലോചിക്കാതെയാണ് യൂണിറ്റുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തതെന്ന് സമിതി വിലയിരുത്തി. പ്രായോഗിക സംവിധാനങ്ങളേർപ്പെടുത്തി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനും അതിൽ നിന്നുണ്ടാകുന്ന വളം കൃഷിക്കാർക്ക് സബ്സിഡി റേറ്റിൽ നൽകുവാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ അവയുടെ തുടർപ്രവർത്തനത്തിന്റെ ഓരോ ഘട്ടവും മോണിറ്റർ ചെയ്യാനുള്ള നടപടിയും ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

49. കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ക്ഷേത്രഭാരവാഹികൾ മുൻകൈയെടുക്കാത്ത സാഹചര്യത്തിൽ യൂണിറ്റുകൾ പ്രവർത്തിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും കമ്പോസ്റ്റ് യൂണിറ്റിൽ നിന്നുണ്ടാകുന്ന വളം വിറ്റ് പണം കണ്ടെത്തുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും, വളം വിൽക്കുന്നതിലൂടെ പണം ലഭിക്കുന്ന സാഹചര്യത്തിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ പഞ്ചായത്തുകൾക്ക് കൂടുതൽ തുക ഇതിനായി ചെലവഴിക്കേണ്ടി വരില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

50. മാലിന്യ സംസ്കരണ ക്യാമ്പയിന്റെ ഭാഗമായി എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായ ഇടപെടൽ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

51. മുളകുളം ബ്ലോക്ക് പഞ്ചായത്തിലെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിച്ചതിന് ശേഷം വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

എറണാകുളം ജില്ല

മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രി - 1.98 കോടി രൂപ അക്കൗണ്ടിൽ ഉണ്ടായിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

[ജില്ലാ പഞ്ചായത്ത് എറണാകുളം 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-53]

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതിയിൽ മൃഗങ്ങളെ കിടത്തി ചികിത്സിക്കുന്നതിനായി മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി സ്ഥാപിക്കുന്നതിനായി വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി 2 കോടി രൂപ അടങ്കൽ വകയിരുത്തിയ പ്രൊജക്റ്റിന് 30.05.2014-ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. കേരള യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹകരണത്തോടെ സ്ഥാപിക്കാനുദ്ദേശിച്ച ആശുപത്രിക്കുവേണ്ടി വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ വരിക്കോലി

ഗവ: യു.പി സ്കൂളിന്റെ 47 സെന്റ് സ്ഥലം വിട്ട് നല്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചുവെങ്കിലും ഉടമസ്ഥാവകാശം സംബന്ധിച്ച റവന്യൂരേഖകൾ ലഭ്യമല്ലാത്തതിനാൽ, ഈ സ്ഥലത്തിനു പകരം വടയമ്പാത്തുമലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഒരു ഏക്കർ അറുപത് സെന്റ് സ്ഥലത്തിൽ നിന്ന് 80 സെന്റ് സ്ഥലം മൃഗാശുപത്രി നിർമ്മിക്കാൻ വിട്ടുനല്കാമെന്ന് 28.10.2014 ൽ വടവുകോട്-പുത്തൻകരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് ജില്ലാ പഞ്ചായത്തിനെ അറിയിച്ചു

ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട മൃഗാശുപത്രിയുടെ വിശദമായ പ്ലാനും, ഡിസൈനും തയ്യാറാക്കാനായി തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിനെയും, സോയിൽ ടെസ്റ്റ് ഉൾപ്പെടെയുള്ള പ്രാഥമികപ്രവർത്തനങ്ങൾ നടത്തുന്നതിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെയും 24.10.2014 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി ചുമതലപ്പെടുത്തി.

ഈ പദ്ധതി ഗ്രാമ-ബ്ലോക്ക്-നഗരസഭ വിഹിതങ്ങൾ ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടായി നടപ്പാക്കാനാണ് ആസൂത്രണസമിതി അംഗീകാരം നല്കിയിരിക്കുന്നത് എന്നതിനാൽ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും വിഹിതം പ്രത്യേകം നിശ്ചയിച്ചിരുന്നു. അതുപ്രകാരം 31.03.2018 വരെ ലഭ്യമായ തുക ചുവടെച്ചേർക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനം	പോജ്ക്ടുകളിലൂടെ വകയിരുത്തിയ വിഹിതം	ലഭ്യമായ വിഹിതം
ഗ്രാമപ്രഞ്ചായത്ത് @ 2,00,000	1,48,74,991	1,24,17,767
ബോക്ക് പഞ്ചായത്ത് @ 3,00,000	38,00,000	34,00,000
മുനിസിപ്പാലിറ്റി @ 5,00,000	44,00,000	4,00,000
ജില്ലാപഞ്ചായത്ത് @ 25,00,00	35,75,547	36,00,000
ആകെ അടങ്കൽ	**2,66,50,538**	**1,98,17,767**

മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി എന്ന ഈ പ്രൊജക്ടിനായി ആകെ വകയിരുത്തിയതിൽ 74% തുകയും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ

പ്രോജക്ടുകളിലൂടെ ജില്ലാ പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂൾ പ്രകാരം സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലെ 31.03.2018 ലെ നീക്കിയിരുപ്പ് തുകയായ 22,22,74,188/- രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇത്രയും തുക ലഭ്യമായിട്ടും മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സ്ഥലം നൽകാമെന്നേറ്റിട്ടും, ആ സ്ഥലം പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ല. ഈ സ്ഥലത്ത് ആശുപത്രി പണിയുന്നതിനായി സോയിൽ ടെസ്റ്റ് നടത്തുന്നതിനും, ഡിസൈൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചുവെങ്കിലും, ആ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. സാങ്കേതികമായ ഫീസിബിലിറ്റി ഇല്ലാത്ത സ്ഥലമാണെങ്കിൽ, ആയത് ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതായിരുന്നു. അതേസമയം വടവുകോട് ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം നഗരസഭ, ആവോലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി പണിയുന്നതിനായി സ്ഥലം ലഭ്യമാക്കാമെന്ന് രേഖാമൂലം ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടുമുണ്ടായിരുന്നു. ഈ സ്ഥലങ്ങളുടെ സാധ്യതയും പരിഗണിച്ചതായി കാണുന്നില്ല.

ഇത്രയും തുക വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് സമാഹരിച്ച് ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഏതാവശ്യത്തിനാണോ തുക സമാഹരിച്ചത്, പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിച്ച് തുക ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. 2014-15 സാമ്പത്തിക വർഷത്തിൽ മൃഗങ്ങളെ കിടത്തി ചികിൽസിക്കുന്നതിനായി മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിതെന്നും പ്രസ്തുത പദ്ധതിക്കായി വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ സ്ഥലം കണ്ടെത്തിയെങ്കിലും പ്രാദേശിക എതിർപ്പുകളെ തുടർന്ന് നടപ്പാക്കാൻ കഴിയാതെ വന്നുവെന്നും ആ സമയത്താണ് തെരുവുനായ്ക്കളുടെ ആക്രമണവും ശല്യവും വർദ്ധിച്ചതിനെതിരെ ഹൈക്കോടതി രൂക്ഷവിമർശനമുന്നയിച്ചതെന്നും അതിന്റെ ഭാഗമായി തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രണവിധേയമാക്കുന്നതിന് എ.ബി.സി. പ്രോഗ്രാം നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുകയും തുടർന്ന് മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രി സ്ഥാപിക്കുന്നതിനായി വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി സ്വരൂപിച്ച തുക എ.ബി.സി പ്രോഗ്രാമിന് വേണ്ടി വിനിയോഗിക്കണമെന്ന് പൊതുതീരുമാനത്തിലെത്തുകയും ചെയ്തുവെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പദ്ധതിക്ക് 2017-ൽ സർക്കാരിൽ നിന്ന് അനുമതി ലഭിച്ചെന്നും മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിക്കായി സ്വരൂപിച്ച 1,98,17,767/- രൂപയിൽ നിന്നും എ.ബി.സി പദ്ധതിക്കായി ചെലവഴിച്ച 21,84,186/- രൂപ കിഴിച്ച് ബാക്കി തുകയായ 1,76,33,581/-രൂപ 2018-ൽ സർക്കാരിലേക്ക് തിരിച്ചടുത്തിട്ടുണ്ടെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

53. വടവുകോട് ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം നഗരസഭ, ആവോലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൾട്ടി സ്പെഷ്യലിറ്റി മൃഗാശുപത്രിക്കായി സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ട് എന്തുകൊണ്ടാണ് പരിഗണിക്കാത്തതെന്ന് സമിതി ആരാഞ്ഞു. സ്ഥലം ലഭ്യമായെങ്കിലും അവിടെയെല്ലാം പ്രാദേശിക എതിർപ്പുണ്ടായതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചില്ലെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നാണോ തുക വകയിരുത്തിയതെന്ന സമിതിയുടെ ചോദ്യത്തിന് തനത് ഫണ്ടും ഉൾപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് വിഹിതം നൽകിയിട്ടുണ്ടെങ്കിൽ തുക തിരികെ നല്കാൻ ജില്ലാ പഞ്ചായത്തിന് ഉത്തരവാദിത്തമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

54. മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രിക്ക് വേണ്ടി വകയിരുത്തിയ തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ചേർന്ന് നടപ്പാക്കുന്ന എ.ബി.സി. പ്രോഗ്രാമിനായി വിനിയോഗിക്കാൻ തീരുമാനിച്ചതിനാൽ പഞ്ചായത്തുകൾ തനത് ഫണ്ട് തിരികെ ആവശ്യപ്പെട്ടിട്ടില്ലെന്നും എ.ബി.സി. പദ്ധതിക്കായി 21,84,186/- രൂപ ചെലവഴിച്ചിരുന്നുവെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

55. സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുള്ള തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഫണ്ട് തിരികെ നൽകണമെന്നാവശ്യപ്പെട്ട് നടപടിക്രമം പാലിച്ച് പ്രൊപ്പോസൽ നൽകിയാൽ പരിശോധിച്ച് തിരിച്ചുകൊടുക്കുകയാണ് ചെയ്യുന്നതെന്നും പ്രസ്തുത വിഷയത്തിൽ തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറി തദവസരത്തിൽ സമിതിയെ അറിയിച്ചു. ധനകാര്യ വകുപ്പിനോട് തുക ആവശ്യപ്പെടാമെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുക തിരികെ ലഭിച്ചാൽ എ.ബി.സി. പദ്ധതിക്കായി ചെലവഴിക്കാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് സാധിക്കുമെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങളും/ശിപാർശകളും</u>

56. വടവുകോട് ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം നഗരസഭ, ആവോലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൾട്ടി സ്പെഷ്യലിറ്റി മൃഗാശുപത്രിക്കായി സ്ഥലം ലഭ്യമാക്കിയെങ്കിലും അവിടെയെല്ലാം പ്രാദേശിക

എതിർപ്പുണ്ടായതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചില്ലെന്നും പഞ്ചായത്തുകളുടെ തനത് ഫണ്ടും പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് വിഹിതം നൽകിയിട്ടുണ്ടെങ്കിൽ തുക തിരികെ നല്കാൻ ജില്ലാ പഞ്ചായത്തിന് ഉത്തരവാദിത്തമുണ്ടെന്ന് അഭിപ്രായപ്പെട്ടു.

57. മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രിക്കായി സ്വരൂപിച്ച തുകയിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ള തുകയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് തിരികെ ലഭ്യമാക്കാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്നും തിരികെ ലഭിക്കുന്ന തുക എ.ബി.സി. പദ്ധതിക്കായി ചെലവഴിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

58. മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രിക്ക് വേണ്ടി വകയിരുത്തിയ തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ചേർന്ന് നടപ്പാക്കുന്ന എ.ബി.സി. പ്രോഗ്രാമിനായി വിനിയോഗിക്കാൻ തീരുമാനിച്ചതിനാൽ പഞ്ചായത്തുകൾ തനത് ഫണ്ട് തിരികെ ആവശ്യപ്പെട്ടിട്ടില്ലെന്നും എ.ബി.സി. പദ്ധതിക്കായി 21,84,186/-രൂപ ചെലവഴിച്ചിരുന്നുവെന്നുമുള്ള എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

അനുബന്ധം 1

പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

ക്രമ നം	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1.	2	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ചെക്കുകളും ഡി.ഡിയും ബാങ്കിൽ സമർപ്പിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
2.	9	തദ്ദേശസ്വയംഭരണ വകുപ്പ്	കുടുംബശ്രീയിൽ രജിസ്ട്രേഷൻ ഇല്ലാത്ത യൂണിറ്റുകൾക്ക് സബ്സിഡി തുക നൽകിയതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചിരുന്നു. കുറ്റാരോപണ വിധേയനായ നിർവഹണ ഉദ്യോഗസ്ഥൻ സർവ്വീസിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 31.05.2019 ൽ റിട്ടയർ ചെയ്തതായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ മറുപടി നൽകുകയുണ്ടായി. സമിതി പരിഗണിക്കുന്ന ഓഡിറ്റ് പരാമർശങ്ങളിൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്ന് വിരമിച്ചെന്നോ മരണപ്പെട്ടെന്നോ ഉള്ള മറുപടിയാണ് പലപ്പോഴും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്നതെന്നും ഓഡിറ്റ് തടസ്സം നിലനിൽക്കുമ്പോൾ വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. നൽകുന്ന നടപടി ശരിയല്ലെന്നും സമിതി വിലയിരുത്തുന്നു. റിട്ടയർമെന്റ് മുൻകൂട്ടി

			അറിയാമായിരുന്ന സാഹചര്യത്തിൽ കുറ്റാരപണ വിധേയരായ ഉദ്യാഗസ്ഥർക്ക് എൻ. എൽ. സി നൽകുന്ന വിഷയത്തിൽ ജാഗ്രത ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
3.	10	തദ്ദേശസ്വയംഭരണ വകുപ്പ്	മൈക്രോ സംരഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ടായി 15 കുടുംബശ്രീ യൂണിറ്റുകൾക്ക് തുക കൈമാറിയതിൽ തുക തിരികെ അടയ്ക്കുവാനുള്ള 12 യൂണിറ്റുകൾ കൂടി തുക അടവാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്ന ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
4.	12	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന റോഡുകളിൽ ഇന്റർലോക്കിങ് പ്രവൃത്തി പൂർത്തീകരിച്ചത് മൂലം പ്രദേശത്തെ ജനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരപാത ലഭ്യമായിട്ടുണ്ടെന്നും യാതൊരു കേടുപാടും കൂടാതെ നിലവിലും പാതകൾ സംരക്ഷിച്ചിട്ടുണ്ടെന്നും അതിലൂടെ പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
5.	18	തദ്ദേശസ്വയംഭരണ വകുപ്പ്	കോന്നി ഗ്രാമപഞ്ചായത്തിലെ നാരായണപുരം മാർക്കറ്റിലെ 49 മത്സ്യസ്റ്റാളുകളിൽ 19 എണ്ണം പരമ്പരാഗത കച്ചവടക്കാർക്ക് നൽകുകയും ബാക്കിയുള്ള 30 സ്റ്റാളുകൾ കാർഷിക വിപണന

			കേന്ദ്രങ്ങൾക്കും ഇറച്ചി വ്യാപാരത്തിനും നൽകി മാർക്കറ്റ് സജീവമാക്കാൻ പഞ്ചായത്ത് ആലോചിക്കുന്നുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
6.	20	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 65 കോടി ലാപ്സായി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
7.	26	തദ്ദേശസ്വയംഭരണ വകുപ്പ്	ലോകബാങ്ക് സഹായത്തോടെയുള്ള ഓഫീസ് സമുച്ചയ നിർമ്മാണ പദ്ധതി തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് കൃത്യമായ ആസൂത്രണമോ കാഴ്ചപ്പാടോ ഇല്ലാതെ നടപ്പാക്കിയ പദ്ധതിയാണെന്ന് സമിതി വിലയിരുത്തുന്നു. ലോക ബാങ്ക് സഹായം ചെലവഴിക്കുന്നതിനുള്ള സമയപരിധി 31.03.2018-ൽ അവസാനിക്കുമെന്ന് അറിയാമായിരുന്നിട്ടും വകയിരുത്തിയ ബാക്കി തുക നഷ്ടപ്പെടുത്തിയ പഞ്ചായത്തിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.. ഇത്തരത്തിൽ അപ്രായോഗികമായ പദ്ധതി രൂപപ്പെടുത്തിയ പഞ്ചായത്തിന്റെ നടപടി ന്യായീകരിക്കാവുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും ലോകബാങ്ക് സഹായം നഷ്ടപ്പെട്ടിട്ടും പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പകൽ വീടായി പ്രവർത്തിച്ചുവരുന്നു എന്ന ബന്ധപ്പെട്ട

			വകുപ്പിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
8.	37	തദ്ദേശസ്വയംഭരണ വകുപ്പ്	ഇ-വേസ്റ്റുകളുടെ വ്യാവസായികടിസ്ഥാനത്തിലുള്ള സംസ്കാരത്തിനായി (Material Recovery Facility Centre (MRFC) സ്ഥാപിക്കുക എന്ന മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയുടെ ഉദ്ദേശ്യം നല്ലതായിരുന്നുവെങ്കിലും, പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ദീർഘവീക്ഷണം ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായിരുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന തദ്ദേശവാസികളുടെ എതിർപ്പ് മനസ്സിലാക്കാൻ സാധിക്കാതെ പോയതും, ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് മെഷീൻ വാങ്ങുന്നതിനുള്ള തീരുമാനം പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള പരാജയം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ദീർഘവീക്ഷണമില്ലായ്മക്ക് ഉത്തമോദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും, ഈ കാരണത്താൽ ജില്ലയ്ക്കും, നഗരസഭയുൾപ്പെടെ സമീപ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്ന ഇ-വേസ്റ്റ് മാലിന്യ നിർമ്മാർജന പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയെന്നും സമിതി വിലയിരുത്തി. വരും കാലങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള പദ്ധതി നടത്തിപ്പിൽ, പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന പ്രതിസന്ധികൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആവശ്യമായ ശ്രദ്ധ

			ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.
9.	38	തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	കൃഷ്ണപുരം പഞ്ചായത്തിന്റെ എം.സി.എഫ്. കത്തി നശിച്ചതിനാൽ അവിടെ പുതിയ എം.സി.എഫ്. സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ 16 ലക്ഷം രൂപയുടെ എസ്.ഡി.എം. ഫണ്ട് കൂടി വകയിരുത്തിക്കൊണ്ട് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാവുന്നതും കൃഷ്ണപുരം പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കി സംയുക്ത പദ്ധതിയായിട്ട് നടപ്പാക്കാവുന്നതാണെന്നും ത്രീ ഫേസ് ലൈൻ വലിച്ചിട്ടുണ്ടെങ്കിലും വയറിങ് ജോലികൾ പൂർത്തീകരിക്കാത്തതിനാൽ കണക്ഷൻ ലഭ്യമായിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഉപകരണങ്ങൾ സ്ഥാപിച്ചതിനുശേഷമുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
10.	45	തദ്ദേശസ്വയംഭരണ വകുപ്പ്	ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി സെന്റ് തോമസ് സ്കൂൾ പരിസരത്ത് സ്ഥാപിക്കേണ്ട എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റിന് പകരം പത്തിയൂർ ഗ്രാമപഞ്ചായത്തിലെ കരീലക്കുളങ്ങര കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിന്റെ പരിസരത്താണ് സ്ഥാപിച്ചതെന്നും സ്പിന്നിങ് മില്ലിലെ മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് അതത് യൂണിറ്റുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം ഉടമസ്ഥരുടെ ഉത്തരവാദിത്തമാണെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും മനസ്സിലാക്കിയ സമിതി ബ്ലോക്ക് പഞ്ചായത്തിന്റെ സാങ്കേതിക സഹായവും അതിനനുസരിച്ച് തൊഴിലാളികളെയും കൊടുക്കാൻ കഴിയുമെങ്കിൽ

			മാത്രമേ ശരിയായ രീതിയിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെടുന്നു.
11.	46	തദ്ദേശസ്വയംഭരണ വകുപ്പ്	കൃഷ്ണപുരം വിശ്വഭാരതി സ്കൂൾ പനയർക്കാവ് ക്ഷേത്രവളപ്പിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തും ക്ഷേത്രഭാരവാഹികളും തമ്മിൽ യാതൊരു കരാറും നിലവിലില്ലാത്തതിനാൽ ക്ഷേത്രഭാരവാഹികൾക്ക് ഇക്കാര്യത്തിൽ യാതൊരു ബാധ്യതയുമില്ലെന്ന് സമിതി വിലയിരുത്തുന്നു.
12.	47	തദ്ദേശസ്വയംഭരണ വകുപ്പ്	എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട അധികാരികളുമായി ധാരണയിലെത്തി സാങ്കേതിക സഹായവും തൊഴിലാളികളെയും ലഭ്യമാക്കിയാൽ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കാവുന്നതാണെന്നും സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ പുറത്തു നിന്നുമുള്ള മാലിന്യം സംസ്കരിക്കാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.
13.	48	തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമ്പോൾ ഉണ്ടാകുന്ന മറ്റ് വിഷയങ്ങളെക്കുറിച്ച് ആലോചിക്കാതെയാണ് യൂണിറ്റുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തതെന്ന് സമിതി വിലയിരുത്തി. പ്രായോഗിക സംവിധാനങ്ങളേർപ്പെടുത്തി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനും അതിൽ നിന്നുണ്ടാകുന്ന വളം കൃഷിക്കാർക്ക് സബ്സിഡി റേറ്റിൽ നൽകുവാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ അവയുടെ

			തുടർപ്രവർത്തനത്തിന്റെ ഓരോ ഘട്ടവും മോണിറ്റർ ചെയ്യാനുള്ള നടപടിയും ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
14.	49	തദ്ദേശസ്വയംഭരണ വകുപ്പ്	കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ക്ഷേത്രഭാരവാഹികൾ മുൻകൈയെടുക്കാത്ത സാഹചര്യത്തിൽ യൂണിറ്റുകൾ പ്രവർത്തിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും കമ്പോസ്റ്റ് യൂണിറ്റിൽ നിന്നുണ്ടാകുന്ന വളം വിറ്റ് പണം കണ്ടെത്തുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും, വളം വിൽക്കുന്നതിലൂടെ പണം ലഭിക്കുന്ന സാഹചര്യത്തിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ പഞ്ചായത്തുകൾക്ക് കൂടുതൽ തുക ഇതിനായി ചെലവഴിക്കേണ്ടി വരില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.
15.	50	തദ്ദേശസ്വയംഭരണ വകുപ്പ്	മാലിന്യ സംസ്കരണ ക്യാമ്പയിന്റെ ഭാഗമായി എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായ ഇടപെടൽ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
16.	51	തദ്ദേശസ്വയംഭരണ വകുപ്പ്	മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിച്ചതിന് ശേഷം വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
17.	56	തദ്ദേശസ്വയംഭരണ വകുപ്പ്	വടവുകോട് ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം നഗരസഭ, ആവോലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൾട്ടി സ്പെഷ്യലിറ്റി മൃഗാശുപത്രിക്കായി സ്ഥലം ലഭ്യമാക്കിയെങ്കിലും അവിടെയെല്ലാം പ്രാദേശിക എതിർപ്പുണ്ടായതിനാൽ

			പദ്ധതി നടപ്പാക്കാൻ സാധിച്ചില്ലെന്നും പഞ്ചായത്തുകളുടെ തനത് ഫണ്ടും പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് വിഹിതം നൽകിയിട്ടുണ്ടെങ്കിൽ തുക തിരികെ നല്കാൻ ജില്ലാ പഞ്ചായത്തിന് ഉത്തരവാദിത്തമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.
18.	57	തദ്ദേശസ്വയംഭരണ വകുപ്പ്	മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രിക്കായി സ്വരൂപിച്ച തുകയിൽ സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുള്ള തുകയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് തിരികെ ലഭ്യമാക്കാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്നും തിരികെ ലഭിക്കുന്ന തുക എ.ബി.സി. പദ്ധതിക്കായി ചെലവഴിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
19.	58	തദ്ദേശസ്വയംഭരണ വകുപ്പ്	മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രിക്ക് വേണ്ടി വകയിരുത്തിയ തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ചേർന്ന് നടപ്പാക്കുന്ന എ.ബി.സി. പ്രോഗ്രാമിനായി വിനിയോഗിക്കാൻ തീരുമാനിച്ചതിനാൽ പഞ്ചായത്തുകൾ തനത് ഫണ്ട് തിരികെ ആവശ്യപ്പെട്ടിട്ടില്ലെന്നും എ.ബി.സി. പദ്ധതിക്കായി 21,84,186/- രൂപ ചെലവഴിച്ചിരുന്നുവെന്നുമുള്ള എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ എറണാകുളം ജില്ലയിലെ മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിയിന്മേലുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര പത്രിക

ഖണ്ഡിക	വിഷയം/പരാമർശം	മറുപടി
(ആലപ്പുഴ ജില്ല) 2	**വ്യവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് എം.ആർ.എഫ്.സി (MRFC) യ്ക്കായി ചെലവഴിച്ച 61.87 ലക്ഷം പാഴാകുന്നു.** **(മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1)** വ്യവസായികാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ് Material Recovery Facility Centre (MRFC) സ്ഥാപിക്കുന്നതിനായി 2016-17, 2017-18 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ച 61.87 ലക്ഷം രൂപ, പദ്ധതി പ്രാവർത്തികമാകാത്തതുമൂലം പാഴ്ച്ചെലവായി മാറുന്നു. ഇതിലേക്ക് 2016-17 വർഷം തയ്യാറാക്കിയ 32.5 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 22,06,000/- രൂപയും, 2017-18 വർഷം അംഗീകാരം വാങ്ങിയ പദ്ധതിയിൽ ഉൾപ്പെടുത്തി 35,58,640/- രൂപയും സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ MRFC സ്ഥാപിക്കുന്നതിനായി നിശ്ചയിച്ചിരുന്ന ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുഖേന നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി 4,22,607/- രൂപയും 2017-18 ൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.	ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ 02.08.2024 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. ടി ചർച്ചയിൽ നിന്നും പ്രസ്തുത പദ്ധതി നാളിതുവരെയായും പ്രവർത്തന സജ്ജമായിട്ടില്ല എന്ന് മനസിലാക്കുന്നു. പ്രാദേശികമായ പിൻതുണ ഉറപ്പാക്കാതെയും പ്രദേശവാസികളിൾക്കിടയിൽ വേണ്ടത്ര ബോധവൽക്കരണം നടത്താതെയുമാണ് ബ്ലോക്ക് പഞ്ചായത്ത് ഇത്രയും ഭീമമായ ഒരു പദ്ധതി ആവിഷ്കരിച്ചത്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കുന്നതിലും ഗുരുതര വീഴ്ച വരുത്തിയിട്ടുണ്ട്. അടിയന്തിരമായി പ്രാദേശിക എതിർപ്പുകളും മറ്റു തടസ്സങ്ങളും പരിഹരിച്ച് പ്രസ്തുത പദ്ധതി പൂർണ്ണരീതിയിൽ നടപ്പിലാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ടി യോഗത്തിൽ നിർദ്ദേശം നൽയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയ വിഷയങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു. 1. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 10 % മാലിന്യ സംസ്കരണ മേഖലയ്ക്ക് നിർബന്ധമായും വകയിരുത്തണമെന്ന സർക്കാരിന്റെ

	1. MRFC സ്ഥാപിക്കുന്നതിനായി 2016-17 വർഷം 32.5 ലക്ഷം രൂപ അടങ്കലിൽ പദ്ധതിക്ക് അംഗീകാരം വാങ്ങുകയും, 22,06,000/- രൂപ ചെലവഴിക്കുകയും ചെയ്തിരിക്കെ ആയതു പരിഗണിക്കാതെയാണ് 2017-18 വർഷം ഇതിലേക്ക് 35,58,640/- രൂപ അടങ്കലിൽ പുതിയ പദ്ധതി തയ്യാറാക്കുകയും, അത്രയും തുക വിനിയോഗിക്കുകയും ചെയ്തത്. 2. നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച IRTC യുടെ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തുമായി 30.05.17 ൽ വച്ച പുതിയ എഗ്രിമെന്റിൽ MRFC സ്ഥാപനത്തിനായുള്ള പദ്ധതി അടങ്കൽ 52,06,000/- രൂപയായി ഭരണസമിതി വർദ്ധിപ്പിച്ചുവെന്നും (06.05.2017 ലെ തീരുമാനം) ആയതിന് 19.05.17 ൽ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതായും പറയുന്നുണ്ട്. എന്നാൽ പുതുക്കിയ അടങ്കലിന് ഡി.പി.സി. അനുമതി ലഭിച്ചതിന്റെ രേഖ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതി അടങ്കൽ വർദ്ധിപ്പിച്ചുവെങ്കിലും ഇതുസംബന്ധമായി പുതുക്കിയ എസ്റ്റിമേറ്റ് IRTC ലഭ്യമാക്കിയിട്ടില്ല. 3. പദ്ധതി അടങ്കൽ 52,06,000/- രൂപയായി വർദ്ധിപ്പിച്ചതായി പറയുന്നുവെങ്കിലും 2016-17 വർഷം ഉൾപ്പെടെ ഈ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് 57,62,840/- രൂപയാണ്. കെട്ടിട അറ്റകുറ്റപണികൾക്കായി ചെലവഴിച്ച 4,22,607/- രൂപയ്ക്ക് പുറമേയാണ് ഈ ചെലവ്. മെഷിനറികൾ സ്ഥാപിക്കുന്നതിനുവേണ്ടി അടിയന്തിരമായി ട്രാൻസ്ഫോമറും, ത്രീഫേസ് ലൈനും സ്ഥാപിക്കുന്നതിനാണ് അനുമതിക്ക് അതീതമായി തുക ചെലവഴിച്ചതെന്നാണ് സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 4. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വ്യവസായ കോംപ്ലക്സിൽ	നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മുതുകളം ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം വ്യാവസായികാടിസ്ഥാനത്തിൽ 32.5 ലക്ഷം രൂപ വകയിരുത്തി പ്ലാസ്റ്റിക് ഇ-വേസ്റ്റ് എം.ആർ.എഫ്.സി എന്ന പദ്ധതി ഏറ്റെടുത്തത്. ഐ.ആർ.റ്റി.സിയുടെ ടെക്നിക്കൽ വിഭാഗം ബ്ലോക്ക് പഞ്ചായത്തിൽ എത്തുകയും ഏറ്റവും മികച്ച മാലിന്യ സംസ്കരണത്തിന് ഉതകുന്നതും സീറോ വേസ്റ്റ് സംവിധാനം ഉള്ളതും പൂർണ്ണമായും ആട്ടോമാറ്റിക് സംവിധാനമുള്ളതുമായ യന്ത്രമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. എന്നാൽ പ്രസ്തുത സംവിധാനത്തിന് അധിക തുക ആവശ്യമാണെന്നും ഐ.ആർ.റ്റി.സി അറിയിക്കുകയുണ്ടായി. മികച്ച മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കേണ്ടത് കേവലം പദ്ധതി നിർവ്വഹണത്തിലുപരി സമൂഹത്തോടുള്ള കടമയും കർത്തവ്യവുമാണെന്ന ഉത്തമ ബോധ്യത്തിൽ ആധുനികമായ പ്രസ്തുത സംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ പ്രാവർത്തികമാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ഐകകണ്ഠേന തീരുമാനിക്കുകയുണ്ടായി. അധിക തുക ആവശ്യമായതിനാൽ 2017-18 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയ ശേഷമാണ് പ്രസ്തുത അധിക തുക വകയിരുത്തിയത്. ഈ സാഹചര്യലാണ് 2016-17- ൽ വകയിരുത്തിയ 32.5 ലക്ഷം രൂപയ്ക്ക് പുറമെ 2017-18 വർഷം 35,58,640/- രൂപയുടെ പുതിയ പദ്ധതി തയ്യാറാക്കിയത്. 2. ഡി.പി.സി അനുമതി ലഭിച്ചിട്ടുണ്ട്. ഡി.പി.സിയുടെ അംഗീകാരം ലഭിച്ച പദ്ധതികൾ മാത്രമേ സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമാകുകയുള്ളു.

	MRFC സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി കെട്ടിട അറ്റകുറ്റപ്പണികൾക്കായി 4,22,607/- രൂപ വിനിയോഗിച്ചുവെങ്കിലും സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിലേക്ക് മാറ്റിയെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതിലേക്ക് പുതുതായി കണ്ടെത്തിയ സ്ഥലവും കെട്ടിടവും ഏതെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഈ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ സ്ഥലസൗകര്യവും കെട്ടിട സൗകര്യവും അവിടെ ലഭ്യമാണെന്നതിന് രേഖയില്ല. പദ്ധതി സ്ഥലം ബ്ലോക്ക പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ല. 5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടശേഷം IRTC സ്വമേധയാ നടത്തിയ പഠനത്തിൽ ഡൽഹി ഉൾപ്പെടെയുള്ള വൻ നഗരങ്ങളിൽ ശേഷി കൂടിയ MRFC സ്ഥാപിച്ചിട്ടുണ്ടെന്നും, ആയത് സ്ഥാപിക്കുന്നതാണ് അഭികാമ്യമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് വർദ്ധിതശേഷിയുള്ള MRFC സ്ഥാപിക്കുന്നതിലേക്ക് ബ്ലോക്ക പഞ്ചായത്ത് കമ്മിറ്റി പദ്ധതി അടങ്കൽ 52,06,000/- രൂപയായി വർദ്ധിപ്പിച്ചത്. എന്നാൽ ഡൽഹി പോലുള്ള മെട്രോ നഗരങ്ങൾക്ക് ആവശ്യമായ ഉയർന്നശേഷിയുള്ള പ്ലാന്റ് ഗ്രാമപ്രദേശത്ത് ആവശ്യമുണ്ടോ എന്നതിന്മേലും, ഇത് ഫലപ്രദമായി എങ്ങനെ നടപ്പാക്കും എന്നതിന്മേലും യാതൊരു സാധ്യതാപഠനവും നടത്താതെയാണ് വർദ്ധിത ശേഷിയുള്ള പ്ലാന്റ് വാങ്ങാൻ തീരുമാനിച്ചത്. 6. 46,19,700/- രൂപ IRTC ക്ക് വിവിധ തീയതികളിലായി പിൻവലിച്ച	3. എം.ആർ.എഫ്.സി മെഷീൻ അടിയന്തിരമായി സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ത്രീ ഫേസ് ലൈൻ വലിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.ക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്. ടി പ്രവർത്തിയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (അനുബന്ധം 1)ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 4. കൃഷ്ണപുരം വില്ലേജ് ആഫീസറുടെ ലൊക്കേഷൻ സ്കെച്ചും അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി, മുതുകുളം ബ്ലോക്കിന്റെ പ്ലാനും ടി വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥല സൗകര്യവും കെട്ടിട സൗകര്യവും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 20/06/2018 -ലെ 2 (1), 04/07/2019 -ലെ 15 (1) എന്നീ തീരുമാനങ്ങൾ പ്രകാരം ടി മെഷീനുകൾ സ്ഥാപിക്കുന്നതിന് കെട്ടിടവും സ്ഥലവും വിട്ടു നൽകിയിട്ടുണ്ട്. 5. കേവലം ഒരു മാലിന്യ നിർമ്മാർജ്ജന പദ്ധതി എന്നതിലുപരി പൊതുവിൽ ജില്ലക്കും പ്രത്യേകിച്ച് നഗരസഭകളുൾപ്പെടെ സമീപ തദ്ദേശ സ്ഥാപനങ്ങൾക്കു കൂടി പ്രയോജനപ്പെടുത്താനാവുമെന്ന സങ്കൽപ്പത്തിലും സീറോ വേസ്റ്റ് സംവിധാനം ഉള്ളതും പൂർണ്ണമായും ആട്ടോമാറ്റിക് സംവിധാനം ഉള്ളതുമായ യന്ത്രമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെയും സർക്കാർ അംഗീകൃത ഏജൻസിയായ ഐ.ആർ.റ്റി.സി നടത്തിയ സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിലുമാണ് ഉയർന്ന

നൽകിയെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീത് ഒഴികെ (07.02.18-ൽ നൽകിയ 5 ലക്ഷം രൂപയ്ക്ക് താൽക്കാലിക രസീതു മാത്രം) പദ്ധതി നിർവ്വഹണ സംബന്ധമായി മറ്റ രേഖകളൊന്നും പ്രസ്തുത ഏജൻസി ലഭ്യമാക്കിയിട്ടില്ല. IRTC ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്ന ഉപകരണങ്ങൾ ഏതെല്ലാമെന്നോ, അവയുടെ സ്പെസിഫിക്കേഷൻ ഏതെന്നോ, അവയുടെ എസ്റ്റിമേറ്റോ കൂടാതെയാണ് ഇത്രയും തുക മുൻകൂറായി പിൻവലിച്ച് നൽകിയത്. ഇതുമൂലം നിശ്ചിത സ്പെസിഫിക്കേഷനോട്ടുകൂടിയ ഉപകരണങ്ങളാണ് നിർവ്വഹണ ഏജൻസി ലഭ്യമാക്കിയതെന്ന് പരിശോധിക്കുവാൻ പഞ്ചായത്ത് അധികാരികൾക്കോ സാങ്കേതിക വിദഗ്ദ്ധർക്കോ കഴിഞ്ഞില്ല.	ശേഷിയുള്ള മെഷീനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്. 6. നിശ്ചിത എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള മെഷീൻ തന്നെയാണ് സ്ഥാപിക്കുന്നതെന്ന് ഐ.ആർ.റ്റി.സി ഉറപ്പ് വരുത്തിയിട്ടുണ്ട്. ആദ്യത്തെ 6 മാസം പ്രസ്തുത മെഷീനുകളുടെ പ്രവർത്തനം നടത്തുന്നത് ഐ.ആർ.റ്റി.സി.യുടെ ചുമതലയിലായിരിക്കുമെന്നും എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ആയത് അവരുടെ ചെലവിൽ പരിഹരിക്കുന്നതാണെന്നും ഐ.ആർ.റ്റി.സി കരാറിൽ വ്യക്തമാക്കുന്നുണ്ട്.
7. പദ്ധതിയുടെ ഭാഗമായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾക്കുമായി ഇലക്ട്രിസിറ്റി ബോർഡിന്റെ കായംകുളം ഡിവിഷനിലെ അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 8,88,940/- രൂപ മുൻകൂറായി പിൻവലിച്ചു നൽകിയെങ്കിലും പ്രവൃത്തി നടന്നുവെന്നതിന് രേഖയൊന്നുമില്ല. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.	7. എം.ആർ.എഫ്.സി മെഷീൻ അടിയന്തിരമായി സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ത്രീ ഫേസ് ലൈൻ വലിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.ക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പും വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഇതോടൊപ്പം സമർപ്പിച്ചു കൊള്ളുന്നു (അനുബന്ധം 1).
8. ഈ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് ബ്ലോക്കുപഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്നിരിക്കെ ആയത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.	8. എട്ട് ഗ്രാമപഞ്ചായത്തുകളുടെയും സഹകരണം ഉറപ്പാക്കുന്നതിന് വേണ്ടി മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളിലേയും അദ്ധ്യക്ഷന്മാരുടേയും ജനപ്രതിനിധികളുടേയും സെക്രട്ടറിമാരുടേയും യോഗവും ഇതിനുവേണ്ടിയുള്ള പരിശീലനവും ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ചിട്ടുണ്ട്.
9. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിലെ അറവുശാല പരിസരത്ത് ഒരു ഷെഡ് നിർമ്മിച്ച് മെഷീനുകൾ കൊണ്ടുവെച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഓഡിറ്റ് സമയംവരെ (12/18) MRFC പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല. ബ്ലോക്കുപഞ്ചായത്തിന്റെ	ഇതിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ ചുവടെ

	അഭ്യർത്ഥനയെ തുടർന്ന് അറവുശാല പരിസരത്ത് MRFC സ്ഥാപിക്കുവാൻ ടി സ്ഥലം താൽക്കാലികമായി വിട്ടുനൽകുവാനുള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുവാൻ കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി 20.06.18-ൽ തീരുമാനമെടുത്തിരുന്നു (തീരുമാനം 2(1)). എന്നാൽ ഇപ്രകാരം അനുമതി ലഭിക്കുന്നതിനുമുന്നേ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഷെഡ് നിർമ്മാണ പ്രവൃത്തികൾ നടത്തി മെഷീൻ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.06.2018 ൽ ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. (നം. K3-130/18). ഇതിൽ നിന്നും പഞ്ചായത്തിന്റെ സമ്മതമില്ലാതെയും, സ്ഥലം കൈമാറി ലഭിക്കാതെയുമാണ് നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് നടത്തിയതെന്ന് വ്യക്തമാകുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.7/14.12.18) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുവാൻ സെക്രട്ടറിക്ക് കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മുകളിൽ പ്രതിപാദിച്ച അപാകതകൾ മൂലം MRFC യ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 61,87,247/- രൂപയും ഫലത്തിൽ പാഴാകുന്ന അവസ്ഥയിലാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് ഉണ്ടായ പിഴവാണ് പദ്ധതിയുടെ ഈ അവസ്ഥക്ക് കാരണമെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനും, ഫലപ്രദമായിട്ടുള്ള തുടർപ്രവർത്തനത്തിനും ആവശ്യമായ സത്വര നടപടികൾ ഭരണ സമിതി എടുക്കേണ്ടതാണെന്നും പദ്ധതി നടത്തിപ്പിൽ ചൂണ്ടിക്കാട്ടിയ അപാകതകളാൽ 2017-18 വർഷം	ചേർക്കുന്നു. i) പ്ലസ് ടുവിൽ കുറയാത്ത വിദ്യാഭ്യാസ യോഗ്യതയുള്ള 48 കുടുംബശ്രീ അംഗങ്ങൾക്ക് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർവ്വേയ്ക്ക് വേണ്ടി 28/02/2017-ന് ഏകദിന പരിശീലനം നടത്തി. ii) പദ്ധതികളുടെ പ്രചരണത്തിന് വേണ്ടിയും മാധ്യമ പിന്തുണ ഉറപ്പ് വരുത്തുന്നതിനു വേണ്ടിയും മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് 04/03/2017-ന് ഏകദിന സെമിനാറും തുടർന്ന് പത്രസമ്മേളനവും നടത്തി. iii) മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 126 ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് 06/03/2017- ന് ഏകദിന പരിശീലനം നൽകി. iv) ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പ്ലാനിന്റെ ചുമതലയുള്ള ക്ലാർക്കുമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, മെഡിക്കൽ ആഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ജെ.പി.എച്ച്.എൻ മാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവർക്ക് 07/03/2017- ന് ഏകദിനപരിശീലനം നടത്തി. v) അംഗീകൃത രാഷ്ട്രീയ പാർത്തികളുടെ പ്രധിനിധികൾക്ക് വേണ്ടി 08/03/2017 -ന് ഏകദിന പരിശീലനം നൽകി. vi) ബ്ലോക്ക് പരിധിയിലുള്ള 126 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ നിന്നും ആശയവിനിമയശേഷിയും നേതൃപാടവവും, സന്നദ്ധ പ്രവർത്തനങ്ങളിൽ താൽപ്പര്യവുമുള്ള

<table>
<tr>
<td></td>
<td>ഇതിലേക്കായി വിനിയോഗിച്ച 39,81,247/- രൂപ തടസ്സപ്പെടുത്തിയതായും ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

<u>ചെലവിന്റെ വിശദാംശം</u>
<table>
<tr><th>ബിൽ നം</th><th>തുക</th><th></th></tr>
<tr><td>20/11.10.17</td><td>10,00,000</td><td>(IRTC യ്ക്ക് നൽകിയത്)</td></tr>
<tr><td>30/19.01.18</td><td>8,00,000</td><td></td></tr>
<tr><td>38/21.02.18</td><td>5,00,000</td><td></td></tr>
<tr><td>54/26.03.18</td><td>3,69,700</td><td></td></tr>
<tr><td>32/19.01.18</td><td>8,88,940</td><td>(ഇലക്ട്രിസിറ്റി ബോർഡിന് നൽകിയത്)</td></tr>
<tr><td>02/24.08.17</td><td>4,22,607</td><td>(വ്യവസായ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണി)</td></tr>
<tr><td>ആകെ</td><td>39,81,247</td><td></td></tr>
</table>
ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചു കൊണ്ടുള്ള കത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് ആലപ്പുഴ ജില്ലാ ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 06.08.2019 ലെ കെ.എസ്.എ.എ.എൽ.പി/ജി.എ.4-728/19 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.</td>
<td>ഒരാളെ വീതം ഫെസിലിറ്റേറ്ററായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ 09/03/2017- ന് ഏകദിന പരിശീലനം നൽകി.
9. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.ആർ.എഫ്.സി സ്ഥാപിക്കുന്നതിന് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 20/06/2018- ലെ 2(1), 04/07/2019- ലെ 15(1) എന്നീ തീരുമാനങ്ങൾ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.</td>
</tr>
<tr>
<td>(ആലപ്പുഴ ജില്ല)
3</td>
<td>പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്-പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ
[മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]

പൊതു സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ നിർവ്വഹണത്തിനായി (പ്രോജക്ട് നം. 45/18) 36,72,644/- രൂപ മുൻകൂറായി പിൻവലിച്ച്</td>
<td>മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുസ്ഥലങ്ങളെ ജൈവമാലിന്യ മുക്തമാക്കണമെന്ന സദുദ്ദേശത്തോടെയാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കിയത് എന്നും ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമ്മസേനയുടെ സഹായത്തോടെ ടി യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും പൊതുജനങ്ങൾക്കു കൂടി മാലിന്യം നിക്ഷേപിക്കുന്ന</td>
</tr>
</table>

നിർവ്വഹണ ഏജൻസിയായ Integrated Rural Technology Centre (IRTC) യ്ക്ക് നൽകിയെങ്കിലും പദ്ധതി ആസൂത്രണത്തിലേയും, നിർവ്വഹണത്തിലേയും പാളിച്ചകൾമൂലം ചെലവഴിച്ച തുകയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കാതിരിക്കുന്നതിനും, സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്വകാര്യ സ്വത്തായി മാറുന്നതിനും ഇടയാക്കി.

ഈ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന 5 സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 36.73 ലക്ഷം രൂപ മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച IRTC യ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയത്.

ക്രമ നം	യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ച സ്ഥലം	തീരുമാനം നമ്പർ/തീയതി	എസ്റ്റിമേറ്റ്	മുൻകൂറായി നൽകിയ തുക	ബിൽ നം/ തീയതി
1	ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാവിൽപ്പടിക്കൽ ദേവീക്ഷേത്രം	23.10.17 ലെ 11(3) തീരുമാനം	220654@ 735515	21,84,000	23/18.11.17
2	സെന്റ് തോമസ്, കാർത്തികപ്പള്ളി	23.10.17 ലെ 11(3) തീരുമാനം	220654@ 735515		23/18.11.17
3	കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ കറക്കാവ് ക്ഷേത്ര പരിസരം (കാപ്പിൽ കുറ്റിപ്പുറം	23.10.17 ലെ 11(3) തീരുമാനം	220654@ 735515		23/18.11.17

രീതിയിലേക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അതാത് സ്ഥലത്ത് അതാത് സ്ഥാപനങ്ങൾ വഴി തന്നെ ടി യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 06.08.2024 തീയതിയിലെ BPMKLM/415/2024/D നം. പ്രകാരം ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാകുന്നു. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ പനയന്നാർകാവ് ദേവീക്ഷേത്ര പരിസരത്ത് സ്ഥാപിച്ചിട്ടുള്ള യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമാണ്. മറ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ള ചിങ്ങോലി ഗ്രാമ പഞ്ചായത്തിലെ കാവിൽ പടിക്കൽ ദേവീക്ഷേത്രം, പത്തിയൂർ ഗ്രാമപഞ്ചായത്തിലെ കരീലക്കുളങ്ങര സ്പിന്നിംഗ് മിൽ ,ചേപ്പാട് ഗ്രാമപഞ്ചായത്തിലെ വെട്ടികുളങ്ങര ദേവി ക്ഷേത്രം, ഉടമസ്ഥരുടെ യോഗം 07.08.2024 തീയതിയിലെ BPMKLM/415/2024/D നം കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് 09/08/2024 വെള്ളിയാഴ്ച 2.30 പി.എം. ന് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയ പ്രധാന പോയിന്റുകൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

71

	ചന്തയ്ക്ക സമീപം)				
4	വെട്ടിക്കുളങ്ങര ക്ഷേത്ര പരിസരം	09.02.18 ലെ 11(4) തീരുമാനം	1488644 @744322	7,44,322	44/21.03.18
5	ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരം	09.02.18 ലെ 11(4) തീരുമാനം	1488644 @744322	7,44,322	44/21.03.18
			ആകെ	**36,72,644**	

<u>പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും ശ്രദ്ധേയമായ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെന്നിരിക്കെ ഈ പദ്ധതിയുടെ വിജയത്തിന് അവരുടെ സഹകരണം ആവശ്യഘടകമാണ്. എന്നാൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഭാഗമാക്കുകയോ, സംയുക്ത പദ്ധതിയായി നടപ്പാക്കുകയോ ചെയ്തില്ല.

2. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങൾ ഒന്നും ബ്ലോക്കു പഞ്ചായത്തിന്റെ അധീനതയിലുള്ളവയോ, പദ്ധതി നടത്തിപ്പിനായി വിട്ടുകിട്ടിയവയോ ആയിരുന്നില്ല. ക്രമനം.5-ൽ പ്രതിപാദിച്ചതൊഴികെയുള്ള സ്ഥലങ്ങൾ സ്വകാര്യ ദേവാലയങ്ങളുടെ അധീനതയിലുള്ളവ ആയിരുന്നു.

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 10% മാലിന്യ സംസ്കരണ മേഖലയ്ക്ക് നിർബന്ധമായും വകയിരുത്തണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പൊതുസ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് എന്ന പദ്ധതി ഏറ്റെടുത്തത്.

2. ചിങ്ങോലി ഗ്രാമപഞ്ചായത്ത് കാവിൽ പടിക്കൽ ദേവീക്ഷേത്രം, കരീലക്കുളങ്ങര സ്പിന്നിംഗ് മിൽ പരിസരം, ചേപ്പാട് ഗ്രാമപഞ്ചായത്തിലെ വെട്ടിക്കുളങ്ങര ദേവീ ക്ഷേത്ര പരിസരം, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ പനയന്നാർക്കാവ് ദേവീക്ഷേത്ര പരിസരം, ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരം എന്നീ സ്ഥലങ്ങളിലാണ് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത് (ടി ദേവാലയങ്ങൾ സ്വകാര്യ വ്യക്തിയുടേതല്ല). മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുസ്ഥലങ്ങളെ ജൈവമാലിന്യ മുക്തമാക്കണമെന്ന സദുദ്ദേശത്തോടു കൂടിയാണ് ടി പദ്ധതി ഏറ്റെടുത്തത്.

3. ടി പദ്ധതി 5 സ്ഥലങ്ങളിലും പൂർത്തിയായതായി ഐ.ആർ.റ്റി.സി പാലക്കാട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 4. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമല്ലാത്തതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എയ്റോബിക് യൂണിറ്റ് സ്ഥാപിക്കുന്ന സ്ഥലങ്ങൾ മാർക്ക് ചെയ്യാതിരുന്നത്.

72

	3. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടേയോ സ്ഥലം ഉടമസ്ഥരുടേയോ സമ്മതപത്രം ലഭിച്ചിട്ടില്ല. സ്ഥലം കൈമാറി കിട്ടുകയോ, പദ്ധതിയുടെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥലം ഉടമസ്ഥരുമായി കരാർ ചമയ്ക്കുകയോ ചെയ്യാതെയാണ് പദ്ധതിപ്പണം മുൻകൂറായി നിർവ്വഹണ ഏജൻസിക്കു പിൻവലിച്ചു നൽകിയത്. 4. ആദ്യ മൂന്ന് യൂണിറ്റുകൾക്കായി 13.12.2017 ലും, മറ്റ് രണ്ട് യൂണിറ്റുകൾക്കായി 12.03.2018 ലും IRTC-യുമായി വച്ച എഗ്രിമെന്റിന്റെ 3-ാം വ്യവസ്ഥ പ്രകാരം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്ത് മാർക്കു ചെയ്തു തരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി സ്ഥലങ്ങളൊന്നും ബ്ലോക്ക് പഞ്ചായത്ത് മാർക്ക് ചെയ്തു നൽകിയിട്ടില്ലെന്നാണ് സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 5. യൂണിറ്റുകൾ സ്ഥാപിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഇതിന്റെ ആവശ്യകത നിർണ്ണയിച്ചതായി രേഖയില്ല. 6. പദ്ധതികൾ ആരംഭിക്കുന്നതിനു മുൻപേതന്നെ നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മുഴുവൻ തുകയും മുൻകൂറായി പിൻവലിച്ചു നൽകിയെങ്കിലും തുകയുടെ കൈപ്പറ്റ് രസീത് ഒഴികെ പദ്ധതി നിർവ്വഹണ സംബന്ധമായി എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരമുള്ള യാതൊരു രേഖകളും നിർവ്വഹണ ഏജൻസി ഹാജരാക്കിയിട്ടില്ല. 7. പദ്ധതി പ്രവർത്തനത്തിനാവശ്യമായ വെള്ളം, വൈദ്യുതി സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കുന്നതാണെന്നാണ്	5. യൂണിറ്റുകൾ സ്ഥാപിക്കുവാൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ജൈവമാലിന്യങ്ങൾ കൂടുതൽ ഉണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുത്തത്. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാവിൽ പടിക്കൽ ക്ഷേത്ര പരിസരം :- കാവിൽ പടിക്കൽ ക്ഷേത്രത്തിന്റെ സദ്യാലയത്തിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റാണിത്. ധാരാളം ജൈവമാലിന്യ അവശിഷ്ടങ്ങൾ ഉണ്ടാകുന്ന സ്ഥലമാണിത്. വെട്ടികുളങ്ങര ക്ഷേത്ര പരിസരം:- വെട്ടികുളങ്ങര ക്ഷേത്രം പതിവായി വിവാഹം നടക്കുന്ന സ്ഥലമാണ്. സദ്യാലയത്തിനോട് ചേർന്നുള്ള സ്ഥലത്താണ് ടി യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. ധാരാളം ജൈവമാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥലമാണിത്. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരം:- ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിനോട് ചേർന്നുള്ള സ്ഥലമാണിത്. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - പനയന്നാർകാവ് ക്ഷേത്ര പരിസരം:- വിശ്വഭാരതി മോഡൽ ഹൈസ്കൂളും പനയന്നാർകാവ് ക്ഷേത്രവും ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നു. ധാരാളം ജൈവ അവശിഷ്ടങ്ങൾ ഉണ്ടാകുന്ന സ്ഥലമായതിനാലാണ് ജൈവമാലിന്യ സംസ്കരണ യൂണിറ്റ് അവിടെ സ്ഥാപിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. കരീലക്കുളങ്ങര കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ പരിസരം:- കരീലക്കുളങ്ങര സ്പിന്നിംഗ് മില്ല് മുന്നൂറിലധികം

	ധാരണാപത്രത്തിലെ വ്യവസ്ഥയെങ്കിലും, ഇത് പാലിക്കപ്പെട്ടില്ല. 8. മാലിന്യം തരംതിരിച്ച് യൂണിറ്റുകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതായി രേഖയില്ല. 9. മുൻകർ കൈപ്പറ്റിയ തീയതി മുതൽ പരമാവധി 4 മാസത്തെ സമയമാണ് പദ്ധതി പൂർത്തീകരിക്കുന്നതിനായി ധാരണാ പത്രത്തിൽ അനുവദിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് സമയം വരെ (12/18) ക്രമനം. 1, 4, 5 ൽ പ്രതിപാദിച്ച സ്ഥലങ്ങളിൽ മാത്രമാണ് യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. പൂർത്തികരിച്ച യൂണിറ്റുകൾ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമാണ് സ്ഥാപിക്കപ്പെട്ടതെന്നതിൻമേൽ സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധിച്ച് ഉറപ്പാക്കിയിട്ടുമില്ല. 10. വെട്ടിക്കുളങ്ങര ദേവീക്ഷേത്ര പരിസരത്തും, കാവിൽപ്പടീക്കൽ ദേവീക്ഷേത്ര പരിസരത്തും സ്ഥാപിക്കപ്പെട്ട യൂണിറ്റുകൾ പ്രവർത്തന സജ്ജമെങ്കിലും പദ്ധതിസ്ഥലം കൈമാറി കിട്ടാത്തതിനാലും, ഇതു സംബന്ധമായി സ്ഥലം ഉടമകളുമായി ധാരണാപത്രം ചമച്ചിട്ടില്ലാത്തതിനാലും പൊതുജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാത്ത അവസ്ഥയ്ക്കു കാരണമായി. ഈ പദ്ധതിയുമായി ഗ്രാമപഞ്ചായത്തുകൾക്ക് പങ്കാളിത്തമില്ലാത്തതിനാലും യൂണിറ്റുകൾ കൈമാറി കിട്ടാത്തതിനാലും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തന സംബന്ധമായി പഞ്ചായത്തിന് യാതൊരു അറിവും ഇല്ലെന്നാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ സ്ഥാപിക്കപ്പെട്ട യൂണിറ്റുകളിലേക്ക് പുറമേ നിന്നുള്ള മാലിന്യങ്ങൾ എത്തിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ നിർമ്മിക്കപ്പെട്ട യൂണിറ്റുകളുടെ പ്രയോജനം	തൊഴിലാളികൾ ജോലി ചെയ്യുന്നതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ സ്ഥാപനമായതിനാലാണ് ജൈവമാലിന്യ സംസ്കരണ ഉപാധി സ്ഥാപിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. മേൽപ്രകാരമുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് യൂണിറ്റുകൾ സ്ഥാപിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ മാലിന്യം കൂടുതലുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടത് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. 6. പദ്ധതി പൂർത്തിയാക്കിയ ഐ.ആർ.റ്റി.സി, പാലക്കാട് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 7. വെള്ളം, വൈദ്യുതി എന്നിവ പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലാണ് ആവശ്യമായിരുന്നത്. ആയത് നിർമ്മാണ സമയത്ത് ലഭ്യമാക്കിയിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. 8. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ സഹായത്തോടെ ജൈവ മാലിന്യങ്ങൾ തരംതിരിച്ച് യൂണിറ്റുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 9. കരാറിൽ പ്രതിപാദിച്ചിരുന്ന എല്ലാ സ്ഥലത്തും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ അംഗീകൃത ഏജൻസിയായ ഐ.ആർ.റ്റി.സി, പാലക്കാടിന്റെ സാങ്കേതിക വിദഗ്ധർ പരിശോധിച്ച് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഐ.ആർ.റ്റി.സി സർക്കാർ അംഗീകൃത ഏജൻസിയായതിനാലാണ് മറ്റ് സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിക്കാതിരുന്നത്.

75

	പൊതുജനത്തിന് ലഭിക്കാതെപോയി. പദ്ധതി ആസൂത്രണത്തിലുണ്ടായ പിഴവാണ് ഈ അവസ്ഥയ്ക്ക് കാരണമായത്. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട് മാർക്കറ്റ് പരിസരത്ത് യൂണിറ്റ് സ്ഥാപിക്കപ്പെട്ടുവെങ്കിലും ഇത് ഗ്രാമപഞ്ചായത്തിന് കൈമാറാത്തതുമൂലം നാളിതുവരെ പ്രവർത്തിപ്പിച്ചില്ലെന്ന് ദേവികുളങ്ങര ഗ്രാമപഞ്ചായത്തു സെക്രട്ടറി രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/13.12.18) തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് കഴിഞ്ഞില്ല. പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലുമുണ്ടായ പാളിച്ചകൾ 36.73 ലക്ഷം രൂപ ചെലവഴിച്ച ഈ പദ്ധതിയുടെ പ്രയോജനം നാളിതുവരെ പൊതുജനത്തിന് ലഭിക്കാതിരിക്കാൻ ഇടയാക്കിയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പൊതു പണം വിനിയോഗിച്ച് നിർമ്മിച്ച രണ്ട് യൂണിറ്റുകൾ സ്വകാര്യ ആസ്തിയായി മാറിയ സാഹചര്യത്തിൽ ഇതിലേക്കായുള്ള 14,79,837/- രൂപയുടെ ചെലവ് (735515 + 744322) ഓഡിറ്റിൽ നിരാകരിക്കുന്നതായും ഇത് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും, ടി സ്ഥലങ്ങളിൽ യൂണിറ്റ് സ്ഥാപിക്കുവാൻ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ശേഷിച്ച 3 യൂണിറ്റുകളിൽ ഒന്ന് പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാലും രണ്ടെണ്ണം നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാലും ശേഷിച്ച ചെലവ് തുകയായ 21,92,807/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. സ്ഥാപിക്കാത്ത യൂണിറ്റുകൾക്കായി നിർവ്വഹണ ഏജൻസിയുടെ പക്കൽ മിച്ചം നിൽക്കുന്ന 14,48,485/- രൂപ (2,18,400-7,35,515) തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാൻ സത്വര നടപടി	10. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിന് കൈമാറി എത്രയും വേഗം പ്രവർത്തനസജ്ജമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

	സ്വീകരിക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചു കൊണ്ടുള്ള കത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് ആലപ്പുഴ ജില്ലാ ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 06.08.2019 ലെ കെ.എസ്.എ.എ.എൽ.പി/ജി.എ 4-728/19 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.	

3, 7

അനുബന്ധം - I

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(ഇന്ത്യൻ കംമ്പനീസ് ആക്ട് 1956 പ്രകാരം രൂപീകരിക്കപ്പെട്ടത്)
രജി. ആഫീസ് വൈദ്യുതി ഭവനം, പട്ടം പി. ഒ. തിരുവനന്തപുരം-695004
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സെക്ഷൻ, കായംകുളം ഈസ്റ്റ്
പിൻ : 690502
ഫോൺ : 0479 2445320
ഇ മെയിൽ : aekylmegmail.com
വെബ് സൈറ്റ് - www.kseb.in
കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ : U40100KL2011SGC027424

"ഭരണഭാഷ – മാതൃഭാഷ"

എ ഇ /കെ വൈ എൽ എം ഇ / 2019-20 / 19 /

21-05-19

സ്വീകർത്താവ്

സെക്രട്ടറി,
ബ്ലോക്ക് പഞ്ചായത്ത്
മുതുകുളം.

സർ,

വിഷയം :- പൂർത്തീകരണ സാക്ഷ്യപത്രം - സംബന്ധിച്ച്.
സൂചന :- പി.10/2019-എന്ന 21.05.2019 ലെ താങ്കളുടെ ഓഫീസിലെ കത്ത്.

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ എം. ആർ. എഫ്. സി സ്ഥാപിക്കുന്നതിന്റെ ആവശ്യത്തിന് വേണ്ടി 100 കെ. വി. എ ട്രാൻസ് ഫോർമർ സ്ഥാപിക്കുന്നതിനും, 11 കെ. വി. ലൈൻ വലിക്കുന്നതിനും വേണ്ടി ഈ ഓഫീസിലേക്ക് രൂപ 8,88,940/- താങ്കളുടെ ഓഫീസിൽ നിന്നും അടച്ചതിൻ പ്രകാരം 11 കെ. വി. ലൈൻ വലിച്ച് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ പന്ത്രാവിൽ എന്നസ്ഥലത്ത് 100 കെ. വി. എ യുടെ ട്രാൻസ് ഫോർമർ സ്ഥാപിച്ച് വർക്ക് പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

Assistant Engineer
Electrical Section
Kayamkulam East

21/05/2019
കായംകുളം

79

Panchayth ward no II in MRFC Scheme

Name of work : Constructing 200 M . 11KV single circuit HT/LT line from ... Panchayth ward no II in MRFC Scheme and Installing one 100KVA Transformer at Panthaplavil of Krishnapuram Panchayth ward no II in MRFC Scheme under Electrical Section Kayamkulam East

Sl No	Qty	Particulars	Rate	Unit	Amount	Remarks
1	15	PSC Pole 9m	4103.00	E	61545.00	
2	2	PSC Pole 8m	2645.00	E	5290.00	
3	8	Chanel X arm 3 m with CBN	1967.00	E	15736.00	
4	15	Chanel X arm 1.8 m with CBN	1063.00	E	15945.00	
5	1	Chanel X arm 2.4 m with CBN	1364.00	E	1364.00	
6	12	V X arm with CBN	1086.00	E	13032.00	
7	36	11 KV Pin insulator with pin	127.00	E	4572.00	
8	18	Tension set with single Disc	475.00	E	8550.00	
9	10	Pole top bracket F type	112.00	E	1120.00	
10	18	MS Cleat	63.00	E	1134.00	
11	25	Bolt & Nut of size	91.00	Kg	2275.00	
12	10	Washers of size	6.25	E	62.50	
13	11	11 KV stay set complete	1164.00	Set	12804.00	
14	5	Provision for Earthing	2627.50	E	13137.50	
15	2	AB Switch	12041.00	E	24082.00	
16	3	DO Fuse Unit	1249.00	E	3747.00	
17	3	11 KV LA	298.00	E	894.00	
18	6	Fuse Unit 200 A	727.00	E	4362.00	
19	1	Provision for Jumpering	600.00	LS	600.00	
20	1	Provision for barbed wire fencing	2012.50	LS	2012.50	
21	2	Lock & Key	137.50	E	275.00	
22	1	Transformer 100 KVA	155944.00	E	155944.00	
23	0.65	ACSR Raccoon	64284.00	KM	41784.60	
24	0.1	ACSR Rabbit	43130.00		4313.00	
25	5	4 line cross arm	519.00	E	2595.00	
26	12	2 line cross arm	279.00	E	3348.00	
27	6	LT Pin insulator with Pin	57.00	E	342.00	
28	10	LT Shackle with SBN	60.00	E	600.00	
29	2	LT Stay set complete	905.00	Set	1810.00	
30	30	GI Wire No 8	64.00	E	1920.00	
		TOTAL			405196.10	
		SOC 16%			64831.38	
		Provision for Tree compensation			125000.00	
		Provision for metering			25000.00	
		Provision for PTCC & Electrical Inspectrate fees			5000.00	
		Labour &Transportation charges			180000.00	
		Supervision charge @ 10 %			18000.00	
		GST @18 %			47309.65	
		Unforseen items			18602.88	
		GRAND TOTAL			888940.00	

(Rupees Eight Lakh Eighty Eight Thousand Nine Hundred and Forty Only)

Assistant Exe Engineer
Electrical Sub Division
Kayamkulam

Assistant Engineer
Electrical Section
Kayamkulam East

Assistant Engineer
Electrical West Section
Kayamkulam

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-2019 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1-ലെ പത്തനംതിട്ട, എറണാകുളം ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേലുള്ള ന്യൂനത പരിഹാര പത്രിക

	വിഷയം/പരാമർശം	മറുപടി
അദ്ധ്യായം 1 **പത്തനംതിട്ട ജില്ല (2)**	**പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 65 കോടി രൂപ ലാപ്സായി.** (പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1) എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 40,17,85,306/- രൂപ വകയിരുത്തി 360 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 312 പ്രവൃത്തികൾ സ്പിൽ ഓവറും 48 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 311 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 216 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 30.03.18 ൽ സമർപ്പിച്ച 95 പ്രവൃത്തികളുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 49 പ്രവൃത്തികൾ നടപ്പാക്കിയുമില്ല. അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 42,60,34,015/- രൂപ അടങ്കൽ വകയിരുത്തി 364 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. ഏറ്റെടുത്ത പ്രവൃത്തികളിൽ 73 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 14 പ്രവൃത്തികളുടെ ബിൽ മാത്രമേ	പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 724 പ്രവൃത്തികളാണ് രൂപീകരിച്ചിരുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ (360 പ്രോജക്ടുകൾ), അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (364 പ്രോജക്ടുകൾ) എന്നിവരായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥർ. 2017-18 -ൽ 384 പ്രവൃത്തികളെ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. ആയതിൽ 230 പ്രവൃത്തികളുടെ ബില്ലുകൾ തൻവർഷം പാസ്സാവുകയും, ബാക്കി ബില്ലുകളിൽ 28.03.2018 ന ശേഷം സമർപ്പിച്ച ബില്ലുകൾ ട്രഷറി നിയന്ത്രണം മൂലം 2018-19 ലെ അലോട്ട്മെന്റിൽ നിന്നും മാറി നൽകുകയുമാണുണ്ടായത്. ബാക്കി പൂർത്തീകരിക്കാനുണ്ടായിരുന്ന 340 പ്രവൃത്തികളിൽ 141 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായത് തൻവർഷം 23.01.2018, 21.02.2018 തീയതികളിലാണെന്നും ആയതിനാൽ അവയിൽ 9 പദ്ധതികൾ മാത്രമേ നടപടികൾ പൂർത്തീകരിച്ച് തൻവർഷം നടപ്പിലാക്കുവാൻ സാധിച്ചുള്ളൂ എന്നും ബനിഫിഷ്യറി കമ്മിറ്റി മുഖേന നടപ്പാക്കേണ്ട 85 പദ്ധതികളിൽ 24 പദ്ധതികൾ മാത്രമേ ബനിഫിഷ്യറി കമ്മിറ്റി നടപ്പാക്കിയുള്ളൂ എന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്

ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളു. 30-03-18 ൽ സമർപ്പിച്ച 59 പ്രവൃത്തികളുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 291 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഏറ്റെടുത്ത പ്രവൃത്തികളുടെ 20% മാത്രമാണ് നടപ്പാക്കിയത്.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വകയിരുത്തുന്ന കോടിക്കണക്കിന് തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം പ്രവൃത്തികൾ നടപ്പാക്കാതെ ലാപ്സാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതി	അടങ്കൽ തുക	നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി	ചെലവഴിച്ച പദ്ധതി	നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി	ലാപ്സായ ബിൽ തുക	നടപ്പാക്കാത്ത പ്രവൃത്തി	ലാപ്സായ ബിൽ തുക
എക്സി. എഞ്ചിനീയർ	360	40,17,85,306	216	16,69,32,457	95	9,16,76,592	49	14,31,76,257
അസി. എക്സി. എഞ്ചിനീയർ	364	42,60,34,015	14	1,08,69,490	59	4,70,49,310	291	36,81,15,215
ആകെ	**724**	**82,78,19,321**	**230**	**17,78,01,947**	**154**	**13,87,25,902**	**340**	**51,12,91,472**

സ്വന്തമായി എക്സിക്യൂഷൻ വിംഗ് ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകളിലെ അസി. എഞ്ചിനീയർമാർ, ബ്ലോക്ക് പഞ്ചായത്തുകളിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്നും പ്രവൃത്തികളുടെ ബാഹുല്യം, പ്രതികൂല കാലാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവയും എം.പി. വർക്ക്, LAC-ADS, നബാർഡ്, ഫ്ലഡ് തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പ് എന്നിവയും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായി എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽനോട്ടത്തിന്റെ അഭാവവും പദ്ധതി റിവ്യൂയിൽ ഉണ്ടാകുന്ന ശ്രദ്ധക്കുറവും ഇത്തരത്തിൽ ഫണ്ട് ലാപ്സാകുന്നത് ഗൗരവത്തോടെ കാണുന്നതിനാൽ പ്രസ്തുത വിഷയം 01.08.2024 -ലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയിൽ പ്രത്യേക അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളതും മോണിട്ടറിംഗ് സമിതിയുടെ ശക്തമായ ഇടപെടലിനും മോണിറ്ററിംഗിനും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രതിമാസ റിവ്യൂ നടത്തുന്നതിനു തീരുമാനിച്ചിട്ടുള്ളതായും ഇനിയുള്ള പദ്ധതി പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

	സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ കൃൂവിലായതുമൂലവും 340 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച് പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 65,00,17,374/- രൂപ 2017-18 സാമ്പത്തിക വർഷം ലാപ്സാക്കി. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15-05-19) ലഭ്യമാക്കിയ മറുപടിയിൽ കടുത്ത ട്രഷറി\ നിയന്ത്രണം മൂലം 28-03-18- ന് ശേഷം സമർപ്പിച്ച ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റിയതായും 2018-19- ലെ അലോട്ട്മെന്റിൽ നിന്നും മാറി നൽകിയതായും എക്സി.എഞ്ചിനീയർ അറിയിച്ചു. പ്രവൃത്തികളുടെ ബാഹുല്യം കാരണം പദ്ധതികളുടെ സാങ്കേതികാനുമതി, ഇ-ടെണ്ടറിംഗ് തുടങ്ങിയ നടപടി ക്രമങ്ങൾ പൂർത്തിയാക്കി കരാർ വയ്ക്കുന്നതിലുണ്ടായ താമസവും പ്രതികൂല കാലാവസ്ഥയും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രവൃത്തി നടക്കുന്ന സ്ഥലത്തുണ്ടാകുന്ന തർക്കങ്ങളും പ്രവൃത്തികളുടെ സുഗമമായ പൂർത്തീകരണത്തെ ബാധിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ജില്ലാ പഞ്ചായത്ത് പ്രവൃത്തികളുടെ നടത്തിപ്പും അതാത് ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർമാർക്കാണെന്നും അവരുടെ പഞ്ചായത്തിന്റെ പ്രവൃത്തികളും എം.പി. വർക്ക്, എൽ.എ.സി-എ.ഡി.എസ്, നബാർഡ്, ഫ്ലഡ് തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പും കൂടി ഉള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിവരിച്ച കാരണങ്ങൾ ഏറെക്കുറെ	

	ശരിയാണെങ്കിലും മരാമത്ത് പ്രവൃത്തികൾക്കായി നീക്കിവച്ച 65 കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. മോണിറ്ററിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിന്റെ അഭാവവും, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി നിർവ്വഹണം യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലാതാക്കിയതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഭരണ സമിതിയുടെയും, ഭരണ വകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ മേൽ സ്ഥാപനം റെക്ടിഫിക്കേഷൻ റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നതായി പത്തനംതിട്ട ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 01.08.2019 ലെ കെ. എസ്. എ/പി.റ്റി.എ/പി1.519 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.	
അദ്ധ്യായം 1 **എറണാകുളം ജില്ല** (1)	**മൾട്ടിസ്പെഷ്യാലിറ്റി മൃഗാശുപത്രി-1.98 കോടി രൂപ അക്കൗണ്ടിൽ ഉണ്ടായിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.** (ജില്ലാ പഞ്ചായത്ത് എറണാകുളം **2017-18** ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക. **3-53)**	എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തിൽ മൃഗങ്ങളെ കിടത്തി ചികിത്സിക്കുന്നതിനായി മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി സ്ഥാപിക്കുന്നതിനായി വിവിധ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി 1,98,17,767/- രൂപ ജില്ലാ

	എറണാകുളം ജില്ലാ പഞ്ചായത്തിന്റെ **2014-15** വർഷത്തെ പദ്ധതിയിൽ "മൃഗങ്ങളെ കിടത്തി ചികിത്സിക്കുന്നതിനായി മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി" സ്ഥാപിക്കുന്നതിനായി വിവിധ തലത്തിലുള്ള തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി **2** കോടി രൂപ അടങ്കൽ വകയിരുത്തിയ പ്രൊജക്ടിന് **30.05.2014-** ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. കേരള യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹകരണത്തോടെ സ്ഥാപിക്കാനുദ്ദേശിച്ച ആശുപത്രിക്കുവേണ്ടി വടവുകോട്- പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ വരിക്കോലി ഗവ. യു. പി സ്കൂളിന്റെ **47** സെന്റ് സ്ഥലം വിട്ട് നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചുവെങ്കിലും ഉടമസ്ഥാവകാശം സംബന്ധിച്ച റവന്യൂ രേഖകൾ ലഭ്യമല്ലാത്തതിനാൽ, ഈ സ്ഥലത്തിനു പകരം വടയമ്പാത്തുമലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഒരു ഏക്കർ അറുപത് സെന്റ് സ്ഥലത്തിൽ നിന്ന് **80** സെന്റ് സ്ഥലം മൃഗാശുപത്രി നിർമ്മിക്കാൻ വിട്ടുനൽകാമെന്ന് **28.10.2014** ൽ വടവ്കോട്- പുത്തൽകുരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് ജില്ലാ പഞ്ചായത്തിനെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട മൃഗാശുപത്രിയുടെ വിശദമായ പ്ലാനും, ഡിസൈനും തയ്യാറാക്കാനായി തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിനെയും, സോയിൽ ടെസ്റ്റ് ഉൾപ്പെടെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുന്നതിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറേയും	പഞ്ചായത്ത് സ്വരൂപിച്ചിരുന്നു. 19.09.2015-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ(പി)നം. 419/2015/ധന നമ്പർ ഉത്തരവ് പ്രകാരം DPFA അക്കൗണ്ടുകൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഈ തുക ട്രഷറി സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. വടവ്കോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 80 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിക്കായി കണ്ടെത്തുകയും നിർദ്ദിഷ്ട പദ്ധതിയുടെ വിശദമായ പ്ലാനും ഡിസൈനും തയ്യാറാക്കുന്നതിനും സോയിൽ ടെസ്റ്റ് നടത്തുന്നതും ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരവെയാണ്, തെരുവു നായ്ക്കളുടെ ആക്രമണങ്ങളും ശല്യങ്ങളും വർദ്ധിച്ചു വരുന്നതായും തെരുവു നായ്ക്കളുടെ എണ്ണം നിയന്ത്രണ വിധേയമാക്കുന്നതിന് എ.ബി.സി എന്ന പേരിൽ തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നും സർക്കാർ തലത്തിൽ നിർദ്ദേശങ്ങൾ ഉണ്ടായത്. ഇതിനെ തുടർന്ന് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനായി കണ്ടെത്തിയ തുക വകമാറ്റി എ.ബി.സി പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിലേക്ക് അനുമതിക്ക് അപേക്ഷിക്കുകയും, ജില്ലാ പഞ്ചായത്ത് സ്വയം സ്വരൂപിച്ച തുക ആയതിനാൽ ടി തുക ഉപയോഗിച്ച് എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലായെന്ന് അറിയിക്കുകയുമുണ്ടായി. തുടർന്ന് 2016-17 & 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി 21,84,186/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി. തുടർന്നുള്ള സാമ്പത്തിക

24.10.2014 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി ചുമതലപ്പെടുത്തി.

ഈ പദ്ധതി ഗ്രാമ-ബ്ലോക്ക് -നഗരസഭ വിഹിതങ്ങൾ ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടായി നടപ്പാക്കാനാണ് ആസൂത്രണസമിതി അംഗീകാരം നല്കിയിരിക്കുന്നത് എന്നതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം പ്രത്യേകം നിശ്ചയിച്ചിരുന്നു. അതുപ്രകാരം **31.03.2018** വരെ ലഭ്യമായ തുക ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനം	പ്രോജക്ടുകളിലൂടെ വകയിരുത്തിയ വിഹിതം	ലഭ്യമായ വിഹിതം
ഗ്രാമപഞ്ചായത്ത് @ 2,00,000	1,48,74,991	1,24,17,767
ബ്ലോക്ക് പഞ്ചായത്ത് @ 3,00,000	38,00,000	34,00,000
മുനിസിപ്പാലിറ്റി @5,00,000	44,00,000	4,00,000
ജില്ലാ പഞ്ചായത്ത് @ 25,00,000	35,75,547	36,00,000
ആകെ അടങ്കൽ	**2,66,50,538**	**1,98,17,767**

മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി എന്ന ഈ പ്രൊജക്ടിനായി ആകെ വകയിരുത്തിയതിൽ **74%** തുകയും മറ്റ് വർഷങ്ങളിലും പ്ലാൻഫണ്ട് തുക വകയിരുത്തി തെരുവുനായ ശല്യം നിയന്ത്രണവിധേയമാക്കുന്നതിനുള്ള എ ബി സി പദ്ധതികൾ നടത്തി വരികയുമാണ്.

മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിക്കായി സ്വരൂപിച്ച 1,98,17,767/- രൂപയിൽ നിന്നും എബിസി പദ്ധതിക്കായി ചെലവഴിച്ച 21,84,186/- രൂപ കിഴിച്ച് അവശേഷിച്ചിരുന്ന 1,76,33,581/- തുക ഉൾപ്പെടെ 31.03.2018 ൽ സർക്കാരിലേയ്ക്ക് Redemption ചെയ്ത് എടുത്തിട്ടുള്ളതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിലേയ്ക്ക് Redemption ചെയ്ത് എടുത്തിട്ടുള്ള തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടും ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായും തനത് ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തിരികെ ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനായി സ്വരൂപിച്ച തുക വകമാറ്റി ചെലവഴിക്കുന്നതിന് തടസ്സമില്ലാത്തതിനാലും തെരുവുനായ ശല്യം നിയന്ത്രിക്കേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്തുമാണ് ഇത്തരത്തിൽ സ്വരൂപിച്ച ഫണ്ട് 2016-17,2017-18 കാലയളവിൽ എബിസി പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളതെന്നും ബാക്കി വന്ന തുക സർക്കാരിലേയ്ക്ക് റിഡംപ്ഷൻ ചെയ്തതും ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ടി പദ്ധതി ഇപ്പോഴും

	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിലൂടെ ജില്ലാ പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ **B-15** ഷെഡ്യൂൾ പ്രകാരം സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലെ **31.03.2018** ലെ നീക്കിയിരുപ്പ് തുകയായ **22,22,74,188/-** രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്രയും തുക ലഭ്യമായിട്ടും മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. വടവ്കോട്- പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സ്ഥലം നൽകാമെന്നേറ്റിട്ടും, ആ സ്ഥലം പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ല. ഈ സ്ഥലത്ത് ആശുപത്രി പണിയുന്നതിയായി സോയിൽ ടെസ്റ്റ് നടത്തുന്നതിനും, ഡിസൈൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചുവെങ്കിലും, ആ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. സാങ്കേതികമായ ഫീസിബിലിറ്റി ഇല്ലാത്ത സ്ഥലമാണെങ്കിൽ, ആയത് ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതായിരുന്നു. അതേസമയം വടവ്കോട് ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം നഗരസഭ, ആവോലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി പണിയുന്നതിനായി സ്ഥലം ലഭ്യമാക്കാമെന്ന് രേഖാമൂലം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടായിരുന്നു. ഈ സ്ഥലങ്ങളുടെ സാധ്യതയും പരിഗണിച്ചതായി കാണുന്നില്ല.	നടപ്പിലാക്കുന്നുണ്ട് എന്നതും പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

	ഇത്രയും തുക വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സമാഹരിച്ച് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഏതാവശ്യത്തിനാണോ തുക സമാഹരിച്ചത്, പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിച്ച് തുക ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് മുഖാന്തിരം പബ്ലിക് അക്കൗണ്ട് സിസ്റ്റം നിർത്തലാക്കിയതിൽ തുക നഷ്ടപ്പെട്ടു എന്ന മറുപടിയാണ് ലഭ്യമായത് എന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ **20.07.2019** ലെ കെ.എസ്.എ/ഇ.കെ.എം/പി.ജി/**1226/19** നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.	

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 1 - ൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഓഡിറ്റ് ഖണ്ഡിക	വിഷയം	നടപടി വിവരം
	കൊല്ലം ജില്ല	
1.1	**21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല - മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലുണ്ടായ പിഴവുകൾ.** നികുതി നികുതിയേതര വരവിനത്തിലും സർക്കാർ ഗ്രാന്റിനത്തിലും ഗ്രാമപഞ്ചായത്തിന് തൻ വർഷം ലഭിച്ച 21,30,9006/- രൂപയുടെ ചെക്കുകളും ഡിഡികളും ബാങ്കിൽ ഒടുക്ക വരുത്തുന്നതിൽ ആറുമാസം മുതൽ ഒന്നര വർഷം വരെ കാലതാമസം വരുത്തി. വരുമാനത്തിന്റെ അക്കൗണ്ടിംഗ് നടപടികളിലും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തൽ ഉറപ്പാക്കുന്നതിലും സെക്രട്ടറിയുടെയും അക്കാണ്ടന്റിന്റെയും ഭാഗത്തു നിന്നുണ്ടായ ശ്രദ്ധക്കുറവ് ഗ്രാമപഞ്ചായത്തിനു വരുമാനനഷ്ടമുണ്ടാക്കിയിട്ടുണ്ട്. ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭ്യമാകുന്ന തുക 500/- രൂപയിൽ അധികമാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും ലഭിച്ച തുകകൾ പൂർണ്ണമായും ഒടുക്കുവരുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതും തകരാറുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ സെക്രട്ടറിയെ അറിയിക്കേണ്ടതും	**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്** 21,30,906/- രൂപയുടെ ചെക്കുകളും/ഡിഡികളും ഒന്നര വർഷത്തോളമായി ബാങ്ക് / ട്രഷറിയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച് പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം കണക്കാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ശാസ്താംകോട്ട ബ്രാഞ്ചിനെ സമീപിച്ചതിനെ തുടർന്ന് പലിശയിനത്തിൽ ഉള്ള നഷ്ടം 60,352/- രൂപയാണെന്ന് തിട്ടപ്പെടുത്തി നൽകിയിരുന്നെന്നും തുടർന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം പലിശയിനത്തിൽ പഞ്ചായത്തിന് ഉണ്ടായ നഷ്ടം അക്കൗണ്ടന്റിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം തുക ഒടുക്കുന്നതിനുള്ള നോട്ടീസ് അക്കൗണ്ടൻറ് ശ്രീ. സുരേഷ് കുമാറിന് നൽകിയിരുന്നുവെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത തുക ഒറ്റത്തവണ ഒടുക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് കാരണം കഴിയാത്തതിനാൽ ആയത് ആറ് മാസത്തവണകളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്ന് ശ്രീ. സുരേഷ് കുമാർ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും 15/02/2021 ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നൽകിയതിനെ തുടർന്ന് . ശ്രീ. സുരേഷ് കുമാർ 2021

	അക്കൗണ്ടന്റിന്റെ ചുമതലയാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23, 20(2) (3) എന്നിവയിൽ വ്യക്തമാക്കിയിരിക്കെ 2017 മാർച്ച് മാസം മുതൽ 2018 മാർച്ച് മാസം വരെ ലഭ്യമായ ചെക്കുകളും ഡി.ഡി.കളും ആ സാമ്പത്തികവർഷവും പിന്നിട്ട് 2015 ആഗസ്റ്റ് മാസം വരെ കൈവശം വയ്ക്കുകയും ബാങ്കിൽ സമർപ്പിക്കാതിരിക്കുകയും ചെയ്തു എന്നുള്ളത് വലിയ വീഴ്ചയാണ്. പിന്നീട് ഇവ റീവാലിഡേറ്റ് ചെയ്ത് ബാങ്കിൽ സമർപ്പിച്ചുവെങ്കിലും ഈ വിഷയം വേണ്ടത്ര ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് അധികാരികൾക്ക് കഴിഞ്ഞില്ല. ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റുമെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി, പൊരുത്തപ്പെടുത്തൽ പത്രിക അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതാണെന്നും പ്രസ്തുത പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും അക്കൗണ്ട്സ് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017 ഏപ്രിൽ മാസം മുതൽ ബാങ്കിൽ നിക്ഷേപിക്കപ്പെടേണ്ട 21,30,900/- രൂപയുടെ വിവിധ ചെക്കുകളും ഡി.ഡി.കളും സാമ്പത്തിക വർഷാവസാനം പോലും കളക്ഷനു വേണ്ടി ബാങ്കിൽ സമർപ്പിക്കാതെയാണ് "Cheques deposits but not collected" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പൊരുത്തപ്പെടുത്തൽ പത്രികകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.	മെയ്,ജൂൺ,ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ,ഒക്ടോബർ,നവംബർ എന്നീ മാസങ്ങളിലായി 60,352/- രൂപ പൂർണമായും ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിച്ചതിൻ പ്രകാരം 05/06/2024 തീയതിയിൽ അടവാക്കിയത് സംബന്ധിച്ചുള്ള രേഖകൾ ഓഫീസിൽ നേരിട്ടെത്തി ഓഡിറ്റ് വകുപ്പ് പരിശോധന നടത്തിയിട്ടുള്ളതാണെന്നും നിലവിൽ നികുതി നികുതിയേതര വരവിനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും അക്കൗണ്ടിംഗ് നടപടികളിലൂടെ സമയപരിധിക്കുള്ളിൽ തന്നെ ഒടുക്കു വരുത്തുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.2	**<u>സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചു.</u>**	**<u>കന്നുക്കര ഗ്രാമപഞ്ചായത്ത്</u>** അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോസംരംഭങ്ങൾ (പ്രോജ.നം.-

	അസി.സെക്രകട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി വഴി 15 കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡിയിനത്തിൽ യൂണിറ്റൊന്നിന് 25,000/- രൂപ നിരക്കിൽ 3,75,0000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (G.O (Ms)80/17 LSGD dated 03.04.2007) ഖണ്ഡിക 6.1.2012 ൽ സംരംഭകർക്ക് സബ്സിഡി നല്കുന്നത് സുസ്ഥിര വികസനത്തിന് കാര്യക്ഷമമായ പിന്തുണ നല്കാത്തതിനാൽ സബ്സിഡിയായി തുക നല്കുന്നതല്ലെന്നും ഖണ്ഡിക 6.2.1ൽ സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തി റിവോൾവിംഗ് ഫണ്ടായി നൽകണമെന്നും ഇത് പ്രതിമാസ തവണകളായി ഈ ആവശ്യത്തിന് നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീപ്പേയ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഖണ്ഡിക 6.2.2 ൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാർഗരേഖയിൽ മേൽപ്രകാരം വ്യക്തമാക്കിയിരിക്കെ അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അംഗീകരിക്കത്തക്കതല്ല. റിവോൾവിംഗ് ഫണ്ടായി തുക നല്കിയെന്നാണ് മറുപടി നല്കിയിട്ടുള്ളത്.	41/18) പ്രകാരം 15 കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടുകളിലേക്ക് 25,000/- രൂപ നിരക്കിൽ 3,75,000/- രൂപ കൈമാറിയിരുന്നു. ആയതിൽ മഹിമ, പൗർണ്ണമി, ഐശ്വര്യ എന്നീ യൂണിറ്റുകളിലെ അക്കൗണ്ട് നമ്പറിലെ പിശക് കാരണം 3604-6-911-99-0- N-V എന്ന സോഴ്സ് ഹെഡിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അക്കൌണ്ട് കറക്ഷൻ നടപടി ക്രമങ്ങൾ അനുവദിച്ചിരുന്ന കാലയളവിൽ ചെയ്യാതിരുന്നതു കാരണം തിരികെ വരവ് വച്ചിട്ടുണ്ട്. ബാക്കിയുള്ള 12 കുടുംബശ്രീ യൂണിറ്റുകളിൽ നാലെണ്ണം ഇപ്പോഴും സംരംഭങ്ങൾ തുടരുന്നുണ്ടെങ്കിലും "ഒരെണ്ണം കുന്നത്തൂർ സിഡിഎസ്-ൽ രജിസ്റ്റർ ചെയ്തിട്ടില്ല. ബാക്കിയുള്ള 8 കുടുംബശ്രീ യൂണിറ്റുകളിൽ 6 എണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നതും 2 എണ്ണം പ്രവർത്തന രഹിതവുമാണ്. സംരംഭം ആരംഭിക്കാത്ത 8 യൂണിറ്റുകളോടും കൈപ്പറ്റിയ 25,000/- രൂപ 18% പലിശ സഹിതം തിരികെ ഒടുക്കുന്നതിന് 02.08.2024 ന് നോട്ടീസ് നൽകിയിട്ടുള്ളതും ആയതിന് 15 ദിവസം സമയപരിധി അനുവദിച്ചിട്ടുള്ളതാണെന്നും തുക ഒടുക്കാത്ത പക്ഷം ടി യൂണിറ്റുകളിൽ നിന്നും നിയമനടപടികൾ വഴി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ-പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ	
a)	**സബ്സിഡി തുക കൈമാറി ഒരു വർഷത്തോളമായിട്ടും 2 കുടുംബശ്രീ യൂണിറ്റുകൾക്ക് തുക ലഭ്യമായിട്ടില്ല -** മേൽ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ മുഴുവൻ തുകയും ട്രഷറി മുഖേന 25, 000/- രൂപ വീതം 15 കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഐശ്വര്യ കുടുംബശ്രീ യൂണിറ്റ് - വാർഡ് 5, മഹിമ കുടുംബശ്രീ യൂണിറ്റ് - വാർഡ് 17 എന്നിവയ്ക്ക് നാളിതുവരെ തുക ലഭിച്ചിട്ടില്ല.	കുന്നത്തൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ (Project number 41/18) എന്ന പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ തുകയ്ക്കുള്ള ബിൽ 21.02.2018 ൽ ശാസ്താംകോട്ട സബ് ട്രഷറിയിൽ സമർപ്പിച്ച് അന്നേ ദിവസം തന്നെ ട്രഷറി പാസ്സാക്കി epoc ഇഷ്യൂ ചെയ്ത് നടപടി പൂർത്തീകരിച്ചിരുന്നുവെന്നും എന്നാൽ പരാമർശിത ഗുണഭോക്താക്കളുടെ അക്കൌണ്ട് നമ്പരിലെ പിശക് കാരണം അനുവദിച്ചിരുന്ന തുകകൾ അവരുടെ അക്കൗണ്ടിൽ ക്രഡിറ്റാകാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാംഖ്യ ആപ്ളിക്കേഷനിൽ തിരികെ എത്തിയിട്ടുള്ളതാണെന്നും അക്കൗണ്ട് കറക്ഷൻ നടപടിക്രമങ്ങൾ അനുവദിച്ചിട്ടുള്ള കാലയളവിൽ ടി കറക്ഷൻ ചെയ്യാതിരുന്നതാണ് ഗുണഭോക്താക്കൾക്ക് തുക ലഭിക്കാതിരുന്നതിന് കാരണമെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപ്രകാരം ടി ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയായ 75,000/-രൂപ 3604-6-911-99-0-N-V എന്ന അക്കൗണ്ട് ഹെഡ്ഡിലേക്ക് വരവ് വച്ച് സർക്കാരിലേക്ക് തിരികെ ലഭ്യമായിട്ടുള്ളതാണെന്ന പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

b)	**സംരംഭങ്ങൾ ആരംഭിക്കാതെ തന്നെ സബ്സിഡി തുക കൈമാറി -** മേൽ പദ്ധതി വഴി സബ്സിഡി നല്ലിയ 15 കുടുംബശ്രീ യൂണിറ്റുകളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന പ്രോജക്ട് പ്രൊപ്പോസൽ പ്രകാരമുള്ള സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിക്കുകയോ ചില ഗ്രൂപ്പുകൾ ബാങ്ക് ലോണെടുക്കുകയോ ചെയ്യിട്ടില്ലെന്ന് കുടുംബശ്രീ ഗ്രൂപ്പുകളെ നേരിൽ കണ്ട് ബാങ്ക് പാസ്സ് ബുക്കുകളും മറ്റും പരിശോധിച്ചതിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. പ്രോജക്ട് പ്രൊപ്പോസൽ പ്രകാരമുള്ള സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലെന്നും ഇതു വരെ തുടർന്നു വന്നിരുന്ന പ്രവർത്തനങ്ങൾ സ്വന്തം വീട്ടിലോ ഗ്രൂപ്പ് അംഗങ്ങളിൽ ആരുടെയെങ്കിലും വീട്ടിലോ നടത്തുന്നുണ്ടെന്നുമാണ് അറിയിച്ചത്. സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനം അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സംരംഭകർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജക്ട് പ്രൊപ്പോസൽ നല്ലി രജിസ്റ്റർ ചെയ്യണമെന്നും സംരംഭകർ ബാങ്ക് ലോൺ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തദ്ദേശഭരണ അനുമതികളും മറ്റ് ലൈസൻസുകളും ലഭ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട സംരംഭകരുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ റിവോൾവിംഗ് ഫണ്ട് നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുപോലും മേൽ മാനദണ്ഡങ്ങൾ പാലിക്കണമെന്നിരിക്കെ മേൽ സൂചിപ്പിച്ച	**കുന്നത്തൂർ ഗ്രാമപഞ്ചായത്ത്** അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ എന്ന പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ 3,75,000/- രൂപ 15 കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡി തുകയായി 25,000/- രൂപ വീതം അനുവദിച്ചിരുന്നത്. അതിൽ ഐശ്വര്യ മഹിമ, പൌർണ്ണമി എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് അനുവദിച്ച ആകെ തുകയായ 75,000/- രൂപ ടി ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രെഡിറ്റാകാതെ തിരികെ സർക്കാരിലേക്ക് മടക്കി ലഭ്യമായിട്ടുള്ളതാണ്. സത്യശ്രീ, ചിത്ര, കുട്ടിയമ്മ, മഹാത്മജി എന്നീ 4 കുടുംബശ്രീ യൂണിറ്റ് സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിച്ച് വരുന്നതുമാണ്. സത്യശ്രീ കുടുംബശ്രീ യൂണിറ്റ് കുടുംബശ്രീ സിഡിഎസ്-ൽ രജിസ്റ്റർ ചെയ്തിട്ടില്ല. മാതൃശ്രീ, ശ്രീദുർഗ്ഗ, സമൃദ്ധി, പുലരി, അനുഗ്രഹ, തിരുവോണം, ഹരിശ്രീ, കാരുണ്യ എന്നീ 8 കുടുംബശ്രീ യൂണിറ്റുകൾ സംരംഭം ആരംഭിച്ചിട്ടില്ല. അതിൽ കാരുണ്യ, ഹരിശ്രീ എന്നീ കുടുംബശ്രീ യൂണിറ്റുകൾ നിലവിൽ പ്രവർത്തനമില്ലാത്തതുമാണ്. സംരംഭം ആരംഭിക്കാത്ത യൂണിറ്റുകൾക്ക് തുക തിരികെ ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസി.സെക്രട്ടറി. ശ്രീ.പി.ജോണി 31.05.2019-ൽ വിരമിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ

	യാതൊരു പ്രവർത്തനങ്ങളും നടത്താത്ത ഗ്രൂപ്പകൾക്ക് ഒരു പരിശോധനയും കൂടാതെ സബ്സിഡിയായി തുക നല്ലിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.	അറിയിച്ചിട്ടുണ്ട്.
1.3	**കണക്ടിവിറ്റി ഇല്ലാത്ത റോഡിൽ ഇന്റർലോക്കിംഗ് നടത്തിയത് സംബന്ധിച്ച്.** അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം വിവിധ റോഡുകളിൽ ഇന്റർലോക്കിംഗ് നടത്തിയതിന് മെയിന്റനൻസ് ഫണ്ടിൽനിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഏതാനും സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്കുള്ള റോഡുകളിലാണ് പ്രസ്തുത ഇന്റർലോക്കിംഗ് നടത്തിയിട്ടുള്ളതെന്നും റോഡ് കണക്ടിവിറ്റി ഇല്ലാത്ത റോഡുകളാണിവയെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ടി റോഡുകളെല്ലാം തന്നെ സ്വകാര്യ വ്യക്തികളുടെ വീടുകൾക്കുമുന്നിൽ അവസാനിക്കുന്നവയാണ്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ഗ്രാമസഭാ ലിസ്റ്റിന് മുൻഗണന ലഭിക്കുകയും ചെയ്ത എന്ന കാരണത്താൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അംഗീകരിക്കാൻ കഴിയില്ലെന്നും പഞ്ചായത്തുസമിതി ഈ വിഷയത്തിൽ ഉചിതമായ നടപടിയെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.	**തുക്കോവിൽ വട്ടം ഗ്രാമപഞ്ചായത്ത്** ഓഡിറ്റ് പരാമർശം വന്നതിനെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറി നടത്തിയ സ്ഥലപരിശോധയിൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ ടി പ്രവൃത്തികൾ പൂർത്തികരിച്ചതുമൂലം പ്രദേശത്തെ ജനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരപാത ഒരുക്കാൻ സാധിച്ചിട്ടുണ്ടെന്നും, നിലവിലും യാതൊരു കേടുപാടും കൂടാതെ ടി പാതകൾ പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	പത്തനംതിട്ട ജില്ല	
1	**ആധുനിക മത്സ്യചന്തയിലെ മത്സ്യ സ്റ്റാളുകൾ വ്യാപാരികൾ ഉപയോഗിക്കുന്നില്ല.**	**കോന്നി ഗ്രാമപഞ്ചായത്ത്** കോന്നി ഗ്രാമപഞ്ചായത്തിൽ നാരായണപുരം മാർക്കറ്റിൽ

	സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 2.25 കോടി രൂപ ചെലവിട്ടാണ് കോന്നി നാരായണപുരം മാർക്കറ്റിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിച്ചത്. നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയ മത്സ്യമാർക്കറ്റിൽ 49 മത്സ്യസ്റ്റാളുകളാണ് ഉള്ളത്. ഇതിൽ 22 എണ്ണം പരമ്പരാഗത കച്ചവടക്കാർക്ക് നൽകിയ ശേഷം ബാക്കിയുള്ള സ്റ്റാളുകളാണ് ലേലത്തിൽ നൽകിയത്. എന്നാൽ നിലവിൽ രണ്ട് വ്യാപാരികൾ മാത്രമാണ് സ്റ്റാളുകൾ ഉപയോഗിക്കുന്നത്. ബാക്കിയുള്ള വ്യാപാരികൾ ആധുനിക മത്സ്യചന്തയ്ക്ക് പുറത്ത് ടാർപോളിൻ കെട്ടി പഴയത് പോലെയാണ് കച്ചവടം നടത്തുന്നത്. തെരുവോരങ്ങളിലെ അനധികൃത കച്ചവടം മൂലം തങ്ങൾക്ക് വ്യാപാരം ഇല്ലാത്ത സാഹചര്യത്തിലാണ് വാടക കൊടുത്ത് വ്യാപാരികൾ സ്റ്റാൾ ഉപയോഗിക്കാത്തതെന്നാണ് ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ അറിയാൻ കഴിഞ്ഞത്. ഇത് മൂലം കോടികൾ മുടക്കി നിർമ്മിച്ച മത്സ്യചന്തയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതെ വരുന്നു. കൂടാതെ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റ് സംരക്ഷണ ചെലവുകൾ എന്നിവക്ക് ഗ്രാമപഞ്ചായത്ത് തുക തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടി വരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്.	അനധികൃത കച്ചവടം നടത്തിയവർക്കെതിരെയും വാടക ഒടുക്കുവരുത്താത്തവർക്കെതിരെയും പലതവണ പഞ്ചായത്ത് നോട്ടീസ് നൽകി ആർ ആർ ഉൾപ്പെടെ നടപടികൾ കൈകൊണ്ടുവെങ്കിലും ടിയാളുകൾ ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുള്ളതും എന്നാൽ നിലവിൽ ടിയാളുകൾ മാർക്കറ്റിൽ കച്ചവടം ചെയ്തുവരുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യകച്ചവടം നടത്തുന്നതിന് വ്യാപാരികൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രവും, പഞ്ചായത്ത് ലൈസൻസിന് ആവശ്യമായ അനുബന്ധരേഖകളും സമർപ്പിച്ച് പഞ്ചായത്ത് ലൈസൻസോടുകൂടി സ്ഥാപനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നുണ്ടെന്നും ആയതിനാൽ മത്സ്യം വാങ്ങുന്നതിനായി മാർക്കറ്റിൽ വരുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിനാൽ ആധുനിക മത്സ്യ മാർക്കറ്റ് പലതവണ ലേലം ചെയ്യാൻ ശ്രമിച്ചുവെങ്കിലും ആരും തന്നെ സ്റ്റാളുകൾ ലേലം എടുക്കാൻ തയ്യാറായിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. 2024-25 കാലയളവിലേക്കുള്ള ലേല നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും മത്സ്യമാർക്കറ്റ് ലേലത്തിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ 26/06/2024 തീയതിയിലെ തീരുമാന പ്രകാരം മാർക്കറ്റ് സ്റ്റാൾ ക്വട്ടേഷൻ നടപടികളിലൂടെ തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള

		വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
ആലപ്പുഴ ജില്ല		
1	**ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം - പദ്ധതി ആസൂത്രണത്തിലെ പാളിച്ച-ഫണ്ട് നഷ്ടപ്പെട്ടു; അധികച്ചെലവും; സമുച്ചയ നിർമ്മാണം കേവലം രണ്ട് മുറിയിൽ ഒതുങ്ങി.** ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം (S0195/18) എന്ന സ്പിൽഓവർ പ്രവൃത്തിയുടെ അടങ്കൽ ലോകബാങ്ക് സഹായമായി ലഭിച്ച 44,58,150/- രൂപയായിരുന്നു. 2016-17-ൽ ലഭിച്ച ലോകബാങ്ക് വിഹിതത്തിൽ ഈ പ്രവൃത്തിക്കായി നീക്കിവച്ച തുകയിൽ 29,28,933/- രൂപ മാത്രമേ 2017-18 വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധിച്ചുള്ളൂ. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുണ്ടായ കാലതാമസം മൂലം ബാക്കി 15,29,217/- രൂപ തദ്ദേശ സ്ഥാപനത്തിന് നഷ്ടപ്പെട്ടു.	**തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്** ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പദ്ധതി പണം ഉപയോഗിച്ച് കൃഷി ഓഫീസ് ഉൾപ്പെടെയുള്ള ഘടകസ്ഥാപനങ്ങൾക്ക് വേണ്ടി ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനാണ് പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി പ്രകാരം ലോകബാങ്ക് വിഹിതമായി 44 ലക്ഷം രൂപയാണ് 2016-17 വർഷത്തിൽ ടി കെട്ടിടം നിർമ്മിക്കുന്നതിനായി വകയിരുത്തിയിരുന്നത്. ലോകബാങ്ക് വിഹിതമായി ലഭിക്കേണ്ട തുക 2016 17 സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതിനാൽ ടി ഫണ്ട് ഉപയോഗിച്ച് നിർമിക്കാൻ കഴിയുന്ന കെട്ടിടത്തിന്റെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത് എസ്റ്റിമേറ്റ് പ്രകാരം ബഹുനിലകെട്ടിടം നിർമ്മിക്കാൻ കഴിയുന്ന തരത്തിലുള്ള ഫൗണ്ടേഷനോട് കൂടിയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ബഹുനില കെട്ടിടത്തിനായി നിർമ്മിച്ചിട്ടുള്ള ടി കെട്ടിടത്തിന്റെ പൈലിംഗിനും ഫൌണ്ടേഷനും വേണ്ടിമാത്രം 27,54,158/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് തുകയ്ക്കുള്ളിൽ നിന്നു കൊണ്ട് നിർമ്മിക്കാൻ കഴിയുന്ന രണ്ടു മുറി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം കെട്ടിടത്തിന്റെ മുകൾ നിലയിലേക്കുള്ള നിർമ്മാണം ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ടി കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന്റെ ഭാഗമായി ഭരണ സമിതി തീരുമാന പ്രകാരം നിലവിൽ പകൽവീടായി പ്രവർത്തിച്ച് വരുകയുമാണെന്നും ടി സ്ഥലത്ത് പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടം കൂടാതെ

		ഗ്രാമപഞ്ചായത്തിന്റെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, ടേക്ക് എ ബ്രേക്ക്, ടോയ്ലറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	a) <u>സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിട്ടില്ല</u> കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ ഈ സ്ഥലം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏകദേശം 10 സെന്റിൽ കൂടുൽവരുന്ന പഞ്ചായത്തിന്റെ ഈ പുറമ്പോക്ക് സ്ഥലം അളന്ന് നിശ്ചയിച്ച പഞ്ചായത്തിന്റെ പേരിലാക്കി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.	തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് തോടായിരുന്നതും ദേശീയ ജലപാത 3-ന്റെ ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയിട്ടുള്ളതുമായ 10 സെന്റ് സ്ഥലത്താണ് പദ്ധതി പ്രകാരം കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ടി സ്ഥലം വില്ലേജ് രേഖകളിൽ സർവ്വേ നമ്പർ 524/1 സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള 4.65 ആർസ് പുറമ്പോക്ക് തോടാണ്. ആയത് പ്രകാരം ടി സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	b) <u>സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ കാലതാമസം</u> വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുക എന്നതായിരുന്ന പദ്ധതി. 2016-17 ൽ അംഗീകാരം ലഭിച്ച ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായ സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്ക് ഒരു വർഷത്തോളം സമയം എടുത്തു. ഈ കാലതാമസം ഫണ്ട് ലാപ്സാകുന്നതിന് ഒരു കാരണം ആയി. എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരം ആണ് സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ നടത്തിയത്. 25.05.17 ലെ സോയിൽ ടെസ്റ്റ് റിസൾട്ട് പ്രകാരം 3 നിലയുള്ള	തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം എന്ന പദ്ധതി 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരുന്നതാണ്. സാമ്പത്തിക വർഷം അവസാനം എടുത്തിട്ടുള്ള ടി പ്രവർത്തിക്ക് 25/01/2017 ൽ സോയിൽ ടെസ്റ്റ് നടത്തുന്നതിനായി തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിന് കത്ത് നൽകിയിരുന്നു . ആയത് പ്രകാരം സോയിൽ ടെസ്റ്റിനായി തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ് ആവശ്യപ്പെട്ടിരുന്നത് 1,24,775 /- രൂപയാണ്. ഇതിൽ 83,663 /- രൂപ 23.03.2017 ൽ നൽകുകയും ബാക്കി തുകയായ 41,112/- രൂപ 21.10.2017 ൽ നൽകുകയും ചെയ്തു . ട്രഷറി നിയന്ത്രണം കാരണമാണ് തുക നൽകാൻ താമസിച്ചത്. 25.05.2017 ൽ സോയിൽ ടെസ്റ്റ് ലഭിച്ചപ്പോൾ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി

	കെട്ടിടസമുച്ചയത്തിന് പൈലിംഗ് ആവശ്യമാണ് എന്നും വ്യക്തമാക്കിയിരുന്നു. തുടർന്ന് സ്ട്രക്ചറൽ ഡിസൈൻ ആവശ്യമായി വന്നു. അവിടെയും അകാരണമായി 6 മാസത്തിൽ കൂടുതൽ കാലതാമസം സംഭവിച്ചു.	സാങ്കേതിക അനുമതിക്കായി അയച്ചിരുന്നു എന്നാൽ ടി പ്രവർത്തിക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ആവശ്യമാണെന്ന് എക്സിക്യൂട്ടീവ് എൻജിനിയർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 01.11.2017.ൽ തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിലേക്ക് കത്ത് നൽകുകയും, ഇതിനായി അവർ ആവശ്യപ്പെട്ട ഫീസായ 50,000/- രൂപ 22.12.2017 ൽ നൽകുകയും, 09.01.2018 ൽ തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിൽ നിന്നും സ്ട്രക്ച്ചറൽ ഡിസൈൻ ലഭിക്കുകയും ചെയ്തു. 10.01.2018 ൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിയ്ക്കായി അയച്ചിരുന്നു. തുടർന്ന് 24.01.2018 ൽ സാങ്കേതിക അനുമതിലഭിച്ചു. 24.01.2018.ൽ സാങ്കേതിക അനുമതി ലഭിച്ച പ്രവർത്തി 25.01.2018 ൽ തന്നെ ഈ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പ്രവർത്തി സംബന്ധിച്ച് ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>c) പദ്ധതി നടപ്പാക്കാൻ നിർമ്മിതികേന്ദ്രത്തിനെ ഏല്പിക്കാൻ വൈകിയവേളയിലെ തീരുമാനം പിന്നീട് ഉപേക്ഷിച്ചു.</u> 20017 ഡിസംബറിനകം പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുമെന്നതിനാൽ ടെണ്ടർ നടപടി ഒഴിവാക്കിക്കൊണ്ട് പ്രസ്തുത പ്രവൃത്തി നിർമ്മിതികേന്ദ്രയെ ഏല്പിക്കാൻ 27.11.2017 ലെ 1 (1) കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നൽകി. എന്നാൽ തുടർനടപടി ഫയലിൽ ഇല്ല. അക്രഡിറ്റഡ് ഏജൻസിക്ക് തുക മുഴുവനായി ഡെപ്പോസിറ്റ് ചെയ്യുന്നതിലെ സാങ്കേതിക തടസ്സമാണ് ആ ശ്രമത്തിൽ നിന്നും പിന്മാറാൻ കാരണമായത് എന്ന്	2017 ഡിസംബറിനകം പദ്ധതി പൂർത്തീകരിച്ചിട്ടില്ലയെങ്കിൽ ഫണ്ട് നഷ്ടപ്പെടും എന്ന സാഹചര്യത്തിൽ ടെൻഡർ നടപടികൾ ഒഴിവാക്കിക്കൊണ്ട് ഈ പ്രവർത്തി നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രത്തിന് കത്ത് നൽകുകയും എന്നാൽ തുക മുഴുവനായി ഡെപ്പോസിറ്റ് ചെയ്യുന്നതിലെ സാങ്കേതിക തടസ്സം മൂലം ആയത് നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 25.1.2018 ൽ ടി പ്രവർത്തി നടപ്പിലാക്കുന്നതിനായി ഇ- ടെൻഡർ ക്ഷണിക്കുകയും ആയത്

	ഉദ്യോഗസ്ഥർ വാക്കാൽ അറിയിച്ചു. സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്ക് ഒരു വർഷം നഷ്ടപ്പെടുത്തിയ ശേഷമാണ് പദ്ധതി നടപ്പാക്കാൻ നിർമ്മിതികേന്ദ്രത്തിനെ ഏൽപ്പിക്കാൻ തീരുമാനിച്ചത്. പദ്ധതി അംഗീകാരം ലഭിച്ചപ്പോൾ തന്നെ ഈ തീരുമാനം എടുത്ത് തുക ഡെപ്പോസിറ്റ് നല്ലിയിരുന്നെങ്കിൽ നിയമാനുസൃതം ഗഡുക്കളായി തുക അനുവദിക്കാനും ഫണ്ട് ലാപ്സാകാതെ പ്രവൃത്തി നടപ്പാക്കാനും സാധിക്കുമായിരുന്നു.	പ്രകാരം കരാറുകാരൻ 22.2.2018 കരാറിൽ ഏർപ്പെട്ട് പ്രവർത്തി ആരംഭിച്ചിട്ടുള്ളതാണെന്ന പ്രിൻസിപ്പൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
	d) ടെണ്ടർ നടപടി സ്വീകരിക്കൽ നിർമ്മിതി കേന്ദ്രയെ ഏല്പിക്കുന്ന നടപടിയിൽ നിന്ന് പിന്മാറി വീണ്ടും ടെണ്ടർ നടപടിയിലേക്ക് പോകാൻ 25.01.2018 ന് തീരുമാനിച്ചതിൽ പ്രകാരം അന്നുതന്നെ ഇ-ടെണ്ടർ ക്ഷണിച്ചു.	24.01.2018.ൽ സാങ്കേതിക അനുമതി ലഭിച്ച പ്രവർത്തി കാലതാമസം ഒഴിവാക്കുന്നതിനായി 25.01.2018 ൽ തന്നെ ഇ-ടെണ്ടർ ക്ഷണിക്കുകയും 20.02.2018-ലെ 2-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	e) ഫണ്ട് ചെലവഴിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു; 2017-18-ൽ 27.5 ലക്ഷം മുടക്കി പൈലിംഗ് മാത്രം നടത്തി. 15.29 ലക്ഷം നഷ്ടപ്പെട്ടു. 44,28,150/- രൂപ എസ്റ്റിമേറ്റ് എടുത്ത ഈ പ്രവൃത്തിക്ക് 14.2.2018 ൽ 40,03,404/- രൂപയിൽ ടെണ്ടർ സമർപ്പിച്ച ശ്രീ.ലാൽജി, ആലപ്പുഴയ്ക്ക് കരാർ ഉറപ്പിച്ച് നല്കുയും 22.2.2018 -ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക വർഷാവസാനം പ്രവൃത്തി ആരംഭിച്ചതിനാൽ പൈലിംഗ് മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. 27,54,158/-	25/01/2018 ഇ-ടെണ്ടർ നടത്തിയ പ്രവർത്തി 14/2/2018 ൽ തുറന്ന് പരിശോധിക്കുകയും 20/2/2018 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിക്കുകയും 22/2/2018 കരാർ വെക്കുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തു കോൺക്രീറ്റ് പൈലിംഗ് ഉള്ള പ്രവർത്തി ആയതിനാൽ സ്പെസിഫിക്കേഷൻ പ്രകാരം പൈൽ ടെസ്റ്റ് നടത്തിയതിന് ശേഷം മാത്രമേ തുടർ പ്രവർത്തികൾ നടത്താൻ കഴിയുമായിരുന്നുള്ളൂ. 2017-18 സാമ്പത്തിക വർഷത്തിൽ 37 ദിവസം മാത്രമേ പ്രവർത്തി നടത്താൻ ലഭിച്ചുള്ളൂ. ടി ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ടി

	രൂപയാണ് പൈലിംഗിനായി മാത്രം 2017-18-ൽ ചെലവഴിച്ചത്. ലോകബാങ്ക് വിഹിതം ചെലവഴിക്കുന്നതിനുള്ള സമയപരിധി 31.3.2018 ൽ അവസാനിക്കുകയും ഈ പ്രവൃത്തിക്കായി വകയിരുത്തിയിരുന്ന ബാക്കി ഫണ്ട് നഷ്ടപ്പെടുകയും ചെയ്തു.	പ്രവർത്തിയുടെ പൈലിംഗും ഫൌണ്ടേഷനും ഉൾപ്പെടെയുള്ള പ്രവർത്തികൾ പൂർത്തീകരിച്ച് 27,54,158/- രൂപാ വേൾഡ് ബാങ്ക് ഫണ്ട് ഇനത്തിൽ ചിലവഴിക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. ലോകബാങ്ക് വിഹിതം ഉപയോഗിക്കുന്നതിന്റെ കാലാവധി 2018 മാർച്ച് 31 ന് അവസാനിച്ചതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ ടി എസ്റ്റിമേറ്റിലെ ബാക്കി പ്രവർത്തികൾ വികസന ഫണ്ട് 10,54,855/- രൂപ ഉപയോഗിച്ച് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>f) രണ്ട് മുറികൾ ഉള്ള ഗ്രാണ്ട്ഫ്ലോർ മാത്രം നിർമ്മിച്ച പദ്ധതി</u> **<u>അവസാനിപ്പിച്ചു.</u>** എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മൂന്ന് നിലകളുള്ള ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനാണ് സോയിൽ ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൈലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യതും വിവിധ കാരണങ്ങൾക്കായി ഏകദേശം ഒരു വർഷത്തിലേറെ സമയം പാഴാക്കിയതും. എന്നാൽ സ്ഥലപരിശോധനയിൽ നിലവിൽ രണ്ടു മുറികൾ ഉൾപ്പെടുന്ന ഗ്രാണ്ട് ഫ്ലോർ മാത്രമുള്ള ചെറിയ കെട്ടിടം 2018-19 ൽ നിർമ്മിച്ച് പ്രവൃത്തി പൂർണ്ണമാക്കുകയാണ് ഉണ്ടായത്. ലോകബാങ്ക് ഫണ്ട് നഷ്ടപ്പെട്ടതിനാൽ 2018-19 ൽ വികസനഫണ്ട് 10,54,855/- രൂപയാണ് ഇതിനായി ചെലവഴിച്ചത്. നിലവിൽ ഒരു ഓഫീസും ഇവിടെ പ്രവർത്തിക്കുന്നില്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ ഇവിടേക്ക് മാറ്റാനും വരും വർഷങ്ങളിൽ പ്രവൃത്തി	കൃഷിഭവൻ, മൃഗാശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് ഈ സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ മൂന്ന് നിലകളുള്ള കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് തീരുമാനിച്ചത്. ഇതിനായി നീക്കിവെച്ച തുക വളരെ കുറവായിരുന്നതിനാൽ നിലവിൽ ലഭ്യമായ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും തുടർന്നുള്ള വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ പ്രവർത്തനം നടത്താം എന്നുള്ള ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ടു മുറികൾ മാത്രമുള്ള കെട്ടിടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ബഹുനില കെട്ടിടം നിർമ്മിക്കുന്നതിന് പര്യാപ്തമായിട്ടുള്ള ഫൌണ്ടേഷനാണ് നിർമ്മിച്ചിട്ടുള്ളതെന്നതിനാൽ തുടർന്ന് പഞ്ചായത്തിന്റെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മുകളിലേക്കുള്ള നിർമ്മാണം സാധ്യമാക്കാൻ കഴിയുന്നതാണ്. ലോകബാങ്ക് വിഹിതം ഉപയോഗിക്കുന്നതിന്റെ കാലാവധി 2018 മാർച്ച് 31 ന് അവസാനിച്ചതിനാലാണ് എസ്റ്റിമേറ്റ്

	തുടർന്ന് നടപ്പാക്കി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുമാണ് ലക്ഷ്യമിടുന്നത് എന്ന് എക്സിറ്റ് മീറ്റിംഗിൽ മെമ്പർ അറിയിച്ചു. ചതുപ്പ് സ്ഥലത്ത് ബഹുനിലക്കെട്ടിടം നിർമ്മിക്കുക എന്ന ആശയത്തിൽ നിന്ന് മാറി ഈ സ്ഥലത്ത് ഒറ്റ നിലയുള്ള 6-7 മുറികൾ ഉള്ള കെട്ടിടം ഈ ഫണ്ടുപയോഗിച്ച് തന്നെ പൂർത്തിയാക്കാവുന്നതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ചതുപ്പായ ഇപ്രകാരമുള്ള സ്ഥലത്ത് ബഹുനിലക്കെട്ടിടം നിർമ്മിക്കുന്നതിന് പൈലിംഗിനായി മാത്രം കോടികൾ മുടക്കേണ്ടി വരുമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് പദ്ധതി ഭേദഗതി വരുത്തി നടപ്പാക്കിയിരുന്നെങ്കിൽ കൃഷിഭവന് സ്വന്തം കെട്ടിടവും പഞ്ചായത്തിന് വരുമാന പ്രദമായ നിരവധി കടമുറികളും യാഥാർത്ഥ്യം ആകുമായിരുന്നു. പദ്ധതി ആസൂത്രണം, വിശദവും വ്യക്തവുമായ പഠനം, യുക്തിസഹമായ തീരുമാനം എന്നിവയുടെ അഭാവവും പാളിച്ചയുമാണ് ഫണ്ട് ലാപ്സാകുന്നതിനും അധികച്ചെലവിനും കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.	പ്രകാരമുള്ള ബാക്കി വന്ന പ്രവർത്തി വികസന ഫണ്ട് 10,54,855/- രൂപാ കൂടി ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന് സ്ഥലപരിമിതി ഉള്ളതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം നിലവിൽ പകൽവീടായി പ്രവർത്തിച്ച് വരുകയാണ്. ഗ്രാമപഞ്ചായത്ത് ബഹുനിലകെട്ടിടത്തിന് പകരമായി 6-7 മുറികളുള്ള ഒറ്റ നില കെട്ടിടം നിർമ്മിക്കുന്നതായിരുന്നു ഉചിതമെന്ന് ഓഡിറ്റിൽ പരാമർശിക്കുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞ സാഹചര്യത്തിൽ പൈലിംഗ് അടക്കം നിർവ്വഹിച്ച് പൂർത്തീയാക്കിയ നിലവിലുള്ള കെട്ടിടത്തിന് മുകളിലായി ഫണ്ട് ലഭ്യത അനുസരിച്ച് കെട്ടിടം വിപുലീകരിക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250